PROCEEDINGS
of
THE TRAVANCORE REPRESENTATIVE BODY

OFFICIAL REPORT.

SECOND MEETING.

Monday the 12th April 1948|30th Meenam 1123.

The Representative Body met in the Legislative Chamber Trivandrum, at eleven of the clock, on Monday the 12th April 1948/30th Meenam 1123 with the President (The Honourable Mr. A. J. John) in the Chair

RULES OF THE REPRESENTATIVE BODY—(*Contd*).

MR. PAUL THALIAT (*Parur III—General*): സർ, ഒരു Point of Order മെമ്പറന്മാരുടെ പ്രസംഗങ്ങൾക്ക് ഒരു സമയക്രമം ചെയ്തു വെച്ചിട്ടുണ്ടായാൽ കൊള്ളാം.

MR. PRESIDENT: മെമ്പറന്മാരുടെ പ്രസംഗം തുടങ്ങിയിട്ടേ ഉള്ളൂ. അധികം സമയം എടുക്കുകയാണെങ്കിൽ അപ്പോൾ വെളിച്ചം തരാം. സാധാരണ അഞ്ചു മിനിട്ടോ പത്തു മിനിട്ടോ സമയം ഉപയോഗിക്കുന്നതു സൗകര്യമായിരിക്കും.

ഒരു-മത്തെ വകുപ്പിന്, മി. രാമകൃഷ്ണപിള്ള അയച്ചിട്ടുള്ള ഭേദഗതിയെ സംബന്ധിച്ചു സംസാരിക്കാൻ ആഗ്രഹിക്കുന്നവർ അറിയിക്കാരം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

Rule 25.

MISS. ANNIE MASCARENE (*Trivandrum I—Latin Catholic Reserved*): This Rule corresponds with the Rule made by the Indian Constituent Assembly which runs as follows:—

> "In the Assembly business shall be transacted in Hindustani, or English provided the Chairman may permit any member etc."

From that Rule it is clear that the necessity to include English in the business transacted in the Assembly was felt, realised and appreciated by the Indian Constituent Assembly. The reason is, if I am correct in my understanding, they wanted to provide for the contingency that may arise in future. For instance in India as well as in Travancore and in Ceylon there is a Community called the Anglo-Indians and if in the future any member is to be elected from that Community for the Constituent Assembly or Legislature—their mother tongue is English—provision has to be made for their convenience. Perhaps with that intention the Indian Constituent Assembly has made this rule. In Ceylon too, where a National Government is functioning today, the Legislature has adopted English as one of the languages besides Tamil and Sinhalese. Therefore it is necessary in Travancore where we have a community called the Anglo-Indian, for their convenience at least, the English language is to be included in the list of languages to be used in the Assembly. To confine ourselves to vernaculars is to confine ourselves to regional barriers, regional isolation, so as to bar us from all intercourse with the rest of India or the world, so far as language is concerned. Today we have not got a common language for India. Suppose one part of India wishes to have correspondence with any other part or any other State, as a matter of fact, if Travancore wishes to have commercial or diplomatic relations with the rest of India, I would ask my esteemed friend Mr. Ramakrishna Pillai what language would be adopted by the members of this House. I would like to ask him whether he had ever given a single thought for the Anglo-Indian Community. Therefore, it is not proper that we should confine ourselves within linguistic barriers when we are laying down a constitution for generations to come. In this historic era when political conflagrations are taking place and democratic institutions are being given shape and form, is it proper that we should confine ourselves within linguistic barriers and talk only in that language which is the mother tongue of the population here. If any importance is to be attached to tradition, custom, and precedence, in legislation due considerations should be given to English language after giving full consideration to Malayalam and Tamil. Moreover it is a language which has resounded within these walls, has inspired us with noble emotions, and patriotic sentiments and is rich in legal wisdom. We are laying the foundation of a democratic institution not for today or tomorrow but for all time, for generations to come. There is a sacred duty resting on us not to confine them to one language;

LIBRARY ARCHIVES Kerala Legislative Assembly

we are ignoring the international current, the influence of which is manifest throughout the world.

What about future considerations ? We can be more or less sure in this progressive age that this age will be followed by a more progressive age and that the future generations are not going to sacrifice their intelligence in the tombs of their fore-fathers as we have not done ourselves. Therefore, it is necessary that legal wisdom and for that matter political wisdom demand that we should provide for the English language. If I have understood the turn of political events, the turn of international politics—I may be subjected to correction—demands that we should provide for English language. If I am wrong I am willing to be corrected. The turn of international politics in the face of advanced and advancing science which has conquered time and space, the international current of culture which is sweeping all over the world—I do not think these factors are going to exempt this sub-continent from their impacts. The wave of international current of culture is bound to sweep over States drowning within whose surging billows regional isolation and linguistic barriers ultimately to create one world, one Government "the Parliament of man and the Federation of the world," as dreamed of by that great political philosopher, the Premier of India, Pandit Jawaharlal Nehru.

In the framing of our constitution occasions may arise to refer to constitutional documents of England, America, France, and Switzerland written in English. Then I would ask my esteemed friends Mr. Ramachandran and Mr. Ramakrishna Pillai if such references are to be made in what language are we to refer? Therefore, if English is now adopted as one of the languages—not the main language—but as a secondary language we will have a legitimate provision to refer to those documents without obstruction. I would appeal to the sentiments, the patriotic sentiments, the international sympathy of this august assembly to make provision in its rules that we are making today, for tomorrow and for generations to come to include the English language. I do revere my mother tongue with sweeping bows and flowing courtesies in paying obeisance to my mother tongue. I again appeal to this august assembly here to adopt this language in the transactions of its business so that the future generations may not be constrained to change the rule that we have made. Lastly I wish to remind my esteemed friends here that as long as we have adopted the English language in the curriculam of our education, when the University education is so advanced in this State, when the English language is still used and taught in the schools and colleges that it would be wrong to do away with this language unless we have done away with it in our schools and colleges. Here in this Assembly itself there is a vast majority of my friends, a sweeping majority who can understand well and speak the English language. Some of them can use the language in distinguished oratory. Thus

LIBRARY ARCHIVES Kerala Legislative Assembly

[Miss. Annie Mascarene.]

we can see that by tradition, custom, precedence and for the usefulness and convenience of our work here, in political experience, political wisdom, political justice and political foresight, it would be only in the fitness of things to adopt English at least as a secondary language in the transactions of the business of this House.

MR. K. S. JOSEPH: (*Thiruvella VI—General*)Sir, most of the speakers including the mover of the amendment seem to have lost the import of the amendment. It is a very important question whether we shall ostracise the English language. When we consider the rules of procedure of this House the question is not whether we should encourage our mother tongue. The real question is whether we should ostracise English or whether we should insist that we should speak only in Malayalam or Tamil. The other day some of my Tamil friends told me that the first rate literary Malayalam used here was not understood by them. Simple Malayalam is I feel out of date now or scarcely used. Simple Malayalam and simple Tamil are understood by either sections. But literary Malayalam or literary Tamil used here are not understood by the people who talk either language. I am afraid that there will be more people in the House who understand English than those who understand both Malayalam and Tamil.Yes, I challenge the amendment. The question is whether we should ostracise English and speak only Malayalam and Tamil. This is a very important question, Sir, If we decide that we should speak only in Malayalam and Tamil the question is in which language we must have the original. If it is in Malayalam and a translation of it is made in Tamil, the Tamil friends particularly Tamil Pandits, would say that the interpretation is not correct.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): മന്ത്രി, ഇവിടെ സംസാരിക്കുന്നതിനെ സംബന്ധിച്ച് മാത്രമാണെന്നും Original ഏത് ഭാഷയിലായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചല്ലെന്നും അറിയാമോ ?

MR. K. S. JOSEPH: Sir, I beg to differ from my friend.

The question is whether one should or should not ostracise the English language.

I would also bring forward another very important point. We have said that our idea is to have Responsible Government under the aegis of His Highness the Maharaja. In other words, the constitution that we think of is very closely connected with the English Constitution. Very often we will have to make reference to the English and other constitutions. For that reason it is very necessary that we should have English also as one of the languages to be used here. The original of the constitution should be in English. I do not wish to take more time of the House.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. ELANKATH: (*Trivandrum IV—General*) സർ, ഞാൻ ഭേദഗതിയെ എതിർക്കുകയാണു ചെയ്യുന്നതു്. ഭേദഗതി അവതരിപ്പിച്ച മി. രാമകൃഷ്ണപിള്ളയും അദ്ദേഹത്തെ അനുകൂലിച്ച എന്റെ മറ്റു ചില മാന്യ സ്നേഹിതന്മാരും ദേശിയ ഭാഷയുടെ പേരിലും മാതൃഭാഷയോടുള്ള സ്നേഹത്തിന്റെ പേരിലും മാതൃമാണു് തമിഴും മലയാളവും മാത്രമേ ഇവിടെ സംസാരിക്കാൻ പാടുള്ളൂ എന്നു പറഞ്ഞതു്. അവതാരകനും മറ്റു മെമ്പറന്മാരും അവരുടെ പ്രഭാഷണങ്ങളും നടത്തുമ്പോൾ ഒരു സംഗതി വിസ്മരിച്ചു തായി എനിക്കു തോന്നുന്നു. അതായതു് മലയാളമോ തമിഴോ ഇവിടെ നിരോധിക്കുകയും ഇംഗ്ലീഷിൽ മാത്രമേ ഇവിടെ പ്രസംഗിക്കാൻ പാടുള്ളൂ എന്നും വ്യവസ്ഥചെയ്തിട്ടുള്ളതെന്നവർ തെറ്റിധരിച്ചതുപോലെ തോന്നിപ്പോകുന്നു. നടപടികൾ ഇംഗ്ലീഷിലെ പാടുള്ളൂ എന്നും മലയാളത്തിലോ തമിഴിലോ പാടില്ലെന്നായിരുന്ന വ്യവസ്ഥയെങ്കിൽ അവരുടെ വാദങ്ങൾക്കും അവരുടെ ശക്തിയായ പ്രഭാഷണങ്ങൾക്കും എന്തെങ്കിലും പ്രസക്തി ഉണ്ടായിരുന്നേനെ. നേരേമറിച്ചു് മലയാളത്തിനും തമിഴിനും പ്രാധാന്യം നൽകിക്കൊണ്ടതന്നെ ഇംഗ്ലീഷിലും പ്രസംഗിക്കാമോ പാടില്ലയോ എന്നുള്ളതാണു് ഇവിടെ വാദവിഷയമായിട്ടുള്ളതു്. മലയാളഭാഷയോടുള്ള സ്നേഹം മറ്റാരു മെമ്പറേക്കാളും എനിക്കു കുറവല്ല. മറ്റൊരു മാന്യ മെമ്പർ പറഞ്ഞതുപോലെ കാഴ്ച്ചക്കുമതയെ സ്വാരമായി സ്പർശിക്കുമെന്നു സംശയമുണ്ടെങ്കിൽ അതിനെ ഹനിക്കുവാൻ കാരണമാകുന്ന അവജ്ഞയോ വൈരമോ ഏതെങ്കിലും ഭാഷയുടെ പേരിൽ കൊണ്ടുവരാമോ എന്നു ചിന്തിക്കേണ്ടതാണു്. എന്റെ മാന്യ സ്നേഹിതൻ മി. സി. നാരായണപിള്ള ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇംഗ്ലീഷു് ഭാഷ ഇവിടെ ഉപയോഗിക്കുന്നവരെല്ലാം അഥവാ ഉപയോഗിക്കാമെന്നു വാദിക്കുന്നവരെല്ലാം അടിമത്വത്തിന്റെ ചങ്ങലയെ ചുംബിക്കാൻ ശ്രമിക്കുന്നവരാണോ എന്നു ഞാൻ ചോദിക്കുന്നു, അദ്ദേഹം കയ്യിൽ കെട്ടിയിരിക്കുന്ന റിസ്റ്റുവാച്ചു്, സ്വിറ്റ്സർലണ്ടിൽ ഉണ്ടാക്കിയതാണെങ്കിൽ, അദ്ദേഹം സ്വിറ്റ്സർലണ്ടിന്റെ അടിമത്വ ചിഹ്നത്തെ ചുംബിക്കുകയല്ലേ എന്നു്. അദ്ദേഹം ഉപയോഗിക്കുന്ന ഫൗണ്ടൻ പേന തിരുവിതാംകൂറിലുണ്ടാക്കീട്ടുള്ളതല്ലെങ്കിൽ അതു് നിർമ്മിച്ച രാജ്യത്തിന്റെ അടിമയാണോ അദ്ദേഹമെന്നു് ഞാൻ ചോദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: വിദേശിയർക്കും കായ്ക്ഷമതയില്ലേ? ദേശീയ കായ്ക്ഷമതയ്ക്കും വിദേശീയ കായ്ക്ഷമതയ്ക്കും വ്യത്യാസമുണ്ടോ?

MR. K. R. ELANKATH: എന്തായിരുന്നാലും കായ്ക്ഷമതയ്ക്ക് പ്രാധാന്യം കൊടുക്കേണ്ടതുതന്നെയാണ്. അതോടുകൂടി.

MR. K. K. CHELLAPPAN PILLAI: എന്നാൽ കായ്ക്ഷമതയ്ക്കുവേണ്ടി ഇവിടെ വിദേശീയ ഗവണ്മെൻറ് വരണമെന്നു മെമ്പർ ആഗ്രഹിക്കുന്നുണ്ടോ ?

MR. K. R. ELANKATH: തീച്ചയായും ഇല്ല. മി. ചെല്ലപ്പൻ പിള്ള മി. ജോസഫിനോടു ചോദിക്കുകയുണ്ടായി ഇവിടെ മലയാളത്തിലും തമിഴിലും സംസാരിക്കണമെന്നമാത്രമല്ലേ വാദം, കാൺസ്റ്റിറ്റ്യൂഷൻ എഴുതി ഉണ്ടാക്കുന്നതു് ഇംഗ്ലീഷിൽ പാടില്ലെന്നില്ലല്ലോ എന്നു്.

MR. K. K. CHELLAPPAN PILLAI: ഞാൻ അങ്ങനെ പറഞ്ഞില്ല.

MR. K. R. ELANKATH: അങ്ങനെ പറഞ്ഞില്ലെങ്കിലും അതായിരുന്നു ആ ചോദ്യത്തിലെ ധ്വനി.

MR. G. RAMACHANDRAN (*Neyyattinkara III—General*): സ്റ്റേറ്റ് മെൻറില്ലാതെ ധ്വനി വരുന്നതല്ലല്ലോ. മാത്രമല്ല അങ്ങനെ പറഞ്ഞില്ലെന്നു പറയുമ്പോൾ പിന്നെ ധ്വനിക്കു പ്രസക്തിയുമില്ല.

MR. K. R. ELANKATH: ഏതായാലും അർത്ഥമില്ലാതെ ചോദ്യങ്ങൾ ചോദിക്കുന്ന ഒരു ആളല്ല മി. ചെല്ലപ്പൻ പിള്ള എന്നാണു് എന്റെ വിശ്വാസം. ഞാൻ പറഞ്ഞുവന്നതു് ഈ ഭാഷാഭിമാനം നമുക്കെല്ലാവർക്കും ഒരുപോലെ ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽ അതുനിമിത്തം കായ്ക്ഷമതയ്ക്കു തരുക്കേടു വരരുതു്. നമ്മുടെ ഇപ്പോഴത്തെ ആവശ്യങ്ങൾ മലയാളഭാഷകൊണ്ടു മാത്രം നിറവേറ്റാനുതകുവണ്ണം അത്ര സമ്പന്നമല്ല നമ്മുടെ ഭാഷ.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): ഭാഷാഭിമാനം ഉള്ളതുകൊണ്ടാണോ മലയാളഭാഷ ദരിദ്രയാണെന്നു പറഞ്ഞതു്.

MR. K. R. ELANKATH: നമ്മുടെ ഇപ്പോഴത്തെ ആവശ്യങ്ങൾക്കുതകുവണ്ണം സമ്പന്നമല്ലെന്നു ഞാൻ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. G. RAMACHANDRAN : മലയാളത്തിനുവേണ്ടി വളരെ വാദിക്കുകയും ഇതുവരെ, ഇംഗ്ലീഷിൽ പ്രസംഗിക്കാൻ പാടില്ലെന്നുള്ള നിയന്ത്രണം ഇല്ലാതിരുന്നതുകൊണ്ട് ഇംഗ്ലീഷിൽ സംസാരിക്കാനിടയായതിൽ ഖേദിക്കുകയും ചെയ്യുകാണുന്നു. അങ്ങനെ നിയന്ത്രണമില്ലാതിരുന്നാൽ തന്നെയും മലയാളത്തിൽ സംസാരിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ട് അദ്ദേഹം മലയാളത്തിൽതന്നെ സംസാരിക്കേണ്ടതായിരുന്നു. അങ്ങിനെയായിരുന്നു തന്റെ മാതൃഭാഷാസ്നേഹം അദ്ദേഹം പ്രകടമാക്കേണ്ടിയിരുന്നത്. ഏതായാലും ഈ വ്യവസ്ഥകൊണ്ട് മലയാളത്തിൽ സംസാരിക്കാൻ യാതൊരു പ്രതിബന്ധവുമില്ല. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ ഞാൻ അതിനെ എതിർക്കുമായിരുന്നു. എന്തായാലും ഒരു അഖിലലോകഭാഷയായ ഇംഗ്ലീഷിനെ അത്ര എളുപ്പത്തിൽ നിരാകരിക്കാൻ സാധിക്കുന്നതല്ല. നമ്മുടെ കാര്യങ്ങൾ മറുള്ളവരെ അറിയുന്നതു് ഈ രാജ്യത്തിനു പുറത്തുള്ളവരെ അറിയിക്കണമെങ്കിൽ ഇംഗ്ലീഷു് കൂടാതെ കഴിയുന്നതല്ല. മഹാത്മാഗാന്ധിതന്നെ അഖിലേന്ത്യാ പ്രാധാന്യമോ അഖിലലോക പ്രാധാന്യമോ ഉള്ള കാര്യങ്ങൾ സംസാരിക്കുമ്പോഴും പൊതുസമ്മേളനങ്ങളിലും ഇംഗ്ലീഷിലേ സംസാരിക്കാറുണ്ടായിരുന്നുള്ളൂ. ഇതുകൂടി പ്രസ്താവിച്ചുകൊണ്ട് ഞാൻ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*): Sir, I have great respect for the mother tongue and I am just as anxious as the advocates of the mother tongue to work for the cause of the mother tongue. The question actually confronting the Assembly here is not to implement ways and means of improving the language at this juncture but to decide whether one should adopt English also in the deliberations of the Constituent Assembly. As Mr. P. T. Chacko said the other day, English as we all know is an international language. Though we have great admiration and love for our mother tongue, political, legal and technical expressions cannot often find corresponding terms in our mother tongue. We have to express our ideas fully and clearly in framing this constitution.

MR. THARIATHU KUNJITHOMMEN : (*Muvattupuzha II—General*) ഒരു ചോദ്യം.

MR. K. RAMACHANDRAN : I will be yielding my place only after finishing my speech.

MR. P. M. VARGHESE : (*Thodupuzha II—General*) Sir, A point of order.

മലയാളവും ഇംഗ്ലീഷും നല്ലവണ്ണം അറിയാവുന്ന ഒരു മെമ്പറാട്ടെ അദ്ദേഹം ഇംഗ്ലീഷു് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മലയാളത്തിൽ ചോദ്യം ചോദിക്കുകയാണെങ്കിൽ മലയാളത്തിൽ തന്നെ മറുപടി പറയണമെന്നു റൂളിംഗ് ഉണ്ടായാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: ഏതിനെപ്പറ്റി വാദപ്രതിവാദം നടത്തുകൊണ്ടിരിക്കുന്നതായാ അതു കഴിഞ്ഞശേഷം ഇതിനെപ്പറ്റി റൂളിംഗ് തരാം.

MR. K. RAMACHANDRAN: Our Constitutional Law may have to be referred to in courts of law for clarification of certain ideas. I am sure opportunities would not be lacking when references may have to be made relating to our constitution both in Travancore and outside. So I am of the opinion that our constitution should be framed in the English language. Moreover, as Miss Annie Mascarene has pointed out, there are very difficult problems arising in matters of reference in English. Therefore English cannot be dispensed with.

HONOURABLE MR. A. THANU PILLAI (*Trivandrum II—General*): ഈ ശ്ലോകം പറയുന്ന കാര്യങ്ങൾ മലയാളത്തിൽ പറഞ്ഞിരുന്നുവെങ്കിൽ അതുകൊണ്ടു കൂടുതൽ മനസ്സിലാകുകയില്ലേ?

MR. K. RAMACHANDRAN: I will explain that afterwards. We have assembled here not to curtail the liberties or freedom of expression of any individual and it should be the endeavour of this Assembly to see that the ideas or expression of every member is correctly and fully expressed. This Assembly should not be undemocratic in restricting that freedom to any member of the Assembly.

MR. K. A. GANGADHARA MENON: (*Nedumangad I—General*) Is the member aware for what purpose these ideas are being expressed in this House?

MR. K. RAMACHANDRAN: I have already said that I am opposing the amendment of Mr. Ramakrishna Pillai. Today when we are talking about a new world order it would be really pinning us down to isolationistic tendencies, as Miss Mascarene said if we limit ourselves to the outlook of so-called narrow and regional patriotism I would ask the House whether Malayalees were known outside the borders of India before the outbreak of the War. It is only after the outbreak of the war that Malayalees have become an international entity.

Sir, I am only saying that English should not be omitted. Certainly one should be more patriotic and we know how some of our patriotic leaders of this soil by their enviable mastery of the English language have been holding very responsible positions all over the world as ambassadors, ministers, trade commissioners and so forth. In that way the prestige of our country has enhanced. Now I would ask the supporters of the amendment what would Mahatma Gandhi, Pandit Nehru and others have become without their knowledge of English. It has been voiced here that those who cannot speak in Malayalam or Tamil are to be ousted from this House. I cannot understand the justification for that. One member was saying that if anybody were to speak in English it is a question of superiority complex and that speaking in the Vernaculars is a question of inferiority complex and so on. I am not able to understand

LIBRARY ARCHIVES Kerala Legislative Assembly

the logic of that. Some honourable members were referring to constitutional laws and procedures elsewhere. For the past many years we have been going on international lines and nothing adverse has happend to our mother tongue. If the honourable members were of the opinion that we must leave all developments acquired by us during the last 150 years, we will be simply going back. The knowledge accumulated during these 150 years will all go to waste and that is not depicting a happy state of affairs. According to Darwin's theory of evolution human race has evolved out of this animal kingdom and if we have to leave off all our progress we will have to go back to the realm of apes and monkeys etc. We cannot, therefore, forget all the scientific developments studied and practised by us with so much mastery from the western world.

MR. PRESIDENT: Please confine yourself to the amendment before the House.

MR. K. RAMACHANDRAN: Sir, I am of the opinion that English language can never be ostracised and it is a folly on our part to do so. Such a suicidal policy of putting a brake on an international language will be disastrous and so I would urge the honourable members of the House to accept the Rule as it is without any amendment.

MR. JOSEPH MALIECKAL: (*Thodupuzha I—General*) ഇവിടെ ഹാജരാക്കിയിരിക്കുന്ന ഭേദഗതി ഇംഗ്ലീഷ് വേണ്ടാ എന്നാണ്. എന്നാൽ ഇവിടെ നടന്ന വാദപ്രതിവാദങ്ങളുടെ ഗതി കണ്ടാൽ മലയാളം വേണ്ട എന്ന പക്ഷക്കാർ ഒരുഭാഗത്തും മലയാളം വേണം എന്ന പക്ഷക്കാർ മറുഭാഗത്തും നിന്ന് മാസ രക്കുന്നതായി തോന്നിപ്പോകും. എന്നാൽ കാര്യം അങ്ങനെയല്ല. ഇവിടെ നടപടികൾ നടക്കുന്നത് ഏതു ഭാഷയിൽ വേണം? മലയാളം വേണം, തമിഴ് വേണം; ഇംഗ്ലീഷുവേണമോ വേണ്ടയോ എന്ന ഒരു പായിൻറിൽമാത്രമേ തർക്കമുള്ളൂ. ഇത് നല്ലവണ്ണം ധരിച്ച് ഇവിടെ വാദ പ്രതിവാദം നടത്തുന്ന പക്ഷം പല തെറ്റിദ്ധാരണകളും കൂടാതെകഴിക്കാ വുന്നതാണ്. അതിനാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ സെൻറിമെൻറിന് പ്രത്യക്ഷത്തിൽ യാതൊരുകാലത്തും സ്ഥാനമില്ല. "Sentiment unchecked by reason is a bad guide" എന്ന ഇംഗ്ലീഷു മൊഴി ഈ അവ സരത്തിൽ സ്മർത്തവ്യമാണ്. അത് എപ്പോഴിടത്തും, എല്ലായ്പോഴും നാം ഓർമ്മിക്കേണ്ട ഒരു കാര്യവുമാണ്. നമ്മുടെ രാജ്യത്തിനു മാതൃകാപര മായ ഒരു ഭരണഘടന നിർമ്മിക്കുന്നതു സംബന്ധിച്ചുള്ള ജോലികളാണ് നാമിവിടെ തുടങ്ങിയിരിക്കുന്നത്. അത് വിവേചനാപൂർവ്വമായി പ്രവ ർത്തിക്കുന്നതിന് നാം എന്താണ് ചെയ്യേണ്ടത്. ഏതു ഭാഷ യാണ് ഉപയോഗിക്കേണ്ടത്. എന്നാണിവിടെ ആലോചിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal.]

അടുത്ത കാലത്തു് ഒരു ഏഷ്യൻ കാൺഫറൻസു ഇൻഡ്യയിൽ വിളിച്ചുകൂട്ടുകയുണ്ടായല്ലോ. പൌരസ്ത്യരാജ്യങ്ങളിലുള്ള സംസ്കാരങ്ങളേയും അഭിലാഷങ്ങളേയും ഏകീഭവിപ്പിക്കുന്നതിനും ഈ രാജ്യങ്ങളും തമ്മിൽ യോജിച്ചു് പ്രവർത്തിക്കുന്നതിനും വേണ്ടിയായിരുന്നു, അത്തരത്തിൽ ഒരു കാൺഫറൻസു് പണ്ഡിറ്റു് ജവഹർലാൽ നെഹ്റു വിളിച്ചു കൂട്ടിയതു്. ആ അവസരത്തിൽ അവിടെ കൂടിയിരുന്ന എല്ലാവരും കൂടി അവരുടെ വ്യവഹാരത്തിനു് ഏതു ഭാഷ ഉപയോഗിക്കണമെന്നു് ആലോചിക്കുകയും ഒടുവിൽ അവരെ എല്ലാവരേയും ഒരുമിപ്പിക്കുന്നതിനും അവരുടെ ആശയങ്ങളും പരസ്പരം മനസ്സിലാക്കുന്നതിനും ഉപയുക്തമായതു് ഇംഗ്ലീഷു് ഭാഷ ആയതുകൊണ്ടു് കാൺഫ്രൻസിൽ ഇംഗ്ലീഷുഭാഷയാണു് ഉപയോഗിക്കേണ്ടതെന്നു് ഒരു പ്രമേയം തന്നെ പാസ്സാക്കുകയും ചെയ്തു. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറു് അസംബ്ലിയിൽ പാസ്സാക്കിയ നക്കൽ ഭരണഘടന എനിക്കു് എഴുതി അയച്ചുതരുവാനായി ഞാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടിയതു് ഇംഗ്ലീഷിൽ ഉള്ള നക്കലാണു്. അതിന്റെ ഹിന്ദി തർജ്ജമ മേ മാസത്തിലെ തയ്യാറാകുകയുള്ളു എന്നും അപ്പോൾ അയച്ചുതരാമെന്നും പറയുകയാണു് ചെയ്തതു്. അങ്ങനെ ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറു് അസംബ്ലിയും അവരുടെ ഔദ്യോഗികകാര്യങ്ങൾക്കു് ഇംഗ്ലീഷുഭാഷ ഉപയോഗിക്കുന്നതായി നാം കാണുന്നു. നാമാകട്ടെ ഇൻഡ്യൻ യൂണിയന്റെ ഒരു പങ്കാളിയായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. സ്വതന്ത്രതിരുവിതാംകൂറിന്റെ കാലമെല്ലാം പൊയ്പോയി. അതിനാൽ നാം ഇൻഡ്യൻ യൂണിയൻ ഉപയോഗിക്കുന്നതും ഇൻഡ്യൻ യൂണിയനിലുള്ള ഫെഡറൽ കോടതി ഉയോഗിക്കുന്നതും ആയ ഭാഷതന്നെ ഇവിടെയും ഉപയോഗിക്കേണ്ടതായിവരും. അതു് ഇംഗ്ലീഷാണു്. രാഷ്ട്രീയകാര്യങ്ങളിൽ വിശേഷിച്ചും ഇൻഡ്യയും തിരുവിതാംകൂറുമായുള്ള ബന്ധം നിലനിറുത്തിക്കൊണ്ടുപോകുന്നതിനു് പൊതുവായി ഉപയോഗിക്കാവുന്ന ഭാഷ ഇംഗ്ലീഷുഭാഷ മാത്രമാണു്. അതിനാൽ നാം എഴുതിയുണ്ടാക്കുന്ന ഭരണഘടന ഇംഗ്ലീഷിൽത്തന്നെയായിരിക്കണം. ഭരണഘടന നിർമ്മിക്കുന്നതിൽ ഇംഗ്ലീഷു് പദങ്ങളേയും അവയുടെ ഇംഗ്ലീഷു് വ്യാഖ്യാനങ്ങളേയും ആശ്രയിച്ചായിരിക്കണം നമ്മുടെ ഭരണഘടനയും നിർമ്മിക്കുവാൻ. ഇംഗ്ലീഷിലുള്ള വാചകങ്ങളെയോ പദങ്ങളെയോ പോലും നമ്മുടെ വാദപ്രതിവാദങ്ങളിൽ ഉപയോഗിച്ചു കൂടാ എന്നു ശഠിക്കുന്നതു് ഒരു വലിയ സാഹസം തന്നെയാണു്. ഈ ഭേദഗതി സ്വീകരിച്ചു എന്നു

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കുക. രണ്ടു ഭാഷയിൽ ഇവിടത്തെ നടപടികൾ നടത്താമെന്നു കാണുന്നു. ഇതിൽ ഏതു ഭാഷയിലായിരിക്കണം നമ്മുടെ ഭരണഘടനയുടെ അസ്സൽ നകൽ എഴുതുവാൻ? ആദ്യം മലയാളത്തിൽത്തന്നെ വേണമോ വേണ്ടയോ? ഇതാരാണ് നിശ്ചയിക്കേണ്ടതു്? എങ്ങിനെയാണ് നിശ്ചയിക്കേണ്ടതു്? നമ്മുടെ ഭരണഘടനയിൽ താഴെ വരുന്നവിധം ഒരു വകുപ്പു് ആവശ്യമാണെന്നു വിചാരിക്കുക:—"The Constitution of Travancore shall be a Constitutional Monorchy on the British Model" ഈ വകുപ്പു് ആദ്യമായി മലയാളത്തിലും തമിഴിലും എഴുതുവാൻ തുടങ്ങി എന്നു വിചാരിക്കുക. മി. സി. നാരായണപിള്ളയെ മലയാളത്തിലും മി. നേശമണിയെ തമിഴിലും എഴുതുവാൻ ചുമതലപ്പെടുത്തി എന്നും വിചാരിക്കുക. ഇവർ രണ്ടുപേരും എഴുതുന്ന വാചകം രണ്ടു തരത്തിലായിരിക്കും. ഇതിലേതാണ് മൂലമായി എടുക്കേണ്ടതു്? മലയാളമാണോ തമിഴാണോ? തമിഴു മൂലമാക്കുന്നതിനു മലയാളത്തിനു വിരോധമുണ്ടോ? ഈ വിഷമതകളെല്ലാം ഉണ്ടാകും. അതിനാൽ മറ്റുള്ള സ്ഥലത്തുകൂടി ഉപയോഗപ്പെടുത്തുന്ന മൂലഭാഷയിൽതന്നെ നമ്മുടെ ഭരണഘടന നിർമ്മിക്കുന്നതു് സൌകര്യപ്രദമായിരിക്കുവാൻ ഇടയുണ്ടെന്നു് എനിക്കു തോന്നുന്നു.

എല്ലാവർക്കും ഒരു പോലെ അറിയാവുന്ന ഒരു ഭാഷ ഒരിടത്തും ഉണ്ടെന്നു തോന്നുന്നില്ല. ഇവിടെയുമില്ല. ഞാൻ ഉപയോഗിക്കുന്ന ഏകദേശം ലളിതമായ മലയാളം എന്റെ തമിഴ് സ്നേഹിതന്മാരിൽ അധികം പേർക്കും മനസ്സിലാക്കാൻ കഴിഞ്ഞുകാണും. എന്നാൽ എന്റെ മറ്റു ചില സ്നേഹിതന്മാർ ഉപയോഗിക്കുന്ന സംസ്കൃതബഹുലമായ മലയാളം തമിഴ സ്നേഹിതന്മാരിൽ വളരെപ്പേർക്കു് മനസ്സിലാക്കാൻ കഴിയുമോ എന്നു് സംശയമാണു്. എനിക്കു് അച്ചടിച്ച തമിഴ കഷ്ടിച്ചു വായിക്കാനറിയാം. എന്നാൽ കയ്യടയിലെഴുതിയ തമിഴ് വായിക്കാനറിഞ്ഞുകൂടാ. ചെങ്കോട്ട മെമ്പറായ എന്റെ ബഹുമാന്യ സ്നേഹിതന്റെ തമിഴ് എനിക്കു മനസ്സിലായി. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ മി. നേശമണിയുടെ തമിഴ് എനിക്കു മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു.

MR. SIR V. DAS (*Kalkulam I—Hindu Nadar Reserved*): One Question.

MR. JOSEPH MALIECKAL: ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ഞാൻ ഇപ്പോൾ വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ചോദ്യം ചോദിക്കുമ്പോൾ പ്രസംഗിക്കുന്ന മെമ്പർ നിന്ന നിലയിൽ അതിനു സമാധാനം പറയുന്നില്ലെങ്കിലും പ്രസംഗം കഴിയുമ്പോൾ സമാധാനം പറയാൻ തയാറായിരിക്കേണ്ടതാണ്. മുമ്പു നടന്നുകൊണ്ടിരുന്നതും അങ്ങനെയാണ്.

MR. PRESIDENT : മെമ്പർ ഇരിക്കുന്നതിനു മുമ്പ് ചോദ്യം ചോദിക്കണം.

MR. G. P. NILAKANTA PILLAI (*Karunagapally I—General*) : അങ്ങനെ ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയണമെന്ന് മെമ്പർക്കു നിർബന്ധമുണ്ടോ ?

MR. PRESIDENT : ഇല്ല.

MR. JOSEPH MALIECAL : സർ, വേറൊരു കാര്യമുള്ളതു വ്യക്തിസ്വാതന്ത്ര്യം നിവൃത്തിയുള്ളിടത്തോളം നാം അനുവദിച്ചു കൊടുക്കണമെന്നുള്ളതാണ്. ഒരു വ്യക്തിക്ക് സ്വാധീനമുള്ള ഭാഷ, അയാൾക്കുള്ള അറിവനുസരിച്ചമർത്തുമായ രീതിയിൽ പ്രകടിപ്പിക്കുവാൻ കഴിവുള്ള ഭാഷ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. ഈ സഭയിലിരിക്കുന്ന ഭൂരിപക്ഷം മെമ്പറന്മാർക്കും മനസ്സിലാകാത്ത ഒരു ഭാഷയിൽ സംസാരിക്കരുതെന്നുള്ള ആഗ്രഹം എല്ലാവർക്കും വേണം. എന്നാൽ നിയമപരമായോ സാങ്കേതികമായോ ഉള്ള അശയങ്ങൾ പെട്ടിപ്പെട്ടെത്താൻ ഒരു പ്രത്യേക ഭാഷയേ ഉപയോഗപ്പെടൂ എന്നു വരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ആ ഭാഷ ഉപയോഗിക്കുവാനുള്ള സ്വതന്ത്ര്യം കൂടി കൊടുക്കണം. എനിക്കു തന്നെ കുറെയൊക്കെ മലയാളത്തിൽ പറയാമെന്നുണ്ടെങ്കിലും ചിലപ്പോൾ ഇംഗ്ലീഷിൽ പറയേണ്ട ആവശ്യം നേരിടും. ചിലപ്പോൾ പായിൻറ് ഓഫ് ഓർഡറോ മറ്റോ കൊണ്ടു വരേണ്ടതായി വരും. അപ്പോൾ അതു ഇംഗ്ലീഷിൽ ആയിപ്പോകും. ഇവിടെ ഭേദഗതി അവതരിപ്പിച്ച ആൾ പറഞ്ഞു, മേലാൽ ഈ സഭയിൽ കൊണ്ടുവരുന്ന ബില്ലുകളും മറ്റും മലയാളത്തിൽത്തന്നെ കൊണ്ടു വരണമെന്ന്. സർ, ഈ സഭയിൽ ഞാനാദ്യമായി കൊണ്ടുവരാനുദ്ദേശിക്കുന്ന ബില്ല് പ്രസ്സ് റജിസ്ട്രേഷനെ സംബന്ധിച്ചുള്ള ഒരു ഭേദഗതി ബില്ലാണ്. ഇപ്പോഴുള്ള റജിസ്ട്രേഷനിൽ അഞ്ചാം വകുപ്പിൽ ഇങ്ങനെ പറയുന്നു : "Habitually disseminates false information" ഇതിനു പകരം "ഹാബിച്ച്വലി ആൻറ് ഡെലിബറേറ്റിലി" എന്ന വാക്കുകൂടി ചേർക്കണമെന്നാണ് ആ ഭേദഗതിയിൽ ഞാൻ വിചാരിക്കുന്നത്. അപ്പോൾ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കൊണ്ടുവരേണ്ട നിയമം മലയാളത്തിലായിരിക്കണമെങ്കിൽ തന്റെ ഭേദഗതി "Habitually -ം കരുതിക്കൂട്ടിയും Disseminates..." എന്നായിരിക്കേണ്ടേ ? അല്ലാത്തപക്ഷം ഇപ്പോൾ നിലവിലിരിക്കുന്ന പ്രസ്സ് റഗ്ലേഷൻ തന്നെ മലയാളത്തിൽ ആക്കേണ്ടതായിവരും. സർ, ഇങ്ങനെ നോക്കുമ്പോൾ ഇവിടെ ഇതുവരെ പാസ്സായിട്ടുള്ള സപ്ല റഗ്ലേഷനുകളും വിളംബരങ്ങളും മലയാളത്തിൽ വിവർത്തനം ചെയ്യേണ്ടതായി വരും. ഇവിടെ പതിനാലു വാള്യമിലായി പതിനേഴ പുസ്തകങ്ങൾ റഗ്ലേഷൻ ആൻറ പ്രൊക്ലമേഷൻ ഉണ്ട്. അതു മുഴുവൻ മലയാളത്തിൽ തർജ്ജമ ചെയ്യുക എന്നതു വലിയ ഒരു സാഹസം തന്നെയാണ്. ഇങ്ങനെയുള്ള ചില പ്രായോഗിക ദുഷ്കരങ്ങൾകൂടി നമുക്ക് തരണം ചെയ്യേണ്ടതായി ഉണ്ടെന്നുകൂടി ആലോചിച്ചുകൊണ്ടുവേണം നാം ഈ ഭേദഗതി പാസ്സാക്കുവാൻ.

നമുക്ക് ഏതെങ്കിലും ഒരു ക്ഷീണമുണ്ടെങ്കിൽ നാം അതറിഞ്ഞു പ്രവർത്തിക്കേണ്ടതായും ഉണ്ട്. എന്റെ കണ്ണിന് കാഴ്ചയ്ക്കു കുറച്ചു ക്ഷീണം ഉണ്ടെങ്കിലും ഞാൻ കണ്ണാടി ഉപയോഗിക്കുകയില്ല, എന്റെ ചെവിക്ക് ക്ഷീണമുണ്ടെങ്കിലും ഞാൻ ആംപ്ലിഫയർ വയ്ക്കുകയില്ല എന്നു പറയുന്നതു് എന്റെ കണ്ണിനോടും എന്റെ ചെവിയോടും കാണിക്കുന്ന സ്നേഹമല്ല, സ്നേഹമില്ലായ്മയാണ്. അതുപോലെ നമ്മുടെ ഭാഷയ്ക്ക്, തമിഴായാലും ശരി മലയാളമായാലും ശരി വ്യവഹാരത്തിൽ പ്രയോഗക്ഷമതയ്ക്കു് ഹാനി തട്ടുന്ന സന്ദർഭങ്ങളിൽ ഇംഗ്ലീഷ് ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടായിരിക്കണം. ആ സ്വാതന്ത്ര്യം പാടില്ലാ എന്നാണ് ഭേദഗതിയിൽ പറയുന്നതു്. മലയാളമോ തമിഴോ ഉപയോഗിക്കൽ പാടില്ലെന്ന് ഈ വാക്കുകളിൽ പറഞ്ഞിട്ടില്ല. മലയാളവും തമിഴും അതൊടൊപ്പം ഇംഗ്ലീഷും ഉപയോഗിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. ഈ ഭേദഗതിയുടെ പക്ഷത്തു ചേർന്ന് വോട്ടുചെയ്യുവാൻ ഒരു പ്രൈവറ്റ് കാൻവാസിംഗ് തന്നെ നടത്തിയിട്ടുള്ളതായി ഞാൻ അറിയുന്നു. അതു ശരിയല്ല.

MR. THARIATHU KUNJITHOMMEN : ഭേദഗതിക്കെതിരായി വോട്ടു ചെയ്യുന്നതിനു വേണ്ടിയും കാൻവാസിംഗ് നടത്തുന്നതായി ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

MR. JOSEPH MALIECKAL : ഏതായാലും അങ്ങനെയുള്ള സെൻറിമെൻറ് മാറ്റിവച്ചിട്ടു പ്രായോഗക്ഷമതയുടെ പുറത്തു മാത്രം ഏതാണെന്നാണ് ഈയവസരത്തിൽ ആലോചിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI (*Trivandrum II—General*) : ഈ അതിപ്രധാനമായ സംഗതിയെപ്പറ്റി ഒന്നരണ്ടു കായ്ക്കരം പറയണമെന്നു ഞാൻ വിചാരിക്കുന്നു. മാതൃഭാഷയെപ്പറ്റിയാണെങ്കിൽ മാതൃഭാഷയോട് ഇവിടെയുള്ള മറ്റു് മെമ്പറോളവും തന്നെ എനിക്കും അഭിമാനവും സ്നേഹവും ഉണ്ടെന്നു ഞാൻ ആദ്യമെ പറഞ്ഞുകൊള്ളുന്നു.

MR. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar Reserved*) : Sir, A point of order. The member is expected to address the Chair. Now he is addressing some of his friends.

HON'BLE MR. A. THANU PILLAI : രണ്ടുകരം എല്ലാം കായ്മനടത്തിപ്പിനെഉദ്ദേശിച്ചാണെന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കിയാൽ കൊള്ളാം. ഈ വാദപ്രതിവാദത്തിനിടയിൽ കണ്ട ഒരു വസ്തുതതന്നെയാണു ഇപ്പോഴും ബഹുമാനപ്പെട്ട ഈ മെമ്പർ പുറപ്പെടുവിച്ച നടപടിപ്രശ്നത്തിലും ഞാൻ കണ്ടതു്. കേവലം ജയത്തിനായോ അപജയത്തിനായോ ഭയപ്പെടുന്ന സംഗതികളുടെ ഗൗരവത്തിനു് അനുരൂപമായിട്ടുള്ളതല്ലാതെയും ആവശ്യത്തിനല്ലാതെയുമുള്ള ജയാപജയക്കരംക്കായി നാം ശ്രമിക്കരുതു്. ഭാഷയുടെ പ്രയോഗത്തെപ്പറ്റിയാണെങ്കിൽ പല സംഗതികരം നാം ഓർക്കുവാനുണ്ടു്. മലയാളഭാഷയിൽത്തന്നെ, അല്ലെങ്കിൽ മലയാളത്തിലും തമിഴിലുമായി കായ്ക്കരം നടത്താനുള്ള അവസ്ഥയിൽ നാം കഴിയുന്നതും വേഗം എത്തണമെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഇതുവരെ തിരുവിതാംകൂറിലെ നിയമസഭയിൽ പ്രധാനമായ ഔദ്യോഗികഭാഷ ഇംഗ്ലീഷ് ആയിരുന്നു. പ്രസിഡന്റിന്റെ അനുമതിയോടുകൂടി മലയാളമോ തമിഴോ പ്രയോഗിക്കാമെന്നായിരുന്നു ചട്ടം. ഇപ്പോഴും നാം എഴുതിയിരിക്കുന്ന ഈ രണ്ടിൽ മൂന്നു ഭാഷകരംക്കും തുല്യപ്രാധാന്യം കൊടുത്തിട്ടുണ്ടു്. അതിന്റെ ഉദ്ദേശംതന്നെ കഴിയുന്നതും വേഗം ഔദ്യോഗികകായ്കരംക്കായി നാട്ടുഭാഷതന്നെ ഉപയോഗിക്കത്തക്ക ഒരു നില വരുത്തണമെന്നുള്ളതാണു്. എന്നാൽ ഇപ്പോൾ നോക്കാനുള്ളതു് ഇന്നത്തെനിലയ്ക്കു് ഇംഗ്ലീഷിനെ നിശ്ശേഷം ഉപേക്ഷിക്കണമോ, അതു പ്രായോഗികമാണോ, പ്രായോഗികമാക്കാമെങ്കിലും വളരെ സ്വീകാര്യമാണോ എന്നുള്ളതാണു്. ഈ സംഗതി നല്ലവണ്ണം ആലോചിച്ചിട്ടുതന്നെയാണു കമ്മിറ്റി ഇംഗ്ലീഷിനുകൂടി ഇവിടെ സ്ഥാനം കൊടുത്തിട്ടുള്ളതു്. ആ വകുപ്പിനെ സംബന്ധിച്ചിടത്തോളം മലയാളത്തിലുള്ള തർജ്ജമതന്നെ അത്ര ശരിയാണെന്നു തോന്നുന്നില്ല. റപ്രസെന്റേറ്റീവ് ബാഡിയുടെ ജോലി നടത്തുന്നതിൽ ഇംഗ്ലീഷോ മലയാളമോ തമിഴോ ഉപയോഗിക്കാമെന്നാണു് ഇംഗ്ലീഷിൽ ആ വകുപ്പിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നതു്. എന്നാൽ മലയാളം തർജ്ജമയിൽ പ്രതിനിധിസഭയിൽ മലയാളത്തിലോ തമിഴിലോ ഇംഗ്ലീഷിലോ സംസാരിക്കാവുന്നതാണു്, എന്നാണു് പറഞ്ഞിരിക്കുന്നതു്. ഇവിടത്തെ ജോലി കേവലം പ്രസംഗങ്ങൾ ചെയ്യുക മാത്രമല്ല. അവ രേഖപ്പെടുത്തുക മുതലായ മറ്റു കാര്യങ്ങളുമുണ്ടു. അതുകൊണ്ടു് ആ തർജ്ജമതന്നെ മുഴുവൻ ശരിയല്ല. ഏതായിരുന്നാലും ഇംഗ്ലീഷുഭാഷ ഇവിടെ ഉപയോഗിച്ചുകൂടാ എന്നു് നിയമം മൂലംനിർബ്ബന്ധിക്കണമോ എന്നാണു നമുക്കു് ആലോചിക്കുവാനുള്ളതു്. ഇംഗ്ലീഷിന്റേയും മലയാളത്തിന്റേയും മാഹാത്മ്യത്തെപ്പറ്റി ഇത്ര വളരെ ഉഗ്രമായ പ്രസംഗങ്ങളുടെ ആവശ്യംതന്നെ ഈ സന്ദർഭത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇംഗ്ലീഷുഭാഷയുടെ മാഹാത്മ്യത്തെപ്പറ്റിയോ അതിനു് ലോകമൊട്ടുക്കുള്ള പ്രചാരത്തെപ്പറ്റിയോ ആർക്കും സംശയമില്ല. അതുപോലെതന്നെ നാട്ടുഭാഷയുടെ പ്രാധാന്യത്തെപ്പറ്റിയും നാട്ടുഭാഷയിൽ കാര്യങ്ങൾ നടത്തണമെന്നുള്ളതിനെപ്പറ്റിയും ആർക്കും അഭിപ്രായവ്യത്യാസമില്ല. ഇതിനുവേണ്ടി ഇത്രമാത്രം സമയം ചെലവാക്കേണ്ടതുണ്ടോ എന്നും സംശയമാണു്. നാം നോക്കേണ്ടതു്, ഈയവസരത്തിൽ, ഈ പ്രതിനിധിസഭയുടെ നടപടികളിൽ ഇംഗ്ലീഷുഭാഷ അനുവദിക്കാമോ എന്നാണു്. എന്നാൽ ഇംഗ്ലീഷുഭാഷകൂടി അനുവദിക്കണമെന്നു പറഞ്ഞു ചില സ്നേഹിതന്മാർ ഇവിടെ കാണിച്ച ആവേശം കാണുമ്പോൾ അതു് അനുവദിക്കാൻ പാടില്ല എന്നുകൂടി പറയാൻ തോന്നിപ്പോകുന്നു. എനിക്കുതന്നെ ചില പ്രസംഗങ്ങളുടെ ഉഗ്രത കണ്ടപ്പോൾ, ഇംഗ്ലീഷിൽ പ്രസംഗിക്കാനുള്ള അവരുടെ അതിയായ താല്പര്യം കണ്ടപ്പോൾ അതു് അനുവദിക്കാതിരുന്നാൽ എന്തെന്നുള്ള ഒരഭിപ്രായം ഉണ്ടാകാതിരുന്നില്ല. നാം ഇവിടെ കൂടിയിരിക്കുന്നതു കാര്യങ്ങൾ തമ്മിൽ തമ്മിൽ മനസ്സിലാക്കി നടപടികൾ നടത്താനാണു്. എന്നാൽ ഇവിടെ ചിലരുടെ പ്രസംഗങ്ങൾ കേട്ടാൽ തോന്നിപ്പോകുന്നതു് അവരുടെ പ്രസംഗങ്ങൾ മറ്റുള്ളവർ മനസ്സിലാക്കിക്കൂടാ എന്നുള്ള ഒരു വിചാരം കൂടി അവക്കുണ്ടെന്നാണു്. ഇംഗ്ലീഷിൽനിന്നും ഷേക്സ്പീയർ ഉദ്ധരിക്കാം, പല ആശയങ്ങളും പ്രതിപാദിപ്പിക്കാം, എന്നാൽ ആ ഭാഷയിൽ മെമ്പറന്മാർക്കുള്ള വൈഭവം കാണിക്കുകയല്ല ഇവിടത്തെ ആവശ്യം. ഇംഗ്ലീഷുഭാഷയെ അപമാനിച്ചുകളഞ്ഞു എന്നാണു് ചില സ്നേഹിതന്മാരുടെ ആക്ഷേപം. ആരും ഇംഗ്ലീഷുഭാഷയെ അപമാനിച്ചതായി ഞാൻ കണ്ടില്ല. അതുപോലെതന്നെ, ഇംഗ്ലീഷുഭാഷ ഉപയോഗിച്ചുപോയാൽ മലയാളത്തിന്റേയും തമിഴിന്റേയും പ്രാധാന്യം പൊയ്പോകുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. Thanu Pillai.]

ആരും വിചാരിക്കരുത്. കേവലം പ്രായോഗികമായ വൈഷമ്യത്തെ തരണം ചെയ്യാൻവേണ്ടിയും കൂടുതൽ പ്രയോജനമുണ്ടാക്കുവാൻവേണ്ടിയും ഇംഗ്ലീഷുഭാഷ ഉപയോഗിക്കുന്നതിനെ തടയേണ്ട ആവശ്യവും ഇല്ല. എന്റെ ഈ അഭിപ്രായം ആരും സ്വീകരിക്കുന്നില്ലെങ്കിൽതന്നെ എനിക്ക് അതിൽ പരിഭവവുമില്ല. എന്തെന്നാൽ ഇംഗ്ലീഷുകൂടാതെ നമുക്കത്യാവശ്യമുള്ള കാര്യങ്ങളെ മലയാളത്തിലും തമിഴിലും നടത്തിക്കൊണ്ടുപോകുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. മലയാളവും തമിഴും പുഷ്ടിപ്പെടുത്തണം. നമ്മുടെ നടപടികളെല്ലാം മലയാളത്തിലും തമിഴിലും തന്നെ വരുത്തണമെന്നുള്ളതുതന്നെ ആയിരിക്കണം നമ്മുടെ ആദർശം. എന്നാൽ അതു ക്രമേണ വരേണ്ടതാണ്. കാര്യനടത്തിപ്പിനു ഇതുവരെ പ്രധാനഭാഷയായി ഇവിടെ അംഗീകരിക്കപ്പെട്ടിരുന്നതു് ഇംഗ്ലീഷുഭാഷയായിരുന്നു. അതുവിട്ടു മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കേണ്ട കാലഘട്ടമാണ് ഇനി വരുന്നതു്. ഈതിനിടയ്ക്കുള്ള ഒരു കാലഘട്ടമാണിതു്. ഇതു് മാറുന്നതിനുള്ള സമയമാണ്. ഇതുവരെ ഇവിടെ ഇംഗ്ലീഷായിരുന്നു ഉപയോഗിച്ചുകൊണ്ടിരുന്നതു്. ഡെൽഹിയിൽ കാൺസ്റ്റിറ്റ്യുവന്റ് അസംബ്ളിയിലെ നടപടികൾ ഇപ്പോഴും ഇംഗ്ലീഷിലാണ്. പലതും ഇംഗ്ലീഷിൽ തന്നെ പറയേണ്ടിവരും, രേഖപ്പെടുത്തേണ്ടതായും വരും. ചിലർക്ക് അവരുടെ ആശയങ്ങൾ മലയാളത്തിൽ പ്രയോഗിക്കുവാൻ കെല്പില്ലെന്നു കാണുന്നുണ്ട്. ആ കെൽപ്പുകേട് യഥാർത്ഥത്തിലുള്ള കെൽപ്പുകേടാണെന്ന് എനിക്കഭിപ്രായമില്ല. ഇവിടെയിരിക്കുന്ന ഒരു സ്നേഹിതനെങ്കിലും മലയാളത്തിലോ തമിഴിലോ കെല്പില്ലാത്തതായി ഉണ്ടോ എന്നു സംശയമാണ്. അതുകൊണ്ട് ഇംഗ്ലീഷുകൂടി ഉപയോഗിക്കണമെന്നു തീരുമാനിച്ചാൽതന്നെ നിവൃത്തിയുള്ളിടത്തോളം ഇവിടെ കേൾക്കുന്നതെല്ലാം മലയാളപദങ്ങളും തമിഴപദങ്ങളും ആയിരിക്കണമെന്ന് എനിക്കു് അപേക്ഷയുണ്ട്. എന്നാൽ കഴിവുള്ള വിനയത്തോടുകൂടി എന്റെ ബഹുമാന്യസ്നേഹിതന്മാരോടു ഞാൻ ചെയ്യുന്ന അപേക്ഷ ഇതാണ്. മലയാളത്തിൽ പറയുവാൻ കഴുകയില്ലെന്നാണെങ്കിൽത്തന്നെ സ്വന്തം കെൽപ്പുകേടുകൊണ്ടുണ്ടാകാവുന്ന ഉപദ്രവങ്ങൾ അവരവർ സ്വയം സഹിക്കണമെന്ന് എല്ലാ ഇംഗ്ലീഷുപണ്ഡിതന്മാരോടും പണ്ഡിതകളോടും ഞാൻ അപേക്ഷിക്കുന്നു. പ്രധാനമായ കാര്യങ്ങൾ വ്യക്തമായും നിർമമപരമായും സാങ്കേതികമായും അഭിപ്രായങ്ങൾ പ്രകടിപ്പിക്കേണ്ടിവരുമ്പോൾ, ഇങ്ങനെയുള്ള സന്ദ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ ഇംഗ്ലീഷുകൂടി ഉപയോഗിക്കാവുന്നതുമാണ്. അതിനാൽ ഇപ്പോഴ് നമ്മുടെ രാജ്യത്തിൽ എഴുതിയിരിക്കുന്ന രീതിയിൽത്തന്നെ ഇംഗ്ലീഷുകൂടി സ്വീകരിക്കുന്നതാണുത്തമം. അതുകൊണ്ട് നമ്മുടെ ഭാഷയ്ക്കു ദോഷം ഒന്നും വരാനില്ല.

ഈ അവസരത്തിൽ ഒരു കാര്യം കൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ ഗവണ്മെൻറാണെങ്കിൽ—ഇനി വരുന്ന ഗവണ്മെൻറിന്റെ നിലയും അതായിരിക്കും—മാതൃഭാഷകളെ കഴിയുന്നതും പ്രോത്സാഹിപ്പിക്കുകതന്നെ ചെയ്യും. എങ്കിലും ഇംഗ്ലീഷിനെ പെട്ടെന്ന് വിട്ടുകളയാവുന്നതല്ല. മലയാളത്തിൽ പറയാനൊക്കുകയില്ല, എന്നെക്കൊണ്ട് ഇംഗ്ലീഷേ ഒക്കുകയുള്ളൂ എന്ന നില ഉപേക്ഷിച്ചു നിവൃത്തിയുള്ളിടത്തോളം മലയാളത്തിലോ തമിഴിലോ സംസാരിക്കുവാൻ എല്ലാ മെമ്പറന്മാരും ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ഇംഗ്ലീഷു സംസാരിച്ചാൽ അറിയാൻ പാടില്ലാത്ത വളരെ മെമ്പറന്മാർ ഇവിടെയുണ്ട്. മലയാളത്തിലോ തമിഴിലോ സംസാരിച്ചാൽ അറിയാൻ പാടില്ലാത്ത മെമ്പറന്മാർ അധികം കാണുകയില്ല. തമിഴിൽ പ്രസംഗിച്ചാൽ നല്ലവണ്ണം ഗ്രഹിക്കാൻ കഴിവില്ലാത്ത ഏതാനും മെമ്പറന്മാർ, തിരുവിതാംകൂറിന്റെ വടക്കേ അറ്റത്തുനിന്നും വന്നിരിക്കുന്ന ഏതാനും മെമ്പറന്മാർ കണ്ടേക്കാം. എങ്കിലും മിക്കവാറും പേർക്കു തമിഴ് മനസ്സിലാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഇംഗ്ലീഷിൽ സംസാരിച്ചാൽ എത്രപേർക്ക് മനസ്സിലാക്കാൻ കഴിയാതെ പോകുന്നുവോ അത്രത്തോളം പേർക്ക് മലയാളത്തിലോ തമിഴിലോ സംസാരിച്ചാൽ മനസ്സിലാക്കാൻ പാടില്ലാതെ വരികയില്ല. അതുകൊണ്ട് അല്പം വൈഷമ്യം സഹിച്ചിട്ടെങ്കിലും എല്ലാ മെമ്പറന്മാരും മലയാളത്തിലോ തമിഴിലോ പ്രസംഗിക്കണമെന്നപേക്ഷിക്കുന്നു. എന്നാൽ ഇവിടത്തെ നടപടികളിൽ ഇംഗ്ലീഷ് നിർദ്ദേശം ഉപേക്ഷിക്കുന്നതു പല വൈഷമ്യങ്ങൾക്കും ഇടവരുത്തുമെന്നുള്ളതിനാൽ പാടില്ലെന്നാണ് എന്റെയും അഭിപ്രായം.

MR. PRESIDENT : ഇപ്പോൾ ഈ ഭേദഗതിയെപ്പറ്റി ധാരാളം മെമ്പറന്മാർ പ്രസംഗിച്ചുകഴിഞ്ഞു. ഇനിയും അനവധി മെമ്പറന്മാർ ഇതിനെപ്പറ്റി പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നതായും കാണുന്നു. അതുകൊണ്ട് ഓരോ മെമ്പർ ചെയ്യുന്ന പ്രസംഗത്തിനും സമയക്രമീകരണം വേണമെന്ന് ഞാൻ വിചാരിക്കുന്നു. ഓരോ മെമ്പറും അഞ്ചുമിനിട്ട് സമയത്തിൽ കൂടുതൽ പ്രസംഗിക്കുവാൻ അനുവദിക്കപ്പെടുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : (*Chirayinkil V—General*): Without prejudice to the ruling, may I remind the Chair during the discussion of Bills, no time limit is generally expressed ?

MR. N. D. JOSE (*Neyyattinkara III — S. I. U. C. Reserved*): At the very outset let me ask for permission to speak in English. I am really sorry to speak in a foreign language. After what the Prime Minister has been speaking here, I do not know whether there is any necessity for any additional speech on the point. But all the same I want to answer some of the arguments that were raised yesterday by learned Members of this House. It was said that we have faced storms and great political struggles. After all that we have not come here to start learning languages. We have come here to provide the people political democracy as well as economic democracy. I should say that there is no use in quarelling over words. I should say that this argument on language is not at all necessary. This is an age of the masses—it was claimed yesterday. The people of our country do not want words, words and more words, whether they be Malayalam words or Tamil words or English words. What I want to point out is that the masses of our country are not concerned about the language we use in this Assembly. We are sent here to draft a constitution. A good constitution would mean one that will defend freedom, liberty, equality, etc., one that will be clear and precise. If clearness, lucidity and precision are to be in the constitution, at the present state of affairs, we cannot allow ourselves to be carried away by a love of mother tongues. It is a fact that we have to take our political concepts and our legal concepts from a foreign country. Those who have drafted the Indian Constitution had to look to Britain, to America and to Ireland for their model constitutions. We have drunk deep from the fountains of English, and European culture and political thought. I do not see any necessity why English should be deleted, at this stage. Our people need a good Constitution, a clear Constitution.

We have to be exact in the wording of our constitution. I know there will be no dispute on that point. We are forced to the necessity of drafting our constitution in English merely because our constitution has got to be exact.

MR. A. NESAMONY (*Vilavancode—S. I. U. C. Reserved*) தலைவர் அவர்களே! நான் இந்தத் திருத்தப் பிரேணையை எதிர்க்கிறேன். எனது தோழர் ஸ்ரீமான் கரையாளர் அவர்களும் எனது நண்பர் ஸ்ரீமான் செல்லப்பன்பிள்ளை அவர்களும் நான் ஆங்கிலத்தில் இச்சபையில் என் கருத்துக்களைக் கூறியதை ஒரு குறைவாகஎண்ணி, போதிய தேசியம் என்னில் இல்லை என்று பொருள்படுமாறு குறை கூறினர். நான் ஒரு தமிழன். என் தாய்மொழி தமிழ். உயர்தர கலாசாலையிலும் உபபாஷையாக நான் கற்றதும் சிறந்த தமிழே. ஆனால் இச்சபையில் அமர்ந்திருக்கும் அங்கத்தினரில் பெரும் பான்மையோர்களும் என் கருத்தை வெளிப்படும்போது அதை சரிவர அறிய முடியவில்லை

LIBRARY ARCHIVES Kerala Legislative Assembly

என்ற சான்று, முதற்கூட்டத்திலேயே ரூபகாரப்படுத்தப் பட்டமையால் இனிமேல் இச்சபையில் செலவிடன் காதில் சங்கு ஊதுவதில் பயன் இல்லை என்று கருதி ஆங்கிலத்தில் பேசத் தணிந்தேன்.

ஒரு சில அங்கத்தினர்களுக்கு மாத்திரம் ஆங்கிலம் புரிவதில்லை. என் சிநேகிதர் செல்லப்பன்பிள்ளையைப் போன்றவர்களுக்காவது ஆங்கிலத்தில் பேசுவதினால் பலன் உண்டென்று அறிந்தே அவ்விதம் பேசியுள்ளேன். மலையாளமும், தமிழும் இச்சபையில் பாஷைகளாயிருப்பதற்குக் கூறப்படும் காரணங்கள் இரண்டு. முதலாவதாகக் கூறப்படுவது நமக்கு பொதுவான லோட்டனிக்த, தொழிலாளி மக்களும், பாட்டாளி மக்களும் தாம் தூங்கு எத்தப் பாலையில் தம் அரசியல் திட்டங்களை எழுதுவிரும் என்று பார்த்துக் கொண்டிருக்கிறோம் என்றும், நாம் ஆங்கிலத்தில் அரசியல் திட்டம் எழுதப் போகிறோம் என்ற பயம் சுற்றியிருக்கால் இந்த சபையின் நிழற்சிக்கங்களை மாத்திரம் இந்த பிரதிநிதி சபையின் அங்கத்தினராக தேர்ந்தெடுத்தனுப்பி இருப்பார்கள் என்றும் கூறப்பட்டது. இது நவம்.

தொழிலாளி மக்களும், பாட்டாளி மக்களும் இன்று அறை கூவுவது, "எங்களுக்குப் பசிக்கிறது. உண்ண உணவுப் பொருள் வேண்டும். நாங்கள் நிற்வாணிகள் ஆகிறோம். போர்த்திக்கொள்ள ஆடை வேண்டும். எங்களுக்குத் தங்க கூரையில்லை. ஒதுங்க கூரைவேண்டும். வேலையில்லாத் திண்டாட்டம் மிகுதி. ஜோலி வேண்டும். அரசி இடங்கழி விலையை உயர்த்தக் கூடாது," என்பதே. அவ்விதம் கூக்குரலிடுகிறார்களே ஒழிய அரசியல் திட்டம் மலையாளத்தில் வேண்டும், தமிழில் வேண்டும் என்கிற கூக்குரல் இதுவரையிலும் கேட்டதில்லை. அவர்களிடமிருந்து கேட்கப் போவதுமில்லை. அவர்கள் அப்படி கூக்குரலிடுகிறார்களென்று முதலாளிகளும் நிலச்சுவான்களும் கூறுவது "ஆடு நனைகிறதே என்று ஓநாய் அழுதது போலாகும்"

இரண்டாவதாகக் கூறும் காரணம், போதிய தேசியம் உண்டென்று நம்மை மற்றவர்கள் அறியவேண்டும் என்பது. இந்த சமஸ்தானத்துப் பொறுப்பாட்சிச் சரித்திரத்தை ஆயும் போதும், இங்கு தேசிய உணர்ச்சி ஆவேசம் கொண்டு கரைபுரண்டு ஓடுவதைப் பார்க்கும்போதும், உள்ளத்தில் நகை கொள்பவர்கள் பலருண்டு. கான மயிலாடக் கண்டிருந்த வான் கோழியின் கதை மனதிற் தோன்றாமலுமில்லை. நமது கல்வியின் போக்கைப் பார்த்தும், இந்திய தேசத்தில் பேசப்படும் பல பாஷைகளைப் பார்த்தும், எவர்க்கும் எளிதில் அறியக்கூடிய ஓர் தேசிய பாஷை உருவாகாதாலும், யாதொரு தாய் பாஷையிலும் ஆங்கில மோகம் அடங்கியிருக்கும் பொருட்கனியும், கருத்துக்களையும் வெளியிடத்தக்கதான வார்த்தைகள் இல்லாததாலும், நேற்று தான் தோன்றிய அனந்தவர்கள் அல்ல, நமது உடல், பொருள், ஆவி முன்றையும் தேசத்திற்கென்று தத்தம் செய்த நமது மாபெரும் தலைவர் ஜவஹர்லால் நெஹ்ருவும் இந்திய அரசியல்திட்டம் ஆங்கிலத்திலும் அதன் மொழி பெயர்ப்பு இந்துஸ்தானியிலுமிருக்க வேண்டுமென்று கூறினர். அதை அத்தனிலும், அறிவிலும் சிறந்த அந்தச் சபை ஒப்புக்கொண்டது. அவ்விதமாக தமிழ்நாடு சமர்ப்பித்திருக்

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Nesamony]

கும் சட்டத்தைச் சரிவைப்பதே அரசியல் ஞானமாகும், விவேகமாகும் உசிதமுமாகும். கடந்து போகும் சந்ததியைச் சேர்ந்தவர்கள் நாம். நமது கல்வி ஆங்கிலமயமானது. அதை மாற்றுவது எளிதல்ல. நமது நீதிமன்றங்கள், நமது கடிதப் போக்குவரத்துக்கள், நமது அரசியல் உறவு பாவும் ஆங்கில மயமாயிருக்க வருங்கால சந்ததிக்கென்று நாம் ஓர் அரசியல் திட்டம் மலையாளத்திலும், தமிழிலும் வகுக்காமல் ஆங்கிலத்தில் வகுத்து வைப்பது நமது விவேகத்தை காட்டுவதாகும். எந்த அரசியல் திட்டமும் மாற்றக் கூடியவை.

அது, மேதியருடையவும், பேர்னியருடையவும் மாறாத சட்டமல்ல. எதிர்கால சந்ததி அதன் காரியத்தை பார்த்துக் கொள்ளும். போதிய திருத்தியமைப்பு செய்து கொள்ளக் கூடும். ஆகையால் இந்த வீண் வாதப்பிரதிவாதத்தைத் தவிர்த்து, இருத்துப் பிரேரணையை ஏதிர்த்து கமிற்றி சமர்ப்பித்தச் சட்டத்தை ஒப்புக்கொள்ள வேண்டுமென்றும், நமது அரசியல் திட்டத்தின் அசல் ஆங்கிலத்திலும், மொழி பெயர்ப்புக்கள் தமிழிலும், மலையாளத்திலும் இருக்கவேண்டுமென்றும், இச்சபையைக் கேட்டுக் கொள்கிறேன்.

MR. MANNAR K. GOPALAN NAIR (*Thiruvalla I—General*): മെമ്പർ ഭേഗതിയെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. A. ATCHUTHAN (*Karthigapally II—General*): ഈ ഭേഗതിയെക്കുറിച്ച് ബഹുമാനപ്പെട്ട പലമെമ്പറന്മാരും സംസാരിച്ചുകഴിഞ്ഞു. ഇനി ഇതു് വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. ABDUL RAZAK: (*Nedumangad I—Muslim Reserved*) തലവർ അവർകളേ : பாஷையைப்பற்றிய பிரச்னை மதிப்பிற்குரிய பல நண்பர்களால் கையாளப்பட்டது. சொந்த பாஷை அபிமானத்தால் ஆரம்பிக்கப்பட்ட இந்த விவாதம் இப்பொழுது ஆங்கில பாஷைமேல் குரோதம் செலுத்தும் நிலைமைக்கு எட்டி விட்டதென்று நான் அஞ்சுகிறேன். காதல் முற்றும் பொழுது கண்கள் மருண்டுவிடும் என்று சொல்லுவார்கள். ஆகவே, இதுபற்றிய ஒரு நேரிய முடிவிற்கு விருப்பு வெறுப்பற்ற முறையிலே மதிப்பிற்குரிய நண்பர்கள் இங்கிருக்கும் நமது சூழ்நிலையை நிதானமாக ஆராய்வது அவசியம் என்று நான் கருதுகிறேன்.

ஆங்கிலம் ஒருபுறம் இருக்கட்டும். இன்றைய நிலைமையில் தமிழ்பாஷைக்கோ, மலையாள பாஷைக்கோ சரியான ஒரு அரசியல் திட்டம் தயாரிக்கும் சக்தி உண்டா என்ற விவகாரமும் ஒரு புறமிருக்கட்டும். இந்த அறைக்குள் இருக்கும் நிலைமை என்ன என்பதைப் பார்போம். சென்ற சில நாட்கள் நடவடிக்கையிலிருந்து தெரியவருவது என்ன ? மலையாள பாஷை புரியவில்லை என்று பல தமிழ் நண்பர்கள் முறையிட்டார்கள். தமிழும் புரியவில்லை என்று சில மலையாள நண்பர்களும் தெரிவித்தார்கள். உண்மையில் நிலைமை அதுதான். "10 தினத்தினகம் தமிழ் படிக்காம்", என்று மதிப்பிற்குரிய சில மலையாள நண்பர்கள் சொல்ல நான் கேட்டிருக்கிறேன். "மலையாளமும் தமிழ் தாயின் உதரத்தில் உதித்து எழுந்ததுதா

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ணே" என்று சில தமிழ் நண்பர்களும் பெருமைப்பட நான் கேட்டதுண்டு. இது வெறும் ஒய்யாரப்பேச்சு. இந்த சபையிலே எத்தனை பேருக்கு தமிழும், மலையாளமும் ஒன்றுபோலத் தெரியும் என்று நான் கேட்கிறேன். எனது மதிப்பிற்குரிய நண்பர்கள் P. S. நடராஜபிள்ளை அவர்களும். G. ராமசந்திரன் அவர்களும், ஒன்றுபோல தமிழும், மலையாளமும் புரிவார்கள், பேசுவார்கள் என்று நான் நம்புகிறேன். ஆனால் பாக்கியுள்ள 118 அங்கத்தினர்களின் நிலைமை என்ன? 17 பேருக்கு மலையாளம் தெரியாது. அதுபோலவே 101 பேருக்கு தமிழும் தெரியாது. தெரியாது என்று நான் சொல்லும்பொழுது அறவே தெரியாது என்பதல்ல பொருள். சரியாகத்தெரியாது. ஆனால் ஒருவாறு தெரியும். 17 பேருக்கு மலையாளம் ஒருவாறுதான் தெரியும். 101 பேருக்கு தமிழும் ஒருவாறுதான் தெரியும். இதுதான் அந்தரங்கமான, உண்மையான நிலைமை. இந்த நிலைமையிலே, நாட்டின் எதிர்காலம் நிர்ணயிக்கப்படும் இந்த வேளையிலே, ஒருவரை ஒருவர் ஒருவாறு தெரிந்தால் போதுமா என்று நான் கேட்கிறேன். ஒருவரை ஒருவர் ஒருவாறு உத்தேசித்து அறிந்து இந்த நாட்டின் ஆட்சி அமைப்பு எழுதப்பட்டால் அதுவக்கீலுக்கு இடமளித்து விடாதா என்று நான் அஞ்சுகிறேன்.

நான் தமிழில் பேசும்பொழுது சில பாகங்கள் பல மலையாள நண்பர்களுக்கு புரியாமல் இருக்கலாம். அந்த பாகங்களிலே விளக்கம் அவசியப்பட்டால் பல மலையாள நண்பர்களுக்கு ஆங்கிலம் தெரியும், எனக்கும் ஆங்கிலத்தில் என்னை விளக்கிக்கொள்ள முடியும்—இந்த நிலைமையிலே நான் எந்த பாஷையிலே விளக்கிச்சொல்லுவது, அதுவும் நான் இருந்து விடுவதற்குமுன்னால், அந்த பாகங்கள் மலையாளத்தில் மொழி பெயர்க்கப்பட்டு அச்சுவாகனம் ஏறி வெளிவரும்வரை இந்த சபையின் விவகாரங்கள் நிறுத்திவைக்கப்படவேண்டும். என்று ஸ்ரீ மன்னத்து பத்மனாபபிள்ளை அவர்கள் கருதுகின்றார்களா என்று நான் கேட்கிறேன். அல்லது இங்கிலீஷ் பதங்களைக் கட்டுத்தடையின்றி பெருவாரியாகத் தமிழோடு போட்டுக்குழைத்து மணிப்பிரவாள நடையிலே மலையாள நண்பர்களுக்கு சொல்லவேண்டும் என்று எனது மதிப்பிற்குரிய நண்பர் G. ராமசந்திரன் அவர்கள் நினைக்கின்றார்களா என்று நான் கேட்கிறேன். அப்படியே ஒரு வேளை, கேள்விக்குப் பதில் ஆங்கிலத்திலே சொல்ல கோரிட்டு விட்டால், அதனால் தமிழ் வளர்ச்சி கெட்டுவிட்டதென்று எனது மதிப்பிற்குரிய நண்பர் நேசமணி அவர்கள் சொல்லுவார்களா என்று நான் சந்தேகிக்கின்றேன்.

இதுமாதிரி சட்டங்களிலே எது வசதி எது உசிதம் என்று சிந்திக்க நான் கேட்டுக்கொள்வதோடு, தமிழ், மலையாளம், ஆங்கிலம் ஆகிய மூன்று பாஷைகளும் இங்கே உபயோகிக்கப்படுவது அவசியம் என்று நான் தெரிவித்துக்கொள்கிறேன்.

The Closure motion was put and carried.

MR. V. O. MARKOS (*Kottayam III—General*) : സർ, ബഹുമാന്യസ്സേ ഹിതൻ ശ്രീമാൻ രാമകൃഷ്ണപിള്ള അവതരിപ്പിച്ച ഭേഗതിയെ എതിർക്കുന്നതിനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. അതിനെ ഞാൻ എതി

[Mr. V. O. Markos]

ക്കുന്നതു് ഇംഗ്ലീഷ് ഭാഷയോടുള്ള പ്രതിപത്തികൊണ്ടോ മലയാളഭാഷയോടുള്ള അവജ്ഞകൊണ്ടോ അല്ല. ഇംഗ്ലീഷിൽക്കൂടി നടപടികൾ നടത്തേണ്ടതാണെന്ന നിയമം ഉണ്ടാക്കിയതു് കാര്യക്ഷമതയെ മാത്രം പരിഗണിച്ചാണു.

MR. ABDUL AZIZ (*Trivandrum II—Muslim Reserved*) : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഭേദഗതി മൂവ് ചെയ്തതു മി. രാമകൃഷ്ണപിള്ളയാണു്. ക്ലോഷർ മോഷൻ പാസ്സായനിലയ്ക്കു ബഹുമാനപ്പെട്ട മെമ്പർക്കു ഇതേപ്പറ്റി ഒരു പ്രസംഗം ചെയ്യുവാൻ അവകാശമുണ്ടോ?

MR. PRESIDENT : മി. മാർക്കോസു് ഈ നിയമം ഇവിടെ അവതരിപ്പിച്ച മെമ്പറാകയാൽ ഇതേപ്പറ്റി സംസാരിക്കാം.

MR. V. O. MARKOS: കേവലം പ്രായോഗികമായ താൽപര്യങ്ങളെ ഉദ്ദേശിച്ചുമാത്രമാണു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നതു്. ഈ വിഷയത്തെപ്പറ്റി നാം ആലോചിക്കുമ്പോൾ അതുകൊണ്ടുള്ള പ്രയോജനത്തേയും കാര്യനടത്തിപ്പിനേയുംപറ്റി ആലോചിക്കാതെ കേവലം ആവേശഭരിതരായി വാക്ഷിക്കയോ, ചിന്തിക്കയോ, തീരുമാനിക്കയോ ചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഇംഗ്ലീഷ് ഭാഷ ഇവിടെ ഉപയോഗിക്കുകയാണെങ്കിൽ മാതൃഭാഷയ്ക്കു പ്രോത്സാഹനം ഇല്ലാതെ വന്നേക്കുമെന്നും, നമ്മുടെ ദേശീയതയ്ക്കു ലോപവും മാതൃഭാഷയോടുള്ള ഭക്തിക്കു കുറവും ഉണ്ടായേക്കുമെന്നും, സാധാരണക്കാരായ ആളുകൾക്കു് സഭാനടപടികൾ മനസ്സിലാക്കാൻ നിവൃത്തിയില്ലാതെ വന്നേക്കുമെന്നും ചിലർ ഭയപ്പെടുന്നതായി കാണുകയുണ്ടായി. ഈ വിധത്തിലുള്ള ഭയങ്ങൾക്കു അടിസ്ഥാനമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. എന്തുകൊണ്ടെന്നാൽ, മലയാളഭാഷയുടെ ചരിത്രം നോക്കിയാൽ ഇക്കഴിഞ്ഞ അൻപതുകൊല്ലങ്ങൾക്കുള്ളിലാണു് മലയാളഗദ്യം അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു് എന്നുള്ള വസ്തുത ഭാഷാചരിത്രപടുവായ ശ്രീമാൻ രാമകൃഷ്ണപിള്ളയും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മലയാളത്തിൽ ഗദ്യത്തിനു് ഇത്രത്തോളം അഭിവൃദ്ധിയുണ്ടായതു ഇംഗ്ലീഷ് ഭാഷയുടെ സമ്പർക്കം കൊണ്ടാണെന്നുള്ളതു് നിസ്തർക്കമാണു്. മലയാളഗദ്യം വളർന്നിട്ടുള്ളതുതന്നെ ഇംഗ്ലീഷ് ഗദ്യത്തിന്റെ മാതൃകയിലാണു്. അതുകൊണ്ടു് ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചുപോയാൽ മലയാളഭാഷയുടെ അഭിവൃദ്ധി കുറഞ്ഞുപോകുമെന്നു് ഭയപ്പെടേണ്ട ആവശ്യമില്ല. നേരേ മറിച്ചു് ഇംഗ്ലീഷ് ഭാഷയുടെ സമ്പർക്കം പലവിധത്തിലും മലയാളഭാഷയ്ക്കു ഗുണ

LIBRARY ARCHIVES Kerala Legislative Assembly

പ്രദമായിത്തീർന്നിട്ടുണ്ടെന്നു മാത്രമല്ല നാനാമുഖമായ അഭിവൃദ്ധിക്കു കാരണമായിട്ടുമുണ്ട്. ഇനി കാരണമാക്കുകയും ചെയ്യും. രാഷ്ട്രീയവും നിയമപരവുമായ കാര്യങ്ങളിൽ വിശേഷിച്ചും മലയാളഭാഷയ്ക്ക് ഇന്നത്തെ രീതിയിൽ കൈകാര്യം ചെയ്യാനുള്ള കഴിവു് ഉണ്ടാക്കിക്കൊടുത്തതു് ഇംഗ്ലീഷ് ആണു്. പക്ഷെ ഇന്നും മലയാളഭാഷ സാങ്കേതികപദങ്ങളെ സംബന്ധിച്ചിടത്തോളവും ദരിദ്രയാണു്. ഈ സഭയിൽ ഭരണഘടനാപരവും നിയമസംബന്ധവും ആയ കാര്യങ്ങളിലുള്ള വാദപ്രതിവാദങ്ങളും നടത്തുമ്പോഴും നിയമനിർമ്മാണം ചെയ്യുമ്പോഴും പല സാങ്കേതികതത്വങ്ങളും പ്രത്യേകാർത്ഥത്തിലുള്ള ആശയങ്ങളും ഇംഗ്ലീഷിൽ കൂടിയല്ലാതെ വ്യക്തമാക്കാൻ സാദ്ധ്യമല്ലാതെ വരും. ഇംഗ്ലീഷ് കൂടെ ഉപയോഗിക്കുന്നതു ക്രമേണ മലയാളഭാഷയുടെ ശക്തി വർദ്ധിക്കുന്നതിനു് ഉപകരിക്കുകയും ചെയ്യും.

മറെറാരു ഭയം, ഇംഗ്ലീഷ് ഉപയോഗിച്ചാൽ ദേശീയത്വം നശിച്ചുപോകുമെന്നാണു്. അതിനും കാരണമില്ല. ആദ്യകാലങ്ങളിൽ ഈ നാട്ടിൽനിന്ന ശീമയിൽ പോയി പഠിച്ചുവന്ന പലരും അവരുടെ മാതൃഭാഷയായ മലയാളം മറന്നുപോയി എന്നുപോലും തോന്നത്തക്ക നിലയിൽ പെരുമാറിവന്നതായി നാം കേട്ടിട്ടുണ്ടു്. എന്നാൽ ഇംഗ്ലണ്ടിൽപോയി പഠിച്ചുവന്ന ആളുകൾ തന്നെയാണു് ഇപ്പോൾ ദേശീയത്വത്തിൽ മുന്നിട്ടുനിൽക്കുന്നതെന്നും കൂടി നാം ഓർക്കണം. അതുകൊണ്ടു് ഇംഗ്ലീഷ്ഭാഷാപ്രയോഗംകൊണ്ടു് ദേശീയത്വം നശിച്ചുപോകുമെന്നുള്ള ഭയത്തിനും അവകാശമില്ല. സാധാരണക്കാർക്കു മനസ്സിലാകുവാൻവേണ്ടി കഴിവുള്ളിടത്തോളം മാതൃഭാഷകളായ മലയാളത്തിലോ തമിഴിലോ സംസാരിക്കണമെന്നുള്ളതിൽ ആർക്കും ആക്ഷേപമില്ല. എന്നാൽ പ്രായോഗികതാൽപര്യങ്ങളെ ആലോചിച്ചാൽ ഇംഗ്ലീഷിനെ നമ്മുടെ നാളിൽ നിന്നും തള്ളിക്കളയാമോ എന്നാണു ചിന്തിക്കേണ്ടതു്. ചട്ടം പാസ്സായാൽ ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിനുള്ള അപേക്ഷകരംകൊണ്ടു് പ്രസിഡൻറിന്റെ മേശപ്പുറം നിറഞ്ഞുപോകുമെന്നു്, ഒരു മാന്യസ്നേഹിതൻ അഭിപ്രായപ്പെട്ടു. ഇന്നു് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ ഹിന്ദുസ്ഥാനിയും ഇംഗ്ലീഷും അനുവദിച്ചിട്ടുണ്ടു്. അതുകൊണ്ടു് അവിടെ ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കണമെന്നുള്ള അപേക്ഷകളുമായി പ്രസിഡൻറിനെ അത്രവളരെ പേർ സമീപിച്ചതായി നാം കേൾക്കുന്നില്ല. ദേശീയത്വത്തിൽ ഇവിടെയുള്ളവർ അവിടെയുള്ളവരെക്കാൾ ഒട്ടും പിന്നോക്കമല്ല. ഇതിനു മുമ്പു നമ്മെ ഭരിച്ചുകൊണ്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. O. Markos]

ഒരു ജനതയുടെ ഭാഷതന്നെ ഉപയോഗിക്കണമെന്ന് ആരും ആവശ്യപ്പെടുന്നില്ല. നമ്മുടെ നിയമങ്ങൾ വളർന്നു വന്നിട്ടുള്ളതുതന്നെ ഇംഗ്ലീഷുനിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. നമ്മുടേതെന്നതന്നെയല്ല ലോകമൊട്ടുക്കുള്ള അനേകരാജ്യങ്ങളിലെ നിയമങ്ങളും ഇംഗ്ലീഷ് നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വളർന്നു വന്നിട്ടുള്ളതു്. കൂടാതെ നാം ഇന്നു നിർമ്മിക്കാൻ പോകുന്ന ഭരണഘടനതന്നെ ബ്രിട്ടീഷ് കാൺസ്റ്റിറ്റ്യൂഷന്റെ രൂപത്തിൽ, വെസ്റ്റ്മിനിസ്റ്റർ മാതൃകയിൽ ആണ് ഉണ്ടാകുവാൻ പോകുന്നതു്. അതുകൊണ്ടു് ഇംഗ്ലീഷ് ഭാഷയിലാണ് നമുക്ക് കാൺസ്റ്റിറ്റ്യൂഷൻ എഴുതേണ്ടതു്. കൂടാതെ ശ്രീമാൻ പി. റ്റി. ചാക്കോ മുതലായവർ പറഞ്ഞതുപോലെ സങ്കുചിതമായി തിരുവിതാംകൂറിൽ മാത്രം വളർന്ന് ഇവിടെതന്നെ കഴിയേണ്ടവരല്ലാ നാം. ഇൻഡ്യയ്ക്ക് ഒരു പൊതുഭാഷ വേണമെന്ന് പ്രത്യേക താൽപര്യവും, അതിൽ യോജിപ്പും ഉണ്ടായിട്ടുപോലും ഇംഗ്ലീഷ് ഭാഷക്കുടി ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിൽ സ്വീകരിച്ചിരിക്കുന്നു. മലയാളത്തിൽ സാങ്കേതികമായ പദങ്ങൾ ഉണ്ടാകുന്നതുവരെ ഇംഗ്ലീഷ്ക്കുടി നമുക്കു വേണമെന്നാണു ഞാൻ പറയുന്നതു്. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. എന്നാൽ നിവൃത്തിയുള്ളിടത്തോളം മലയാളത്തിലും തമിഴിലും സംസാരിക്കുന്നതിന് പ്രസിഡൻറ് അനുജ്ഞാനൽകുകയും വേണം.

MR. MANNATHU PADMANABHA PILLAI : ഇപ്പോൾ എഴുതിയിരിക്കുന്ന വകുപ്പുകൊണ്ടു് ഇംഗ്ലീഷിൽ സംസാരിക്കുന്നതിനും പ്രസിഡൻറിന്റെ അനുവാദം വേണമെന്നുണ്ടോ ?

MR. V. O. MARKOS : ഇല്ല. മലയാളത്തിലും തമിഴിലും സംസാരിക്കുന്നതിനെ ബഹുമാനപ്പെട്ട പ്രസിഡൻറ് പ്രോത്സാഹിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞതു്.

MR. K. RAMAKRISHNA PILLAI (*Ambalappuzha I—General*) എന്റെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടും വലിയ ഒരു വാദപ്രതിവാദം ഇന്നലെയും ഇന്നുമായി ഇവിടെ നടന്നിട്ടുണ്ടു്. ഈ വാദപ്രതിവാദം മുഴുവൻ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്ന എനിക്കു ഒരു വസ്തുത മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്റെ ഭേദഗതിയിൽ അടങ്ങിയിരിക്കുന്ന തത്വം ഈ ഭേദഗതിയെ ശക്തിയായി എതിർത്ത എല്ലാ അംഗങ്ങളും അംഗീകരിച്ചു എന്നുള്ളതാണ് അതു്. അതുമായി എന്റെ ഭേദഗതിയെ എതിർത്തു

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചത് ശ്രീമാൻ പി. ടി. ചാക്കോ ആയിരുന്നു. വികാരത്തിന്റെ തള്ളൽകൊണ്ട് ഈ ഭേദഗതിയിൽ ആരും കുരുങ്ങിപോകരുത് എന്നുള്ള മുഖത്തോടുകൂടിയായിരുന്നു അദ്ദേഹം പ്രസംഗം ആരംഭിച്ചത്. ഭാഷയും സാഹിത്യവും തമ്മിലുള്ള വ്യത്യാസം എന്തെന്നു മനസ്സിലാക്കാതെയാണ് മലയാളഭാഷയുടെ മേൽ അദ്ദേഹം ഈ പരിഹാസവർഷങ്ങളെല്ലാം ചൊരിഞ്ഞത്. ഭാഷയും സാഹിത്യവുമായി പരസ്പരം അഭേദ്യമായ ബന്ധമുണ്ടെങ്കിലും ഭാഷ ഒരിക്കലും സാഹിത്യമാകുകയില്ല. ഈ വ്യത്യാസം മനസ്സിലാക്കാത്തതുകൊണ്ടാണ് നമ്മുടെ ഭരണാവടന കൃഷ്ണഗാഥയിലോ കിളിപ്പാട്ടിലോ എഴുതിയാൽ പോരെ എന്നു അദ്ദേഹം ചോദിച്ചത്. ഭാഷ ഒരു വൃക്ഷമാണെങ്കിൽ അതിലെ കുസുമങ്ങളുടെ സ്ഥാനമാണ് സാഹിത്യത്തിനുള്ളത്.

MR. P. T. CHACKO (*Kottayam II—General*) : അതെനിക്ക് നേരത്തെ അറിയാം.

MR. K. RAMAKRISHNA PILLAI : അതറിഞ്ഞുകൊണ്ടാണ് ഇങ്ങനെ പറഞ്ഞതെങ്കിൽ വളരെ സാഹസമായ പ്പോയി.

MR. R. V. THOMAS (*Meenachil II—General*) : ഭാഷയില്ലാതെ സാഹിത്യമുണ്ടാകുമോ ?

MR. K. RAMAKRISHNA PILLAI : ഉണ്ടാകുമെന്നു ഞാൻ പറഞ്ഞില്ല. എല്ലായാലും മലയാളവും തമിഴും ഇവിടെ ഔദ്യോഗികഭാഷയാക്കണമെന്നാണ് ഞാൻ പറയുന്നത്. ഇംഗ്ലീഷ് ഔദ്യോഗികഭാഷയായി സ്വീകരിക്കുകയാണെങ്കിൽ ഈ രണ്ടു മാതൃഭാഷകൾക്കും വലിയ ദോഷമുണ്ടാകുവാൻ ഇടയുണ്ട്. മലയാളഭാഷയ്ക്കു മാറു ഭാഷകളെപ്പോലെതന്നെ കാര്യക്ഷമതയുണ്ടെന്നു വിശ്വസിക്കുന്നവനാണ് ഞാൻ. മി. ചാക്കോതന്നെ ഉന്നയിച്ച വേറൊരു കാര്യം പളിയന്റെ ഭാഷയിലും വേട്ടുവന്റെ ഭാഷയിലും ഭരണഘടന എഴുതേണ്ടിവരുമെന്നുള്ളതാണ്. ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവന്റ അസംബ്ലിയിൽ ഹിന്ദുസ്ഥാനിമാത്രം സംസാരിക്കുന്നവരുടെ പ്രതിനിധ്യമാണോ ഉള്ളത്? ഇൻഡ്യയിലെ അനവധി ഭാഷകളെയും ഉപഭാഷകളേയും പ്രതിനിധീകരിക്കുവാൻ ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവന്റ അസംബ്ലി ആഗ്രഹിച്ചില്ലല്ലോ. രാഷ്ട്രം പ്രധാനമായി ഏതു ഭാഷയെ സ്വീകരിക്കുന്നുവെന്നാണ് ഇവിടെ നോക്കേണ്ടത്. അന്തർദേശീയാധിഷ്ഠാനത്തിൽ ഇംഗ്ലീഷ് ഭാഷ സ്വീകരിക്കേണ്ടതാണെന്നുള്ള ഒരു നിലയാണ് പലരും ഇവിടെ സ്വീകരിച്ചു കണ്ടത്. എന്നാൽ ഈ മലയാളവും തമിഴും അന്തർദേശീയഭാഷകളുടെ കൂട്ടത്തിൽ പെടുത്തുവാനും അന്തർദേശീയ താൽപര്യങ്ങളിൽ നമ്മുടെ ഈ ഭാഷകൾക്കുകൂടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ramakrishna Pillai]

സ്ഥാനം ലഭിക്കുവാനംക്രുടി വേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

മലയാളവും തമിഴും അന്തർദേശീയതത്വത്തിലേക്കു കൊണ്ടുപോകുന്നതിനുള്ള വഴക്കാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. അന്തർദേശീയാടിസ്ഥാനത്തിൽ നിന്നുകൊണ്ടാണ ഞാനും സംസാരിക്കുന്നത. നമുക്ക് ഇവിടെ ഒരു ഭാഷ ഉണ്ടെന്നും, അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടെന്നും, അതിനു രൂപം കൊടുത്തിട്ടുണ്ടെന്നും മനസ്സിലാക്കിയായിരിക്കണം ഭരണഘടന രൂപീകരിക്കുവാൻ. നമ്മുടേതു എന്നു പറയാവുന്ന ഒരു സമ്പ്രദായം അന്തർദേശീയതത്വത്തിൽ സമന്വിപ്പിക്കുവാൻ വേണ്ടിയാണ് ഈ രണ്ടു ഭാഷയ്ക്കും നാം പ്രാധാന്യം കൊടുക്കണമെന്നു പറഞ്ഞതു്.

Mr. P. T. CHACKO : മലയാളഭാഷയിൽ ഭരണഘടന എഴുതി ഉണ്ടാക്കിയാൽ മലയാളഭാഷയെ ഒരു ഇൻറർനാഷണൽ ലാംഗ്വേജ് ആക്കാമെന്നാണോ ബഹുമാനപ്പെട്ട മെംബർ ഉദ്ദേശിക്കുന്നത് ?

Mr. K. RAMAKRISHNA PILLAI : അതിനാൽ മലയാളമോ, തമിഴോ ഇവിടെ ഔദ്യോഗികഭാഷയായി സ്വീകരിക്കണം. ഇംഗ്ലീഷു എന്ന പദം ഈ രൂളിൽനിന്നും എടുത്തുകളയണം. ഇവിടത്തെ സഭാനടപടികളം നിയന്ത്രിക്കുന്ന പ്രസിഡൻറിനോടു് " എനിക്കു മലയാളവും തമിഴും സംസാരിക്കാൻ നിവൃത്തിയില്ല " എന്നു പറഞ്ഞാൽ വേറെ ഏതെങ്കിലും ഭാഷയിൽ സംസാരിക്കാൻ അദ്ദേഹത്തിനു അനുവാദം കൊടുക്കാവുന്നതും അതിൻെറ ചുരുക്കം മലയാളത്തിലൊ തമിഴിലൊ, ആവശ്യമുള്ളപക്ഷം നൽകാവുന്നതുമാണ്. ഇംഗ്ലീഷു് എന്ന പദം ഈ രൂളിൽനിന്നും എടുത്തുകളയണം എന്നു പറയുന്നതു്, മലയാളമോ, തമിഴോ കേട്ടാൽ അറിയാവുന്നവരാണ് ഇവിടെ ഇരിക്കുന്ന മെംബറന്മാർ എന്നുള്ളതുകൊണ്ടാണ്. അങ്ങനെ ഇംഗ്ലീഷു എന്ന പദം ഈ രൂളിൽനിന്നും എടുത്തുകളയാത്തപക്ഷം അതു നമ്മുടെ മാതൃഭാഷയോടു കാണിക്കുന്ന ഒരു ദ്രോഹമാത്രമാണ്; എന്നാണ് എനിക്കു പറയുവാനുള്ളതു്.

മനുഷ്യനുവേണ്ടി മനുഷ്യൻ ഉണ്ടാക്കുന്നതാണ് നിയമം. നാം ഉണ്ടാക്കുന്ന ഒരു നിയമം ഭേദഗതി ചെയ്യുന്നതിനും, പുനരാലോചിക്കുന്നതിനും നമുക്കവകാശമുണ്ട്. എങ്കിലും ഒരൊറ്റ വ്യക്തിയുടെയും പൗരസ്വാതന്ത്ര്യത്തെ നിഹനിക്കുന്നതായി ആ നിയമത്തെ വ്യാഖ്യാനിക്കാൻ പാടില്ല. ഒരു വ്യക്തിയുടെയും സ്വാതന്ത്ര്യത്തെ തടയണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെന്നല്ലാ ഞാൻ ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു. നമ്മുടെ ഈ ഭരണഘടന എഴുതി ഉണ്ടാക്കുന്നതു് നാട്ടിലുള്ള എല്ലാവർക്കും മനസ്സിലാകാനും, അഭിപ്രായം പറയാനുംവേണ്ടി, ഏറ്റവും കൂടുതൽ ജനങ്ങൾ കൈകാര്യംചെയ്യുന്ന ഭാഷയിൽ വേണമെന്നാണു് എന്റെ അഭിപ്രായം.

MR. ABDUL AZIZ : ഒരു ചോദ്യം.

MR. K. RAMAKRISHNA PILLAI : ചോദ്യങ്ങൾക്കു ഉത്തരം പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

MR. ABDUL AZIZ : ഒരു പോയിന്റ് ഓഫ് ആഡ്ർ. ഒരു ഭേദഗതി അവതരിപ്പിച്ച മെമ്പർ, ആ ഭേദഗതിയെപ്പറ്റി വാദപ്രതിവാദം നടന്നശേഷം മറുപടി പറയുന്ന അവസരത്തിൽ ചോദ്യങ്ങൾക്കു ഉത്തരം പറയാൻ നിർബന്ധിതനാണോ ?

MR. PRESIDENT : നിർബന്ധിതനല്ല.

MR. K. RAMAKRISHNA PILLAI : നിയമപരമായ ബുദ്ധി ഉപയോഗിച്ചു് ഇംഗ്ലീഷു സ്വീകരിക്കേണ്ടതാണെന്നു് എന്റെ ഒരു മാന്യസ്നേഹിതൻ ഇവിടെ പറഞ്ഞു. നിയമപരമായും, രാഷ്ട്രീയമായും ഉള്ള വിവേചനാബുദ്ധി ഉപയോഗിച്ചുതന്നെയാണു് ഞാൻ പറയുന്നതു്. മലയാളത്തിലും തമിഴിലും നിയമപരമായും, രാഷ്ട്രീയമായും ഉള്ള പുരോഗതിക്കു് തടസ്സമാകത്തക്കവിധത്തിൽ യാതൊന്നുംതന്നെയില്ല. ഔദ്യോഗികമായി ഈ രണ്ടു ഭാഷകളും സ്വീകരിക്കേണ്ടതാണു്. ഈ സന്ദർഭത്തിൽ, ഇതു സ്വീകരിക്കാതെ ഇരിക്കുന്നപക്ഷം ഇനി ഒരവസരത്തിലും സ്വീകരിക്കുവാനുള്ള സൗകര്യം നമുക്കു ലഭിക്കുന്നതല്ല. ഈ പരാധീനതയിൽനിന്നും നമുക്കു ഒരു വിമോചനം ആവശ്യമാണു്. അതിനുവേണ്ടി ഈ അവസരം ഉപയോഗിക്കുമെന്നും, നിയമസമിതിയിൽ ഈ സംഗതിക്കുടി ഉൾപ്പെടുത്തണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

MR. K. R. ELANKATH : പരാധീനത എന്താണെന്നു മനസ്സിലാകുന്നില്ല.

MR. ABDUL AZIZ : ചോദ്യങ്ങൾക്കു ഉത്തരം പറയേണ്ടതു ഒരു സാധാരണ മര്യാദയല്ലേ ?

MR. PRESIDENT : ഈൽഡ് ചെയ്യാതിരിക്കുന്നപക്ഷം അപ്രകാരം ചോദ്യങ്ങൾ ചോദിക്കാൻപാടില്ല.

MR. K. RAMAKRISHNA PILLAI : മലയാളത്തിലൊ, തമിഴിലൊ നടപടികൾ എഴുതിയതുകൊണ്ടു കാര്യക്ഷമതയുണ്ടാകയില്ല എന്നു് എങ്ങനെ

[Mr. K. Ramakrishna Pillai]

പറയാൻ കഴിയും ? നമ്മുടെ മാതൃഭാഷയ്ക്കും മറ്റു ഭാഷകളെപ്പോലെ കാര്യക്ഷമതയുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. അതിനുവേണ്ടി ഒരു പരീക്ഷണം നടത്തിയതായി ഞാൻ അറിഞ്ഞിട്ടില്ല. അങ്ങനെ ഒരു പരീക്ഷണം നടത്താതെ ദോഷഫലങ്ങൾ മുണ്ടിക്കാണിക്കുന്നതു ശരിയല്ല. മലയാളത്തിനും തമിഴിനും കഴിവുകൾ പ്രകടമായിട്ടുണ്ടു്. ആ കഴിവുകൾ ശരിയായി ഉപയോഗിച്ചു് എല്ലാവർക്കും മനസ്സിലാകത്തക്ക വിധത്തിൽ ഈ വ്യവസ്ഥ ഭേദപ്പെടുത്തണമെന്നു മാത്രമാണു് എനിക്കു പറയുവാനുള്ളതു്. എന്റെ സ്നേഹിതൻ മി. രാമചന്ദ്രൻ ഇംഗ്ലീഷു ഭാഷയെ ഞാൻ നിഷേധിച്ചു എന്നു് ഇവിടെ പറയുകയുണ്ടായി. ഇംഗ്ലീഷിനെ നിഷേധിക്കാനോ, അനാദരിക്കാനോ എന്നെപ്പോലെയുള്ള ഒരാളിനു സാധ്യമല്ല. അതുകൊണ്ടു് അദ്ദേഹം അങ്ങനെ വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസക്തമല്ലാത്ത പല കാര്യങ്ങളും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റി ഒന്നും സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മൗലികമായ ഉപയോഗത്തെ കരുതി ഔദ്യോഗികഭാഷയായി ഈ രണ്ടു ഭാഷകളും അംഗീകരിക്കുകയാണു വേണ്ടതു്. അതാണെന്റെ തത്വം പല സ്നേഹിതന്മാരും ഇവിടെ സ്പഷ്ടീകരിക്കുകയുണ്ടായി. എന്റെ ഭേദഗതിയെ എല്ലാ സ്നേഹിതന്മാരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു. നാം പുതിയ ഒരു പരിവർത്തന കാലഘട്ടത്തിലേക്കു കാൽ വച്ചിരിക്കുന്നു. ഇതു ഒരു ജനപ്രതിനിധിസഭയാണു്. ജനങ്ങളുടെ പ്രതിനിധികൾ ആയിരിക്കുന്നിടത്തോളംകാലം, ജനങ്ങളുടെ അവകാശസംരക്ഷകർ എന്ന നിലയിൽ, അവരുടെ ഭാഷതന്നെ ഔദ്യോഗികഭാഷയായി സ്പീകരിക്കണമെന്നുള്ളതിനു് നാം ബാധ്യസ്ഥരാണെന്ന ഓർമ്മക്കുറി അനുസ്മരിപ്പിച്ചുകൊണ്ടു് ഈ ഭേദഗതി സഭ ഐകകണ്ഠ്യേന സ്പീകരിക്കണമെന്നപേക്ഷിക്കുന്നു.

The amendment to Rule 25 (1) was then put and lost.

MR. G. RAMACHANDRAN: Sir, I demand a poll. A poll was taken with the following result.

AYES 43.

1. Mr. Abdul Majeed
2. Mr. Adichan (Chennan)
3. Mr. Aiyappan (Krishnan)
4. Mr. Alexander Vakayil
5. Mr. R. Atchuthan
6. Mr. E. Bhaskaran
7. Mr. K. K. Chellappan Pillai
8. Mr. V. Devan
9. Mr. A. Eswara Pillai
10. Mr. V. Gangadharan Nair
11. Mr. P. C. George
12. Mr. P. Gopalan
13. Mr. Gopala Panicker (Padmanabha Panicker)

LIBRARY ARCHIVES Kerala Legislative Assembly

14. Mr. A. V. Joseph
15. Mr. N. S. Kochukunju
16. Mr. P. K. Krishnan Sastri
17. Mr. Thariathu Kunjithomman
18. Mr. P. Kunjukrishnan
19. Mr. N. Kunjuraman
20. Mr. Kuttappan (Kochayyappan)
21. Mr. Mankuzhi M. Madhavan
22. Mr. V. Madhavan
23. Mr. M. C. Mathew
24. Mr. P. Nanoo
25. Mr. Narayanan (Chittonpullan)
26. Mr. C. Narayana Pillai
27. Mr. G. P. Nilakanta Pillai
28. Mr. Mannathu Padmanabha Pillai
29. Mr. M. Pappu
30. Mr. Paul Thaliat
31. Mr. Philipose Muthalaly
32. Mr. G. Ramachandran
33. Mr. K. Ramakrishna Achari
34. Mr. M. Raman Pillai
35. Mr. Raphel G. Rodriguez
36. Mr. Sankara Pillai (Narayana Pillai)
37. Mr. K. N. Sankunni Pillai
38. Mr. K. Sekhara Panicker
39. Mr. Varghese Augustin
40. Mr. P. M. Varghese
41. Mr. U. K. Vasudevan Asari
42. Mr. K. Velayudhan Nair
43. Mr. Wilson Peter

NOES 64.

1. Mr. T. A. Abdulla
2. Mr. Abdul Aziz
3. Mr. A. Abdul Razak
4. Miss Accamma Cheriyan
5. Mr. Albert Lopez
6. Mr. S. Ambrose
7. Miss Annie Mascarene
8. Mr. A. Atchuthan
9. Mr. N. V. Chacko
10. Mr. P. Chacko
11. Mr. P. T. Chacko
12. Mr. Chandrasekhara Pillai
13. Mr. K. M. Chandy
14. Mr. Chellaswami Nadar
15. Dr. M. O. Cheriyan
16. Mr. A. Chidambaranatha Nadar
17. Mr. N. Daniel Jose
18. Mr. Sree V. Das
19. Mrs. Devaki Gopidas
20. Mr. Eapen Arakkal
21. Mr. K. R. Elankath
22. Mr. Elias Mary Antony
23. Mr. K. A. Gangadhara Menon
24. Mr. D. Gunasigamoni
25. Mr. M. Govindan
26. Mr. E. John Philipose
27. Mr. Joseph Malieckal
28. Mr. C. Kesavan
29. Mr. T. T. Kesavan Sastri
30. Mr. T. Kochukrishna Pillai
31. Mr. K. M. Korah
32. Mr. D. Krishnan Potti
33. Mr. Kumaran Asari
34. Mr. Kuttan Sankaran
35. Mr. E. K. Madhavan
36. Mr. Majid Marikar
37. Mr. V. O. Markos
38. Mr. K. A. Mathew
39. Mr. Mohammed Mustafa
40. Mr. K. A. Muhammed
41. Mr. T. K. Narayana Pillai

LIBRARY ARCHIVES Kerala Legislative Assembly

42.	Mr. P. S. Nataraja Pillai	54.	Mr. R. Sankar
43.	Mr. A. Nesamony	55.	Mr. Sankaran Nadar
44.	Mr. S. Nilakanta Aiyar	56.	Mr. K. Sivarama Pillai
45.	Mr. G. Nilakantan	57.	Mr. Ponnara G. Sreedhar
46.	Mr. K. P. Nilakanta Pillai	58.	Mr. A. Thanu Pillai
47.	Mr. A. K. Patchu Pillai	59.	Mr. P. Thanulingom Nadar
48.	Mr. Paulose (Pylee)	60.	Mr. R. V. Thomas
49.	Mr. D. Ponniah	61.	Mr. A. P. Udayabhanu
50.	Mr. K. Ramachandran	62.	Mr. N. P. Varghis
51.	Mr. P. K. Raman	63.	Mr. M. Varkey
52.	Mr. K. Raman Pillai	64.	Mr. V. K. Varghese
53.	Mr. Sadasivan		

NEUTRAL 1.

Mr. P. S. Mohammed.

MR. MANNATHU PADMANABHA PILLAI : എന്റെ ഭേഗതി ആലോചനക്കെടുക്കണം.

MR. PRESIDENT : ഈ വകുപ്പിനെ സംബന്ധിച്ച ഭേഗതികളെല്ലാം ഒരേ അർത്ഥത്തിലുള്ളവയാകയാൽ ഒന്നിച്ചു ചേർത്താണ് ഇവിടെ വാദപ്രതിവാദം നടത്തിയതു്.

MR. MANNATHU PADMANABHA PILLAI : എന്റെ ഭേഗതി വായിച്ചു കേട്ടതിന്റെശേഷം തീരുമാനിച്ചാൽകൊള്ളാം. ഫ-ാം വകുപ്പ് ഒന്നാം ഉപവകുപ്പിനു് ഞാൻ അയച്ചിട്ടുള്ള ഭേഗതിയിൽ സഭയിൽ ഹാജരാക്കുന്ന "നിശ്ചയങ്ങളും ഉപക്ഷേപങ്ങളും" എന്ന ഭാഗം ഹാജരാക്കുന്നില്ല. ഇപ്പോൾ ഹാജരാക്കുന്നതു് ഈ വിധത്തിലായിരിക്കും. "പ്രതിനിധിസഭയിൽ മലയാളത്തിലൊ തമിഴിലൊ സംസാരിക്കാം. ഇംഗ്ലീഷിൽ സംസാരിക്കുകയാണെങ്കിൽ അതിനു പ്രസിഡൻറിന്റെ യുക്തംപോലെ അനുമതി നൽകാമെന്നാണ്."

ഇതു് ഇതുവരെ ഇവിടെ സംസാരിച്ചിട്ടുള്ള എല്ലാ മെംബറന്മാരും തന്നെ സമ്മതിച്ചിട്ടുള്ള സ്ഥിതിക്കു്, അതു നിയമത്തിൽ ശരിയായിരിക്കുവാൻവേണ്ടിമാത്രമാണു് ഇവിടെ ഹാജരാക്കുന്നതു്.

HON'BLE MR. C. KESAVAN (*Quilon I—General*) : ഇവിടെ ഇതിനെ സംബന്ധിച്ചു് മി. രാമകൃഷ്ണപിള്ള കൊണ്ടുവന്ന ഭേഗതിയെ അനുകൂലിച്ചു് മി. മന്ദത്തു പത്മനാഭപിള്ള പ്രസംഗിക്കുകയും, ഭേഗതി വോട്ടിനിട്ടതിൽ തള്ളപ്പെട്ടുകയും ചെയ്ത സ്ഥിതിക്കു് വീണ്ടും ഈ ഭേഗതി ഹാജരാക്കാമോ എന്നുള്ളതിനു് ഒരു റൂളിംഗ് ആവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഈ റൂളിന് പലരും ഭേദഗതികളുയച്ചിട്ടുണ്ട്. ഭേദഗതികൾ ഇവിടെ സ്വീകരിച്ചിട്ടുള്ള അഡ്വർമുറയ്ക്ക് ഞാൻ വിളിക്കുകയാണ് ചെയ്യുന്നത്. ആ അവസരത്തിൽ അവക്ക് സൗകര്യമുണ്ടായിരുന്നു. അതിനാൽ മറ്റുള്ള ഭേദഗതികൾ എല്ലാം ഉപേക്ഷിച്ചിരിക്കുമെന്ന് ഉദ്ദേശിച്ച് എല്ലാ ഭേദഗതികളും ഒന്നിച്ച് പര്യാലോചിക്കുകയാണ് ചെയ്തത്. അതനുസരിച്ച് ഉ ഉ–ാം വകുപ്പ് ഫ–ാം ഉപവകുപ്പിനുള്ള ഭേദഗതികൾ എല്ലാം അവസാനിച്ചിരിക്കുന്നു. ഇനി യാതൊരു ഭേദഗതികളും ഹാജരാക്കാൻപാടില്ല എന്നാണ് എന്റെ അഭിപ്രായം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim Reserved*) : മി. രാമകൃഷ്ണപിള്ള ഇവിടെ അവതരിപ്പിച്ച ഭേദഗതിക്കു വിപരീതമായ ഒരു ഭേദഗതിയാണ്, ഞാൻ ഇവിടെ അവതരിപ്പിച്ചത്. മലയാളത്തിലും, തമിഴിലും, ഇംഗ്ലീഷിലും സംസാരിക്കുന്നപക്ഷം ഒരു മെംബർ ആവശ്യപ്പെട്ടാൽ അതിന്റെ തർജ്ജമ നൽകാൻ പ്രസിഡന്റ് അനുവദിക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി. അതിനാൽ എന്റെ ഈ ഭേദഗതിയെ പ്രത്യേകമായി പര്യാലോചിയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

MR. PRESIDENT : ഈ ഭേദഗതിയെ ഇവിടെ ആരും ഇതുവരെ അനുകൂലിച്ചുകണ്ടില്ല. അതുകൊണ്ട് ഭേദഗതി തള്ളിയിരിക്കുന്നു. (റൂൾ ഉ ഉ സബ് ക്ലാസ് ഡ) ഇതിനു മി. പൗലോസ് ഒരു ഭേദഗതി അയച്ചിട്ടുണ്ട്.

MR. E. P. POULOSE (*Muvattupuzha III—Genereal*) : ഉ ഉ–ാ മത്തെ റൂളിൽ ഒന്നാംഭാഗത്തിൽ മലയാളത്തിലൊ, തമിഴിലൊ, ഇംഗ്ലീഷിലൊ സംസാരിക്കാം എന്നുള്ളതു കഴിഞ്ഞു് അദ്ധ്യക്ഷന് യുക്തം എന്നു് തോന്നുകയാണെങ്കിൽ (ഇംഗ്ലീഷ്) എന്നുകൂടി ചേർക്കണമെന്നാണ് ഞാൻ ഈ ഭേദഗതിയെകൊണ്ട് ഉദ്ദേശിക്കുന്നതു്.

MR. A. P. UDAYABHANU (*Karunagapally II—General*) : ഇന്നലെ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചു് ആരും സപ്പോർട്ടചെയ്യാതെ പോയതാണ്.

MR. PRESIDENT : ഈ ഭേദഗതിയെ ആരും സപ്പോർട്ടചെയ്യാനില്ലെ എന്നു ഞാൻ ചോദിച്ചതാണ്. ആരും അനുകൂലിച്ചില്ല. ആ സ്ഥിതിക്ക് ഇപ്പോൾ എന്താണ് ചെയ്യേണ്ടതു് ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON : രൂം ഫ ൪—സബ്ജക്ട് കമ്മിറ്റി മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നു് എഴുതിയിരിക്കുന്ന ഭാഗം കഴിഞ്ഞാണ ഈ അമൻഡുമെൻറ് ചേർക്കേണ്ടതു് എന്നുണ്ട് ഈ അമൻഡുമെൻറുകൊണ്ടു കാണുന്നതു്. അതായതു ഫ ൪–ാമത്തെ രൂം സബ് കമ്മിറ്റി റിപ്പോർട്ടിൻറ അമൻഡുമെൻറായിട്ടാണ് ഈ അമൻഡുമെൻറ് അവതരിപ്പിച്ചിട്ടുള്ളതു്. ഫ ൪–ാമത്തെ രൂം സബ്കമ്മിറ്റി റിപ്പോർട്ട് പാസ്സാക്കിക്കഴിഞ്ഞശേഷം ഇങ്ങനെ ഒരമൻഡുമെൻറ് അവതരിപ്പിക്കുന്നതിനെ സംബന്ധിച്ച് റൂളിംഗ് ആവശ്യമാണ്.

MR. PRESIDENT : ഫ ൪–ാമത്തെ റൂളിലെ മറ്റ് സബ് ക്ലാസ്സാണെന്നാണ് ഞാൻ വിചാരിച്ചതു.

MR. K. A. GANGADHARA MENON : അല്ലാ. സബ്കമ്മിറ്റി റിപ്പോർട്ട് ഫ–ൽ ആണ് ഈ അമൻഡുമെൻറ് അയച്ചിരിക്കുന്നതു്.

MR. PRESIDENT : സബ്കമ്മിറ്റി റിപ്പോർട്ട് ഫ–ന് ആണെങ്കിൽ സാദ്ധ്യമല്ല.

MR. P. T. CHACKO : എൻറെ അഭിപ്രായത്തിൽ ഫ ൪–ാമത്തെ രൂം കഴിഞ്ഞിട്ടു ഫ ൫–ാമത്തെ റൂളായിട്ട് മുമ്പു് ഒരു ഭാഗം ചേർക്കണമെന്നാണു്. അതിനെ ഫ ൫–ാമത്തെ റൂളായി കൗണ്ടു ചെയ്യണം. അതിനു വേണ്ടി ഇപ്പോഴത്തെ ഫ ൫–ാമത്തെ രൂം മാറ്റുചെയ്യുന്നതിനുമുമ്പു് അനുവാദം കിട്ടേണ്ടതാണ്.

The following is the amendment: "*Notwithstanding anything contained herein the original of the Constitution to be drafted shall be in English.*"

MR. K. A. MOHAMMED(*Quilon IV—Muslim Reserved*) : ഫ ൪–ാമത്തെ റൂളനുസരിച്ചു മലയാളത്തിലൊ, തമിഴിലൊ, ഇംഗ്ലീഷിലൊ റിക്കാഡ് ചെയ്യാമെന്നു് വ്യവസ്ഥയുള്ള സ്ഥിതിക്കു ഫ ൪–ാമത്തെ രൂംകഴിഞ്ഞു് ഫ ൫–ാമത്തെ രൂം തുടങ്ങുംമുമ്പു് അതിനിടയ്ക്കു വേറൊരു റൂളിൻറ ആവശ്യമുണ്ടോ ?

MR. PRESIDENT : ആ റൂളിനെപ്പറ്റിയുള്ള മി. പി. ടി. ചാക്കോയുടെ വിശദീകരണം കഴിഞ്ഞശേഷം പറയാം.

MR. K. K. CHELLAPPAN PILLAI : ഇന്നലെ മി. പി. ററി. ചാക്കോ പ്രസംഗിച്ചപ്പോൾ ഈ പോയിൻറ് ഉന്നയിച്ചതുകൊണ്ടു് വീണ്ടും ആ ഭാഗം അവതരിപ്പിക്കാൻ അദ്ദേഹത്തിനു് അനുവാദം കൊടുക്കാമോ?

MR. PRESIDENT : അദ്ദേഹത്തിനു് ഞാൻ അനുവാദം കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : സർ, ഈ റൂം ഫ ഭ-ൽ പ്രൊസീഡിംഗ്സ്, സഭയിൽ ഏതു ഭാഷയിൽ നടക്കുന്നുവോ ആ ഭാഷയിൽ റിക്കാഡ് ചെയ്യാം എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ അതു് ഈ സഭയിൽ നടക്കുന്ന പ്രൊസീഡിംഗ്സിനെപ്പറ്റിയും മറ്റും ആണു്. എന്നാൽ റൂം ഫ ഭ-ൽ തിരുവിതാംകൂറിനെ സംബന്ധിച്ച ഭരണഘടന ഏതു ഭാഷയിൽ എഴുതിയുണ്ടാക്കണമെന്നു് പറഞ്ഞിട്ടില്ല. ഭരണഘടന എഴുതിയുണ്ടാക്കുന്നതു് നിശ്ചയമായും പല രാജ്യങ്ങളിലുള്ള ഭരണഘടനാചട്ടങ്ങളും നോക്കി ഈ സഭയിൽ നടക്കുന്ന ചർച്ചകൾമുഖേന തീരുമാനിക്കുന്നതനുസരിച്ചാണു്. ഈ സഭയിലെ ഓരോ കമ്മിറ്റിയിലും നടക്കുന്ന ചർച്ചകളും ഇതിന്റെ റിക്കാർഡ്സ് ആക്കും എന്നു പറയുന്നുണ്ടു്. അതു് ഏതേതു ഭാഷകളിൽ നടക്കുന്നുവോ ആ ഭാഷകളിൽത്തന്നെ ആയിരിക്കണമെന്നു് ഫ ഭ-ാമത്തെ റൂളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ഫ ഭ കഴിഞ്ഞു് ഫ ന്യ-ാമത്തെ റൂളിനുമുമ്പായി ഇപ്പോൾ നാം എഴുതിയുണ്ടാക്കുന്ന ഭരണഘടന ഏതു ഭാഷയിൽ ആയിരിക്കണം എന്നൊരു റൂളിന്റെ ആവശ്യമുണ്ടു്. ഇല്ലെങ്കിൽ, സ്ട്രിക്റ്റ് ആയി ഒരു വ്യാഖ്യാനം നാം കൊടുക്കയാണെങ്കിൽ, നാം എഴുതിയുണ്ടാക്കുന്ന റൂം പല ഭാഷയിൽ ആയിപ്പോകും. എന്തായാലും എഴുതിയുണ്ടാക്കുന്ന ഭരണഘടന ഏതു ഭാഷയിൽ ആയിരിക്കണം എന്നുള്ളതിനു് ഒരു തീരുമാനം ആവശ്യമാണു്.

"ഈ റൂം എന്തുതന്നെ പറഞ്ഞിരുന്നാലും ഭരണഘടന എഴുതിയുണ്ടാക്കുന്നതിന്റെ അസ്സൽ ഇംഗ്ലീഷിൽത്തന്നെ ആയിരിക്കണം," എന്നാണു്. ഈ ഭാഗത്തിനു് ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല. സഭ ഇപ്പോൾ അംഗീകരിച്ച അതേ സംഗതിയെ വിശദീകരിക്കുന്ന ഒരു റൂം ആണു്. അതിനാൽ ഈ റൂം ഫ ഭ-ാമത്തെ റൂം കഴിഞ്ഞിട്ടു് ഫ ന്യ-ാമത്തെ റൂളായി ചേർക്കണം എന്നാണു് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തോടു് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ അനുകൂലിക്കണമെന്നപേക്ഷിക്കുന്നു.

MR. S. NILAKANTA AIYAR (*Trivandrum I—General*) : ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

MR. MANNATHU PADMANABHA PILLAI : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇപ്പോൾ പാസ്സാക്കിയിരിക്കുന്ന നിയമംകൊണ്ടു് മലയാളം, തമിഴ്, ഇംഗ്ലീഷു് ഈ മൂന്നു ഭാഷകളും ഈ അസംബ്ളിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr Mannathu Padmanabha Pillai.]

ഉപയോഗിക്കാമെന്നും ഇംഗ്ലീഷ് സംസാരിക്കുന്നതിന് ചെയറിന്റെ പ്രത്യേകാനുവാദം ആവശ്യമില്ലെന്നും വന്നു കഴിഞ്ഞു. അതിനെ അനുകൂലിച്ച് സംസാരിച്ചിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരും വോട്ടുചെയ്തിട്ടുള്ളവരും മലയാളത്തിലും തമിഴിലും തന്നെ നടപടികളെല്ലാം വരത്തക്കവണ്ണം സംസാരിക്കുകയും നിവൃത്തിയുള്ളിടത്തോളം മാതൃഭാഷയിൽതന്നെ നടപടികൾ ഉണ്ടാക്കുകയും ചെയ്യണമെന്നും എന്നാൽ ഇംഗ്ലീഷു തീരെ കൈയ്വെടിയണമെന്ന സംഗതി, ചിലക്ക് അവരുടെ അഭിപ്രായം ശരിയായി പറയുന്നതിന് വിഷമമായി തീർന്നേക്കുമെന്നുള്ളതിനാൽ ഇംഗ്ലീഷുഭാഷയിൽക്കൂടി വേണമെങ്കിൽ സംസാരിക്കാമെന്നും ഉള്ള വാദഗതിയാണ് പുറപ്പെടുവിച്ചത്. അതുകൂടുന്നിടത്തോളം സൌകര്യങ്ങൾ നൽകി മാതൃഭാഷയെ അഭിവൃദ്ധിപ്പെടുത്തുകയും കൂടുതൽ കൂടുതലായി വിദേശഭാഷയായ ഇംഗ്ലീഷിനെ അകറ്റുകയും ചെയ്യുന്നതിനുപകരിക്കുന്ന ഒരു ഭേദഗതിയാണ് ഇന്നലെ തള്ളപ്പെടുകയുണ്ടായത്. എന്നാൽ ഇന്ന് നേരെമറിച്ച്, ഇംഗ്ലീഷിനും കൂടി സൌകര്യങ്ങൾ കൊടുക്കണമെന്നുള്ളതിനേക്കവാണത്രേ, നാം ഇപ്പോൾ എഴുതിയുണ്ടാക്കുന്ന നിയമങ്ങൾ ഇംഗ്ലീഷിൽതന്നെ ആയിരിക്കണമെന്നുകൂടി ഒരു വകുപ്പ് മി. പി. റ്റി. ചാക്കോ ഇവിടെ കൊണ്ടുവന്നിരിക്കുന്നു. ഇത് ഇവിടെ പാസ്സാക്കുന്നപക്ഷം പുറംതള്ളപ്പെടാൻ കാത്തിരിക്കുന്ന ഇംഗ്ലീഷിനെ വലിച്ചുഴച്ച് ഇവിടെ കൊണ്ടുവരികയും മാതൃഭാഷയായ മലയാളത്തെ പുറംതള്ളുകയും ചെയ്യുക്കുക ഒരു പരിതസ്ഥിതിയാണ് സംജാതമാകുന്നത്. വൈദേശിയ ദിവാൻജിമാർ തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്തു് അവർ ധാരാളം പരിചയിച്ചിരുന്ന ഇംഗ്ലീഷിനെ അവർ ഇവിടെ കൊണ്ടുവന്ന് പരത്തി മാതൃഭാഷയെ ചവിട്ടിത്തേക്കുകയും അങ്ങനെ മാതൃഭാഷയുടെ സ്ഥിതി മോശപ്പെടുകയും ചെയ്തു. ഇന്നാണെങ്കിൽ, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സമിതി, നമ്മുടെ ഭരണകാര്യങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ എഴുതി ഉണ്ടാക്കുന്നതിനും നമ്മുടെ മാതൃഭാഷയുടെ അഭിവൃദ്ധി ഉണ്ടാക്കുന്നതിനും മറ്റുമുള്ള കാര്യങ്ങളിൽ ചുമതല വഹിച്ചിരിക്കുകയാണ്. ദേശാഭിമാനികളും മാതൃഭാഷാസ്നേഹികളുമായ തിരുവിതാംകൂറിലെ ഉത്തമ പുരുഷന്മാർ നമ്മുടെ രാജ്യത്തെ മന്ത്രിപദം അലങ്കരിക്കുന്നു. ഇങ്ങനെയുള്ള ഈ സന്ദർഭത്തിലാണ് നമ്മുടെ സാധാരണക്കാർക്കു മനസിലാകാത്തവണ്ണം അവരുടെ കാര്യങ്ങളെ സംബന്ധിക്കുന്ന ഭരണഘടന ഇംഗ്ലീഷിലാക്കണമെന്നു കൊണ്ടുവന്നിരിക്കുന്നത്. മാതൃഭാഷയിൽ നിവൃത്തിയുള്ളിടത്തോളം സംസാരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും ഇംഗ്ലീഷ് ഭാഷ നിവൃത്തിയില്ലാതെ വരുന്ന സന്ദർഭങ്ങളിൽമാത്രം ഉപയോഗിക്കണമെന്നും മറും പറഞ്ഞപ്പോൾ ഇന്നലെ, ചിലർ പറഞ്ഞു, അത് സങ്കുചിതമായ അഭിപ്രായമാണ്, നമുക്ക് ലോകഭാഷയാണ് ആവശ്യം, ഇംഗ്ലീഷു ലോകഭാഷയാണ്, എന്നും മറും ഒക്കെ. എല്ലാം ലോകം. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കുന്നു, നാം എന്തിനാണ് ഇവിടെ ഭരണഘടനയുണ്ടാക്കുന്നത്, നമുക്കു ഒരു ലോകഭരണഘടനപോരേ എന്ന്. ചിലർ പറയുന്നു, മലയാളത്തിൽ ഭരണഘടന എഴുതി ഉണ്ടാക്കിയാൽ വ്യാഖ്യാനത്തിൽ പല വ്യത്യസ്താഭിപ്രായങ്ങളും ഉണ്ടായിപ്പോകുമെന്ന്. മലയാളത്തിൽ ഭരണഘടനയാതൊരു വ്യാഖ്യാന വ്യത്യാസങ്ങൾക്കും ഇടകൊടുക്കാതെ ഇവിടെ എഴുതിയുണ്ടാക്കാൻ സാധിക്കുമെന്നാണ്, എന്റെ വിശ്വാസം. അഥവാ ചില കുറവുകളുണ്ടായിരുന്നാൽതന്നെയും അത് നികത്താൻ നമുക്ക് സാധിക്കുന്നതല്ലേ. അങ്ങനെ ഏതെങ്കിലും വ്യാഖ്യാനവ്യത്യാസമുണ്ടായിട്ടോ മറു കുറവുകൾ ഉള്ളതായിട്ടോ കാണുകയാണെങ്കിൽ അപ്പോൾ നമുക്ക് അതിനെ നികത്തിക്കൂടേ? ഇവിടെ നിയമസഭ എന്നും ഉണ്ടല്ലോ. ഇവിടത്തന്നെവച്ച് അത് മാറാമല്ലോ. അല്ലാതെ മലയാളത്തിലോ തമിഴിലോ എഴുതിയാൽ അപൂർണ്ണമായിരിക്കുമെന്നു പറയുന്നത് ദേശാഭിമാനത്തിന്റെ ലക്ഷണമല്ലല്ലോ. ഇംഗ്ലീഷ് ഭാഷ ആദ്യമേതന്നെ പൂർണ്ണമായിരുന്നോ എന്നു ഞാൻ ചോദിക്കുന്നു. അത് അപൂർണ്ണമാണെന്നു വച്ചു ഇംഗ്ലീഷുകാർ മറു ഭാഷകളിലാണോ നിയമമുണ്ടാക്കിയത്. കാലം ചെല്ലുന്തോറും അപൂർണ്ണത നികത്തിക്കൊണ്ടുവരാൻ സാധിക്കുന്നതാണ് എന്നുള്ള വസ്തുത നാം മറക്കരുത്.

ഇന്നലെ മിസ്റ്റർ ചാക്കോ പറയുകയുണ്ടായി, നല്ല പലഹാരം കഴിക്കണമെന്ന് ആഗ്രഹമുണ്ടാകുകയും എന്നാൽ സ്വന്തം ഭാര്യക്ക് നല്ല പലഹാരം ഉണ്ടാക്കാനറിയാതെ വരികയും ചെയ്യുന്ന സമയത്തു് നല്ല പലഹാരമുണ്ടാക്കാനറിയാവുന്ന ഏതെങ്കിലും സ്ത്രീകളേക്കൊണ്ടു അതുണ്ടാക്കിച്ചു കഴിക്കുകയല്ലാതെ ഭാര്യക്ക് നല്ല പലഹാരം ഉണ്ടാക്കാൻ അറിയാൻ വയ്യാത്തതുകൊണ്ട് ചീത്ത പലഹാരം ഉണ്ടാക്കിച്ചു തിന്നുകയാണോ വേണ്ടതു് എന്ന്. അങ്ങനെ സ്വന്തം ഭാര്യയേക്കാൾ പലഹാരത്തിനോടാണ് സ്നേഹം കൂടുതലെങ്കിൽ, ഭാര്യയ്ക്ക് സംഗീതമറിഞ്ഞുകൂടെന്നു പറഞ്ഞു പാട്ടുകാരികളുടെ പുറകേ പോകുവാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവർ സ്വന്തം ഭാര്യ എന്നുള്ള വൃഥാഭിമാനം ഉപേക്ഷിച്ചു് പാചകികളുടെയും പാട്ടുകാരികളുടേയും പുറകേ പോകുകയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

യിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മാതൃ ഭാഷയായ മലയാളത്തെ ഇനിയും പുറംതള്ളുവാൻമാത്രം സഹായിക്കുന്ന ഈ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു.

MR. K. N. SANKUNNI PILLAI (*Kottayam IV—General*) : ഇവിടെ ഇന്നത്തെ വാദപ്രതിവാദങ്ങളിൽനിന്നും എനിക്ക് മനസ്സിലാകുന്നതു്, ഏതു ഭാഷയിലാണ് റിക്കാഡുകൾ വയ്ക്കേണ്ടതെന്നുള്ളതിനെക്കുറിച്ചാണെന്നാണ്. ഇവ ഇംഗ്ലീഷിലായിരിക്കണമെന്ന് ഒരു ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നു. ഇപ്പോഴത്തെ വാദഗതികൾ നോക്കുമ്പോൾ പറഞ്ഞയച്ച സാധ്യനെ ഇവിടെ തിരികെ വിളിക്കാനുള്ള ആരംഭമാണെന്നാണ് എനിക്കു തോന്നുന്നതു്. ജനായത്തസിദ്ധാന്തങ്ങളനുസരിച്ച് ഉണ്ടാക്കുന്ന ഭരണഘടന അവർക്കു മനസ്സിലാക്കാൻ വയ്യാത്ത ഒരു ഭാഷയിൽ പറയുന്നതിന്റെ അർത്ഥം എന്താണെന്നു ഒരു ചിന്താകുഴപ്പം വന്നുപോകുന്നു. ഞാൻ ഒരു നിയമജ്ഞനല്ല. എന്നാലും ഇങ്ങനെ ഒരു സംശയം ഈ വാദഗതികൾ നോക്കുമ്പോൾ തോന്നിപോകുന്നുണ്ട്. തിരഞ്ഞെടുപ്പുകാലത്തു ഇതു പാമരന്മാർക്കും സാധാരണ ജനങ്ങൾക്കും വേണ്ടിയുള്ള ഒരു ഭരണഘടനാ സമിതിയാണു തുടങ്ങാൻ പോകുന്നതെന്നും മറ്റും ഉൽഘോഷിച്ചിട്ടു് ഇപ്പോൾ അവക്ക് മനസ്സിലാകാൻ വയ്യാത്ത മട്ടിലുള്ള ഒരു ഭരണഘടന എഴുതി ഉണ്ടാക്കണമെന്നു് നിർബന്ധംപിടിക്കുമ്പോൾ എനിക്കു ചിന്താകുഴപ്പം വന്നുപോകുന്നുണ്ടു്. അതിനാൽ കാര്യം ആരെങ്കിലും എന്നെ പറഞ്ഞു മനസ്സിലാക്കിയാൽ കൊള്ളാം.

MR. P. M. VARGHESE : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇപ്പോൾ ഇവിടത്തെ നടപടികൾ ഏതു ഭാഷയിൽ വേണമെങ്കിലും ആകാമെന്നു് ഒരു ഭേദഗതി പാസ്സായി. എന്നാൽ ഇപ്പോഴത്തെ ഭേദഗതിപ്രകാരം ഇവിടെ നാം ഉണ്ടാക്കാൻ പോകുന്ന ഭരണഘടനയുടെ മൂലഗ്രന്ഥങ്ങൾ ഇംഗ്ലീഷിലായിരിക്കണമെന്നാണ്. ഇതാണോ ദേശീയത്വമെന്നുള്ള പാഠംകൊണ്ടു മനസ്സിലാക്കയിരിക്കുന്നതെന്നു് ഞാൻ ചോദിക്കുന്നു. ഇന്നത്തെ നമ്മുടെ സ്കൂളുകളിൽ, പ്രൈമറി സ്കൂളുമുതൽ കോളേജുവരെയുള്ള സകല വിദ്യാഭ്യാസകേന്ദ്രങ്ങളിലും മാതൃഭാഷ കഴിയുന്നതും കൂടുതൽ ഉപയോഗപ്പെടുത്തി അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് ഇപ്പോഴത്തെ നയം. അങ്ങനെയിരിക്കെ ജനകീയ സിദ്ധാന്തമനുസരിച്ച് എഴുതിയുണ്ടാക്കാൻ പോകുന്ന ഭരണഘടനയുടെ മൂലം

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷിലായിരിക്കണമെന്നും മലയാളത്തിൽ ഭരണഘടനയുണ്ടാക്കിയാൽ പോരെന്നും, കാരണം അതു് വെളിയിലുള്ളവക്കുകൂടി മനസ്സിലാക്കണമെന്നും പറയുന്നതു് ഒർഗ്രഹംതന്നെ. നിർബന്ധമാണെങ്കിൽ ഇപ്പോഠം ഇംഗ്ലീഷിൽ മൂലമുണ്ടാക്കി മലയാളത്തിൽ തർജ്ജമ ചെയ്യുന്നതുപോലെ മലയാളത്തിൽ മൂലമുണ്ടാക്കി ഇംഗ്ലീഷിൽ തർജ്ജമ ചെയ്താൽപോരേ എന്നു് ഞാൻ ചോദിക്കുന്നു. ഇവിടെ ഭൂരിപക്ഷം തമിഴരും മലയാളികളായതുകൊണ്ടും, എവിടെയും ഭൂരിപക്ഷാഭിപ്രായപ്രകാരമാണു് കാര്യങ്ങൾ നടന്നുപോകുന്നതെന്ന അറിവുള്ളതുകൊണ്ടുമാണു മലയാളത്തിൽ വേണമെന്നു ഞാൻ പറഞ്ഞതു്.

MR. A. NESAMONY : பாஷையை சம்பந்தித்து பூரிபட்சத்துடன் சேரமுடியுமா ?

MR. P. M. VARGHESE : ഇവിടത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷം മലയാളികളായതുകൊണ്ടും, എവിടെയും ന്യൂനപക്ഷസമുദായങ്ങൾ ഭൂരിപക്ഷസമുദായങ്ങളുടെ അഭിപ്രായത്തിനെ അനുരിച്ചു് കഴിഞ്ഞുപോകേണ്ടതുമതല ഉള്ളതു കൊണ്ടും.

MR. T. KOCHUKRISHNA PILLAI (*Kalkulam I—General*) : பாமர மக்கள் அறிந்துக்கொள்வதற்கு இந்தத் திட்டத்தைப்படித்துத்தான் ஆகவேண்டுமா? அல்லது அனுபவத்தால் தெரிந்துகொள்ள இயலாதா ?

MR. PRESIDENT : ചോദ്യങ്ങൾ ചോദിക്കാനുണ്ടെങ്കിൽ മാത്രം ചോദിക്കാം. പ്രസംഗിക്കുന്നതിനു് സമയമില്ല.

MR. A. CHIDAMBARANATHA NADAR : Sir, அதே கேள்விதான் பாஷையை.....

MR. ABDUL AZIZ : അപ്പോൾ ന്യൂനപക്ഷസമുദായങ്ങൾ ഭൂരിപക്ഷസമുദായങ്ങളുടെ സമ്മർദ്ദത്തിൽ കഴിയണമെന്നാണോ പറയുന്നതു.

MR. P. M. VARGHESE : അല്ല. അതായതു്, ഭൂരിപക്ഷാഭിപ്രായപ്രകാരമല്ലാതെ കാര്യങ്ങൾ നടത്താൻ നിവൃത്തിയില്ല. എന്റെ പ്രിയപ്പെട്ട തമിഴ് സ്നേഹിതന്മാരോടു് എനിക്കു പറയുവാനുള്ളതു ഇവിടെ തമിഴിനെ സംബന്ധിച്ചിടത്തോളം അതുപോലെ വിപരീതാഭിപ്രായം ഇല്ലെന്നാണു്. ഇംഗ്ലീഷു് വേണ്ടെന്നു വയ്ക്കണമെന്നുള്ളതിലാണു അഭിപ്രായ വ്യത്യാസം.

MR. A. CHIDAMBARA NATHA NADAR : Sir, one question அது பாஷையை சம்பந்தித்தது.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : നേരത്തെ രൂപം ചെയ്തുപോലെ ചോദ്യങ്ങൾ ചോദിക്കാം. പ്രസംഗിക്കാൻ പാടില്ല.

MR. T. KOCHUKRISHNA PILLAI : எந்த அடிப்படைத்தத்துவத்தை கொண்டு மலையாளம் மூலாதாராபாஷையாக்கவேண்டுமென்று சொல்கிறார்களோ அதே தத்துவத்தின் அடிப்படை வைத்து எங்களுக்கு தமிழ் பாஷையிருக்கவேண்டாமா ?

MR. P. M. VARGHESE : നമ്മുടെ ബാലികാബാലന്മാർ മലയാളഭാഷയിൽ അഭ്യസനം നടത്തി അഭ്യസ്തവിദ്യരായി സർവകലാശാലകളിൽ നിന്നും പുറത്തുവരുമ്പോൾ കേവലം അപരിചിതമായ ഇംഗ്ലീഷുഭാഷയിൽ നിർമ്മിച്ചിട്ടുള്ള ഭരണഘടനാമൂലഗ്രന്ഥം വായിക്കണമെന്നാണോ എന്റെ സ്നേഹിതന്മാർ അഭിപ്രായപ്പെടുന്നത് ? പൂട്ടുകത്തിച്ച് കയ്യിൽ പിടിച്ചിട്ടുവേണം ഭരണഘടനയുടെ മൂലഗ്രന്ഥം വായിക്കുവാൻ. തന്നെയല്ല, ഭൂരിപക്ഷത്തിന്റെ സുഖം ന്യൂനപക്ഷത്തെ ബാധിക്കുന്നതുപോലെയല്ല ന്യൂനപക്ഷത്തിന്റെ സുഖം ഭൂരിപക്ഷത്തെ ബാധിക്കുന്നത്. ഇവിടെ മലയാളം വലിയ ഒരു ഭൂരിപക്ഷത്തിന്റെ ഭാഷയാണ്. അതുകൊണ്ടു ആ ഭാഷയിൽ നമ്മൾ എഴുതിയുണ്ടാക്കുന്ന ഭരണഘടനയുടെ മൂലം നിർമ്മിക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരുവാനില്ല. ഇതിന്റെ മൂലപ്രമാണം മലയാളഭാഷയിൽ ആയിരിക്കേണ്ടതാണെന്നുള്ളതിന് എന്റെ ബഹുമാന്യ സഹോദരന്മാർ എന്തുകൊണ്ടെതിർക്കുന്നുവെന്ന് എനിക്കു മനസ്സിലാകുന്നില്ല.

MR. T. KOCHUKRISHNA PILLAI : മലയാളത്തിൽ പറഞ്ഞാൽ തമിഴ് മാത്രം അറിയാവുന്നവർക്ക് എങ്ങനെ മനസ്സിലാക്കുവാൻ കഴിയും.

MR. P. M. VARGHESE : എന്റെ ബഹുമാന്യസ്നേഹിതൻ മലയാളത്തിൽ ഇപ്പോൾ സംസാരിച്ചതുകൊണ്ടുതന്നെ തമിഴറിയാവുന്നവർക്കും മലയാളം മനസ്സിലാക്കുവാൻ കഴിയുമെന്നുള്ളതിന് തെളിവല്ലെ ?

MR. A. CHIDAMBARANATHA NADAR : அன்பருக்கு தாழ்மையான ஒரு வேண்டுகோள். பாஷையைப்பற்றி பெரும்பான்மையோர், சிறு பான்மையோர்.

MR. PRESIDENT : ഞാനാദ്യമേ പറഞ്ഞു ചോദ്യങ്ങൾ ചോദിക്കുന്നതു പ്രസംഗത്തിന്റെ അവസാനത്തിൽ ആയിരിക്കുന്നതാണ് നല്ലതെന്ന്.

MR. A. CHIDAMBARA NATHA NADAR : Sir, இது ஒரு பெரிய பிரசங்கமல்ல. கேட்கும்போது அதற்கு நீண்டு போகிறது. பாஷையைப் பற்றி வாதம் நடக்கும்போது சிறு பான்மையோர், பெரும் பான்

LIBRARY ARCHIVES Kerala Legislative Assembly

மையோர் என்றும், பெரும் பான்மையோரின் பாஷையை சிறுபான்மை யோர் ஏற்றுக்கொள்ள வேண்டுமென்று தற்போது நடக்கும் வாதத்திற்கு உட்பட்டதல்ல.

MR. PRESIDENT : ചോദ്യം ചോദിക്കുമ്പോൾ പ്രസംഗിക്കുന്നയാൾ ഇരിക്കുന്നില്ലെങ്കിൽ അദ്ദേഹം ഇരിക്കുന്ന സമയത്തു് ചോദിച്ചുകൊള്ളണം.

MR. A. CHIDAMBARANATHA NADAR: *ஸர், எனது நண்பர் நின்றுகோண்டிருந்ததை நான் பார்க்கவில்லை.*

MR. P. M. VARGHESE : സർ, ഇന്നലെ ഈ മേശപ്പുറത്തു് ഈ തമിഴസഹോദരന്മാർ പുറപ്പെടുവിച്ച ഒരു ലഘുലേഖ ഞാൻ കാണുകയുണ്ടായി അതിലൊരു ഭാഗത്തു് .....

MR. PRESIDENT : ഈ ഘട്ടത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാനാഗ്രഹിക്കുന്നു. ഇങ്ങനെയുള്ള ലഘുലേഖകളോ പത്രികകളോ ഒന്നും ഈ അസംബ്ളിക്കകത്തുവച്ചു വിതരണം ചെയ്യുവാൻ അനുവദിക്കുന്നതല്ല. അഭിപ്രായഭേദങ്ങളെയോ അല്ലെങ്കിൽ മറ്റു താല്പര്യഭേദങ്ങളെയോ കുറിച്ചുള്ള പ്രചരണങ്ങളും പ്രകടനങ്ങളും ഒന്നും ഈ അസംബ്ളിഹാളിനകത്തുവച്ചു നടക്കുന്നതു് വിഹിതമല്ല.

MR. SREE. V. DAS : *அஞ்சல் எழுத்துகள் வரலாமா?*

MR. PRESIDENT : അഞ്ചലുരുപ്പടികൾ ഹാളിനകത്തു കൊണ്ടുവരാവുന്നതാണ്. എന്നാൽ അവ ഹാളിനകത്തുവച്ചു് പൊട്ടിച്ചു് വായിക്കാൻ പാടില്ല. പാർല്ലമെൻററി ചട്ടം അങ്ങനെയാണ് പറയുന്നതു്.

MR. P. M. VARGHESE : സർ, ഭൂരിപക്ഷകക്ഷികൾ മലയാളികളായതുകൊണ്ടു് ഇവിടത്തെ ഒരു ന്യൂനപക്ഷമാകുന്ന തമിഴ് സഹോദരന്മാരെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കണമെന്നുള്ള വിചാരം കൊണ്ടല്ല ഇവിടത്തെ മൂലപ്രമാണം മലയാളത്തിലാക്കണമെന്ന് ഞാൻ പറയുന്നതു്.

MR. PRESIDENT : ബഹുമാനപ്പെട്ട മെമ്പർക്കു് ഈ ഭേദഗതിയെപ്പറ്റി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം. ഭൂരിപക്ഷത്തിനേറയും ന്യൂനപക്ഷത്തിനേറയും പ്രശ്നമല്ല ഇപ്പോൾ വാദപ്രതിവാദവിഷയം.

MR. P. M. VARGHESE : മലയാളം ഈ രാജ്യത്തെ മാതൃഭാഷയാണു്. തമിഴും അതുപോലെ ഈ രാജ്യത്തിൽ പ്രചാരത്തിലിരിക്കുന്ന ഭാഷയാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese]

കുന്നു. മലയാളത്തിന്ന് കൂടുതൽ പ്രാധാന്യം കൊടുക്കത്തക്ക സാഹചര്യങ്ങളും ഇവിടെയുണ്ടെന്ന് പ്രസംഗവശാൽ ഞാൻ പറഞ്ഞതാണ്. ഭേദഗതി ഈ രണ്ടു ഭാഷയേയും അംഗീകരിക്കുന്നില്ല. ഞാൻ മുൻ പറഞ്ഞ കാരണങ്ങളാൽ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. P. T. CHACKO : എന്റെ ഭേദഗതി ചട്ടം-ാമത്തെ റൂൾ കഴിഞ്ഞിട്ട് ചട്ടം-ാമത്തെ റൂളായിട്ട് ഒരു ഭാഗം ചേർക്കണമെന്നാണ്. അതിനെ ചട്ടം-ാമത്തെ റൂളായി ഗണിക്കണം. അതിനുവേണ്ടി ഇപ്പോഴത്തെ ചട്ടം-ാമത്തെ റൂൾ മുവ്വചെയ്യുന്നതിനുമുമ്പു അനുവാദം കിട്ടേണ്ടതാണ്. ഇതാണ് ഭേദഗതി:

After Rule 25, add:

"26. Notwithstanding anything contained herein the original of the Constitution to be drafted shall be in English" and then re-number the remaining rules.

സർ, എന്റെ ഈ ഭേദഗതിയുടെ അർത്ഥം വളരെ വ്യക്തമായി മനസ്സിലാക്കാതെയാണ് ചില സ്നേഹിതന്മാർ ഇതിനെ എതിർത്തതെന്ന് എനിക്കു തോന്നുന്നു. ഇതിനുമുമ്പു നടന്ന വാദപ്രതിവാദങ്ങളും നമ്മുടെ ഭരണഘടന ഏതു ഭാഷയിലാണ് എഴുതേണ്ടതെന്നുള്ളതിനേപ്പറ്റിയല്ല. ഇവിടത്തെ നടപടികളും ഏതു ഭാഷകളിൽ ആയിരിക്കണമെന്നും അവ രേഖപ്പെടുത്തേണ്ടതു് ഏതെല്ലാം ഭാഷകളിൽ ആയിരിക്കണമെന്നുള്ളതിനേപ്പറ്റിയായിരുന്നു ഇതിനു മുമ്പുള്ള ചർച്ച. എന്നാൽ ഞാൻ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന പ്രമേയവും ഇവിടെ പാസ്സായ പ്രമേയവും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ട്. നമ്മുടെ ഭരണഘടന എഴുതിയുണ്ടാക്കുന്നതു് ഏതു ഭാഷയിലായിരിക്കണമെന്ന് വ്യക്തമായ ഒരു നിർദ്ദേശവും ഇവിടെ ഇതിനുമുമ്പു പാസ്സായ ചട്ടം-ംവകുപ്പിൽ കൊടുത്തു കാണുന്നില്ല. നാം രേഖപ്പെടുത്തുന്നതു്, അല്ലെങ്കിൽ ഇവിടത്തെ നടപടികൾ നടത്തുന്നതു്, മലയാളത്തിലോ തമിഴിലോ മാത്രം പോരാ ഇംഗ്ലീഷിലും കൂടി ആവാം എന്നാണ് നാം ഇപ്പോൾ തീരുമാനിച്ചതു. ആ തീരുമാനത്തെ വിസ്മരിച്ചുകൊണ്ടാണ് ഞാൻ കൊണ്ടുവന്ന ഈ ഭേദഗതിയെ എന്റെ മാന്യസ്നേഹിതന്മാർ എതിർക്കുന്നതു്. റൂൾ ചട്ടം-ത് ഭരണഘടന ഏതുഭാഷയിൽ എഴുതണമെന്നു പറഞ്ഞിട്ടില്ല. നേരേമറിച്ചു്, ഏതു ഭാഷയിൽ ഇവിടത്തെ നടപടികൾ നടക്കുന്നുവോ ആ ഭാഷയിൽ രേഖപ്പെടുത്തണമെന്നു പറഞ്ഞിട്ടുമുണ്ടു്, ഈ വകുപ്പനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ച് മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലും ഇവിടത്തെ നടപടികൾ നടത്താവുന്നതാണ്. അങ്ങനെ നടക്കുകയും ചെയ്യും. അപ്പോൾ ഭരണഘടനാചട്ടങ്ങൾ കുറേഭാഗം മലയാളത്തിലും കുറേ ഭാഗം തമിഴിലും കുറേ ഭാഗം ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതായി വന്നു എന്നും വരാം, ഒരു ഉദാഹരണംകൊണ്ടു ഞാൻ ഇതു കുറെക്കൂടി വ്യക്തമാക്കാം. ഇവിടെ ഫണ്ടമെന്റൽ റൈറ്റ്സ്, മൗലികാവകാശസംരക്ഷണം, സംബന്ധിച്ചുള്ള ചരച്ചകൾ നടത്തി റിപ്പോർട്ടുചെയ്യുന്നതിലേക്ക് ഒരു കമ്മിറ്റി ഉണ്ടെന്നു ഇരിക്കട്ടെ. ആ കമ്മിറ്റി ഈ സഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ട് മലയാളത്തിലാണെന്നു വിചാരിക്കുക. ഈ സഭ ആ റിപ്പോർട്ടിനെ അതേ ഭാഷയിൽതന്നെ രേഖപ്പെടുത്തി പാസ്സാക്കാൻ നിർബന്ധിതരാണ്. അതു് അങ്ങനെ പാസ്സാകുന്നു. മറെറാരു കമ്മിറ്റി ന്യൂനപക്ഷസംരക്ഷണത്തെ സംബന്ധിച്ചുള്ള മറ്റൊരു റിപ്പോർട്ട് തമിഴിലും മൂന്നാമതൊരു കമ്മിറ്റി മറേറതെങ്കിലും ഒരു റിപ്പോർട്ട് ഇംഗ്ലീഷിലും കൊണ്ടുവരുന്നു. അവയും ഭൂരിപക്ഷാഭിപ്രായമനുസരിച്ച് ഈ സഭ അതേപടി പാസ്സാക്കണം. ഇങ്ങനെ നോക്കുമ്പോൾ നാം ഉണ്ടാക്കുന്ന ഭരണഘടനയുടെ മൊത്തത്തിലുള്ള രൂപം തമിഴിലും മലയാളത്തിലും ഇംഗ്ലീഷിലും കൂടിയായിരിക്കാം. അങ്ങനെതന്നെ ആയിരിക്കണമെന്നു നിർബന്ധമില്ല. എന്നാൽ അങ്ങനെയാകുന്നതിൽ വിരോധവുമില്ല. അതുകൊണ്ടു നടപടികൾ രേഖപ്പെടുത്തുന്നതു് ഏതു ഭാഷയിലായിരുന്നാലും ഭരണഘടനാചട്ടങ്ങൾ ഒരു ഭാഷയിൽതന്നെ രേഖപ്പെടുത്തേണ്ടതാണ് എന്നു് നമുക്കു വ്യക്തമായി നിർദ്ദേശിക്കേണ്ടതുണ്ട്. എന്റെ ഈ അഭിപ്രായം ശരിയാണെങ്കിൽ, ഈ അഭിപ്രായത്തോടു് എന്റെ മാന്യസ്നേഹിതന്മാർ എല്ലാവരും യോജിക്കുന്നുണ്ടെങ്കിൽ ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഭരണഘടനാചട്ടങ്ങൾ രേഖപ്പെടുത്താവൂ എന്നു സമ്മതിക്കുന്നുണ്ടെങ്കിൽ അങ്ങനെ രേഖപ്പെടുത്തേണ്ടതു് ഏതു ഭാഷയിലായിരിക്കണമെന്നുകൂടി നിർദ്ദേശിക്കേണ്ടതാണു്.

എന്റെ സ്നേഹിതൻ മി. മന്ദത്തു പദ്മനാഭപിള്ള പറയുകയുണ്ടായി നാം സാർവലൗകികഘടനയെപ്പറ്റിയും സാർവലൗകികഭാഷയെപ്പറ്റിയും ചിന്തിച്ചുകൊണ്ടിരിക്കുന്നവരാണെങ്കിൽ പിന്നെ തിരുവിതാംകൂറിനുവേണ്ടിമാത്രം ഒരു ഭരണഘടന എഴുതിയുണ്ടാക്കുവാൻ നാം ഇത്രയേറെ ബുദ്ധിമുട്ടേണ്ടതില്ലല്ലോ എന്നു്. ശരിയാണു്. ഒരു സാർവലൗകികഘടനയും ഒരു സാർവലൗകികഭാഷയും ഇന്നു് ലോകം മുഴുവനും, രാഷ്ട്രങ്ങൾ എല്ലാം അംഗീകരിക്കുകയാണെങ്കിൽ അതു മതിയോ എന്നു് എന്നോടു ചോദിച്ചാൽ മതിയെന്നു് ഞാൻ പറയും,

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : അങ്ങനെയാണെങ്കിൽ ഈ അസംബ്ലി ഇപ്പോൾ പിരിച്ചുവിടാമല്ലോ.

MR. P. T. CHACKO : അങ്ങനെ ഒരു ലോകഘടന ഉണ്ടായാൽ ലോകത്തുള്ള സർവരാഷ്ട്രങ്ങളും അതിനു തയ്യാറായാൽ ഈ അസംബ്ലി പിരിച്ചു വിടുന്നതിനും വിരോധമില്ല. എന്നാൽ ഇപ്പോഴത്തെ സ്ഥിതി അതിനനുകൂലമല്ല. വിവിധരാഷ്ട്രങ്ങൾ വിവിധതാൽപര്യങ്ങൾക്കുവേണ്ടി വിഭിന്നമായി നിലകൊള്ളുന്നു. അതുകൊണ്ട് ഓരോ രാഷ്ട്രങ്ങൾക്കും അവരവരുടെ ഹിതത്തിനും താൽപ്പര്യത്തിനും അനുസരണമായി ഭരണഘടന ഉണ്ടാക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള അവശ്യം വന്നതുകൊണ്ടാണ് നമുക്കും ഒരു ഭരണഘടന ഉണ്ടാക്കണമെന്നും അതു ഇംഗ്ലീഷിൽതന്നെ ആയിരിക്കണമെന്നും ഞാൻ പറയുന്നത്. ഒരു ലോകരാഷ്ട്രഘടനെ ഉണ്ടായിക്കഴിഞ്ഞാൽ നമ്മൾ പിന്നെ ഇതിനെപ്പറ്റി ആലോചിക്കേണ്ടതില്ല. അതുകൊണ്ടാണ് അന്തർദേശീയഭാഷയെപ്പറ്റിയും, അന്തർദേശീയകറൻസിയെപ്പറ്റിയും ഇവിടെ ചർച്ച നടക്കുന്നത്. ആ കാരണങ്ങളാലാണെ, മറ്റു രാഷ്ട്രങ്ങളും നമുമായുള്ള സമ്പർക്കത്തിനും ചർച്ചകൾക്കുംവേണ്ടി നമ്മുടെ രാജ്യത്തിനു പുറത്തുള്ളവർക്കുകൂടി മനസ്സിലാക്കത്തക്ക ഒരു ഭാഷയിലായിരിക്കണം നമ്മുടെ ഭരണഘടന എഴുതിയുണ്ടാക്കേണ്ടത് എന്നു ഞാൻ പറയുന്നത്. ഇതു ഞാൻ പറയുമ്പോൾ ഈ അഭിപ്രായം ദേശീയതത്വത്തിനു വിരുദ്ധമാണെന്നു ചിലർ ധരിക്കുന്നതുപോലെ തോന്നുന്നു.

MR. MANNATHU PADMANABHA PILLAI : നമ്മുടെ രാജ്യത്തിന് ആവശ്യമുള്ള ഒരു ഭരണഘടന ഇവിടത്തെ ജനങ്ങൾക്ക് എളുപ്പം മനസ്സിലാകണമെങ്കിൽ ഇവിടത്തെ മാതൃഭാഷകളായ മലയാളത്തിലോ തമിഴിലോ ഉണ്ടാക്കിയിട്ട് അതിന്റെ തർജ്ജിമ ഇംഗ്ലീഷിൽക്കൂടി കൊടുക്കുന്നപക്ഷം രാജ്യത്തിനു പുറത്തുള്ളവരുടെ സമ്പർക്കവും സഹചര്യവും ലഭിക്കുവാൻ എന്തു വിഷമമാണുള്ളത്?

MR. P. T. CHACKO : അതിലും ഒരു തെറ്റുണ്ട്. അങ്ങനെ ചെയ്യുമ്പോൾ രാജ്യത്തിനു പുറത്തുള്ളവർക്ക് നമ്മുടെ ഭരണഘടനയുടെ രൂപം എന്താണെന്നു അറിയാൻ സാധിക്കും. പക്ഷേ ആ ചട്ടങ്ങളുടെ വ്യാഖ്യാനങ്ങളെപ്പറ്റി തർക്കങ്ങളുണ്ടാകുമ്പോൾ അതിന്റെ മൂലപ്രമാണമായ മലയാളത്തിലോ തമിഴിലോ എഴുതിയ രേഖകൾ ആശ്രയിക്കേണ്ടതായി വരും. ഭരണഘടനാചട്ടങ്ങൾസംബന്ധമായ തർക്കങ്ങൾ ഉണ്ടാകുന്നതു മിക്കവാറും തിരുവിതാംകൂറിലെ കോടതികളിൽ അല്ല. അവയെപ്പറ്റി വാദിക്കുന്നതു് തിരുവിതാംകൂറിലുള്ളവരും ആയിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON : തിരുവിതാംകൂർ ഭരണഘടനാചട്ടങ്ങളെപ്പറ്റി ഭാവിയിൽ വ്യാഖ്യാനിക്കുന്നതു് മലയാളികളായിരിക്കുമോ അതോ ഇംഗ്ലീഷുകാർ ആയിരിക്കുമോ?

MR. P. T. CHACKO : ഇവർ രണ്ടുകൂട്ടരും ആയിരിക്കണമെന്നില്ല. ഒരു പക്ഷെ പ്രിവികൗൺസിലിൽ ഇതു സംബന്ധിച്ചുള്ള തർക്കങ്ങൾ ഉണ്ടാകാം. അല്ലാഞ്ഞപക്ഷം ഇൻഡ്യാഗവണ്മെൻറിന്റെ സുപ്രീം കോടതിയിലോ, അല്ലെങ്കിൽ ഫെഡറൽ കോടതിയിലോ ഉണ്ടാകാം. തിരുവിതാംകൂറുകാർ ആയിരിക്കുകയില്ല അതു ചെയ്യുന്നതു്. ഒരുപക്ഷെ തിരുവിതാംകൂറിന്റെ അയൽരാജ്യങ്ങളെ സംബന്ധിക്കുന്നതോ എന്തെങ്കിലും അന്തിത്തർക്കങ്ങളെ സംബന്ധിക്കുന്നതോ, അല്ലാഞ്ഞപക്ഷം ഏതെങ്കിലും രണ്ടു രാജ്യങ്ങളുമായി നടന്നിട്ടുള്ള കരാറുകളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങളിൽ നമ്മുടെ ഭരണഘടനാചട്ടങ്ങൾ വ്യാഖ്യാനിക്കേണ്ട സന്ദർഭം വന്നേക്കാം. അങ്ങനെയുള്ള പല സംശയങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഈ ഭരണഘടനയെ സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങൾക്കു അതിന്റെ മൂലപ്രമാണം ഇംഗ്ലീഷിൽ ആയിരുന്നില്ലെങ്കിൽ വളരെ വൈഷമ്യം ഉണ്ടാകുന്നതാണു്.

MR. A. NESAMONY : பாஷையை சம்மந்தித்து பூரிபக்ஷத்துடன் சேமுடியுமா ?

MR. T. KOCHUKRISHNA PILLAI : பாமரமக்கள் அறிந்துகொள்வதற்கு இந்தத் திட்டத்தைப் படித்துதான் ஆகவேண்டுமா ? அல்லது அனுபவத்தால் தெரிந்துகொள்ள இயலாதா ?

MR. A. CHIDAMBARANATHA NADAR : ஸர், அதே கேள்விதான் பாஷையை ... ...

Sir, One question. அது பாஷையை சம்மந்தித்தது.

MR. T. KOCHUKRISHNA PILLAI : எந்த அடிப்படை தத்துவத்தைக் கொண்டு மலையாளம், மூலாதார பாஷையாக்கவேண்டுமென்று கோரி இதிர்க்கிறீர்களோ, அதே தத்துவத்தின் அடிப்படையாக வைத்து எங்களுக்கு தமிழ்பாஷையிருக்கவேண்டாமா ?

MR. A. CHIDAMBARANATHA NADAR : அன்பருக்கு தாழ்மையான ஒரு வேண்டுகோள். பாஷையைப் பற்றி பெரும்பான்மையோர், சிறுபான்மையோர்.... ... ...

MR. PRESIDENT : മെമ്പർക്കു ഇപ്പോൾ വേണമെന്നുണ്ടെങ്കിൽ ഒരു ചോദ്യം ചോദിക്കാൻ മാത്രമേ പാടുള്ളൂ. ഒരു പ്രസംഗം ചെയ്യുവാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR : Sir, இது ஒரு பெரிய பிரசங்க மல்ல. கேட்கும்போது அது சற்று நீண்டுபோகிறது. பாஷையைப்ப ற்றி வாதம் நடக்கும்போது சிறுபான்மையோர், பெரும்பான்மையோர் என்றும், பெரும்பான்மையோரின் பாஷையை சிறுபான்மையோர் ஏற்று க்கொள்ளவேண்டும் என்று சொல்வது தற்போது நடக்கும் வாதத்திற்கு உட்பட்டதல்ல.

MR. R. K. RAM (*Agasteeswaram-General*) : Sir, நாம் இந்தியாவில் ஒரு பாகமாகிய திருவிதாங்கூரில் இருக்கிறோம். திருவிதாங்கூர் பண்டைய காலந்தொட்டே இப்படியே இருந்திருக்கவில்லை. மேலும் இப்படியே இருக்கப் போவதுமில்லை. தற்பொழுதிய திருவாங்கூரில் தமிழினம், மலையாளியினம் என்ற இரண்டு இனங்கள் இருக்கின்றன. இவ்விரண்டினங்களும் வாழும் நாடுகளாகிய தமிழ்நாடு, மலையாளநாடு என இரண்டு தனிப்பிரதேசங்களும் சேர்ந்ததே தற்பொழுதிய திருவிதாங்கூர். இந்த இரண்டையும் ஒன்றுக இணைத்திருக்கின்ற ஒரே சக்தி நமது மன்னர் பிரானுடைய அரசாங்கம் தான். தற்போது மக்கள் கையில் அரசியல் மாற்றப்பட்டிருப்பதினால் இவ்விரண்டு நாடுகளுக்கும்—அதாவது திருவிதாங்கூரில் தமிழ்நாடு, திரு விதாங்கூரில் மலையாளநாடு—தனியாக இரண்டு சர்க்கார்கள் வேண்டும். இவ்விரண்டு நாட்டுப் பிரதிநிதிகளடங்கிய ஒரு பொதுவான சபை வேண்டும்.

Sir, நாம் என்றுவது இந்திய யூனியனில் ஐக்கியப்பட்டுத்தான் ஆக வேண்டும். நான் முன்பு கூறியதுபோல் திருவிதாங்கூரிலுள்ள தமிழ் நாட்டில் தமிழும், மலையாளநாட்டில் மலையாளமும்தான் அரசியல் மொழி களாக இருக்கவேண்டும். இரண்டிற்கும் பொதுவாக இந்திய யூனியனோடு பேசுவதற்கு தற்போது ஆங்கிலம் வேண்டும். ஆங்கிலத்தை நாம் ஒரு முக்கிய பாஷையாகக் கருத முடியாமல் போனாலும், ஆங்கிலம் நமது அ கில இந்திய அரசியல் பாஷையாக இருக்கிறதினால், அது பொது பாஷை யாகயிருப்பதில் யாதொரு குற்றமுமில்லை.

நமக்கு சொந்தமான வீடுருந்தாலும் வெளியில் போவதற்கு ஒரு புறம்போக்குத் தரை வேண்டுமல்லவா? அதனால் சொந்தத் தரையில் ஆசையில்லை என்றல்ல அர்த்தம். ஆங்கிலத்திற்கு முதன்மை ஸ்தானம் கொடுக்கக் கூடாது. ஆனால் புறம்போக்குத் தரைபோன்ற ஒரு இடம் கொடுக்கவேண்டும். அந்த ரீதியில் இன்று இந்திய யூனியனிலும் ஆங் கிலபாஷையை ஒப்புக்கொண்டிருக்கிறபடியால் நமது பொதுமொழியாக original language ஆங்கிலத்தை வைத்துக்கொள்ளலாம் என கருதுகி றேன். ஆகவே ஆங்கிலம், தமிழ், மலையாளம் மூன்று பாஷைகளிலும் Official recordsகளிருக்கவேண்டுமென்று சொல்லிக்கொள்கிறதோடு ஆங் கிலம் மூலமாக இருக்கவேண்டுமென்பதை ஆதரிக்கிறேன்.

The House adjourned for lunch at 1-32 P. M. and reassembled at 2-30 P. M. with the President (Mr. Hon'ble Mr. A. J. John) in the Chair.

MR. P. T. CHACKO : സർ, മൂന്നു ഭാഷകളിൽ ഭരണഘടന എഴുതിയു ണ്ടാക്കുന്നതിന്റെ പ്രായോഗികവൈഷമ്യത്തെപ്പറ്റിയാണ് ഞാൻ ഇതു വരെ പറഞ്ഞുകൊണ്ടിരുന്നതു്. വ്യാഖ്യാനങ്ങളും വേണ്ടിവരുമ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

സംശയമുള്ളപ്പോഴും മാർഗ്ഗദർശനം നൽകേണ്ടതു് ഭരണഘടനയുടെ മൂലപ്രമാണമാണു്. അതു് ഏതു ഭാഷയിലായിരിക്കണമെന്നുള്ളതാണു് വിവാദവിഷയം. യാതൊരു വികാരാവേശവും കൂടാതെ ഈ കാര്യത്തെപ്പറ്റി ചിന്തിക്കണമെന്നു് ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരോടു് അപേക്ഷിക്കുന്നു. നിർബന്ധമായി ഒരു ഭാഷയിൽ മാത്രമേ എഴുതാവൂ എന്നു് ഒരു വ്യവസ്ഥ എന്തിനുവേണ്ടി ഉണ്ടാക്കണമെന്നു് എന്റെ സ്നേഹിതന്മാരിൽ ചിലർ ചോദിക്കയുണ്ടായി. ഏതെങ്കിലും ഒരു ഭാഷയിൽ എഴുതണമെന്നു നിർബന്ധമുണ്ടെങ്കിൽ അതു് ഏതെങ്കിലും ഒരു ഭാഷയിൽത്തന്നെ ആയിരിക്കണമെന്നു് കൂടി വ്യവസ്ഥചെയ്യേണ്ടതു് ഒരാമത്തെ കാളിന്റെ വെളിച്ചത്തിൽ വളരെ ആവശ്യമാണെന്നു കാണാം. അങ്ങനെ ഏതെങ്കിലും ഒരു ഭാഷയിൽ ഭരണഘടന എഴുതണമെങ്കിൽ ആ ഭാഷ ഏതാണെന്നുള്ളതിനു് ഒരാമത്തെ കാളിനെപ്പറ്റിയുണ്ടായ വാദപ്രതിവാദങ്ങളിലെല്ലാം ഇംഗ്ലീഷുകൂടി ഉപയോഗിക്കണമെന്നു പറഞ്ഞതു് മലയാളത്തോടോ തമിഴിനോടോ ഉള്ള അനാദരവുകൊണ്ടല്ല, സ്നേഹക്കുറവുകൊണ്ടല്ല, മിക്കവാറും ഭരണഘടന ഇംഗ്ലീഷിൽ എഴുതണമെന്നുള്ള ഉദ്ദേശംകൊണ്ടു മാത്രമാണു്. ഞാൻ മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ എതിർത്തു സംസാരിച്ച സന്ദർഭത്തിൽ ആ സംഗതി സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടു്. ഈ ഭരണഘടന എഴുതിയുണ്ടാക്കുന്നതു് ന്യായപരമായ ഒരു കാര്യം ക്രമീയാണു്. അതു് ന്യായപരമായ വ്യാഖ്യാനങ്ങൾ ഉണ്ടാകും എന്നുള്ളതുകൊണ്ടുമാത്രമല്ല. എന്റെ സ്നേഹിതന്മാരിൽ ചിലർ സംശയിക്കുന്നുണ്ടു്, ആംഗ്ലേയരെ അനുകരിക്കുന്നതു് ദേശീയവിരുദ്ധമായ ഒരു മനോഭാവം ആയിരിക്കയില്ലേ എന്നു്. അല്ലെന്നു ഞാൻ തീർത്തു പറയുന്നു. സ്വതന്ത്രതിരുവിതാംകൂറിന്റെ കാലവും അതിനുമുമ്പുള്ള അമേരിക്കൻ മാഡലിന്റെ കാലവും വരുന്നതിനുമുമ്പുതന്നെ തിരുവിതാംകൂറിൽ ഒരു വെസ്റ്റ്മിനിസ്റ്റർ മാഡലിൽ ഒരു ഭരണഘടന ഉണ്ടാക്കണമെന്നു വാദിച്ചവരാണു് ഇന്നു ഈ സഭയിൽ ഇരിക്കുന്ന അനേകം പേരും. പാശ്ചാത്യർ ചെയ്യുന്ന പ്രവൃത്തികളെല്ലാം തെറ്റാണെന്നു നാമൊക്കെ വിചാരിക്കാറുണ്ടെങ്കിലും അവരുടെ സാമ്രാജ്യദുഷ്പ്രഭുത്വത്തെ നാം സർവ്വശക്തിയും ഉപയോഗിച്ചു് എതിർക്കുന്നുണ്ടെങ്കിലും അവർ നമുക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഭരണഘടനാസമ്പ്രദായത്തോടു് നമുക്കു വെറുപ്പില്ല.

MR. MANNATHU PADMANABHA PILLAI : ഒരു വെസ്റ്റ്മിനിസ്റ്റർ മാതൃകയനുകരിക്കുവിടെ വേണമെന്നാണെങ്കിൽ അതിനു അവരുടെ ഭാഷതന്നെ ഉപയോഗിക്കണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. T. CHACKO : ഇല്ല, ഒരു വെസ്റ്റ് മിനിസ്റ്റർ മാതൃകയിൽ നമ്മുടെ ഭരണഘടന ഉണ്ടാക്കുന്നതിന് നമുക്ക് വിരോധമില്ലെന്ന് പറഞ്ഞു കൊണ്ട് ഞാൻ അടുത്ത പോയിന്റിലേക്ക് പോകുകയാണ്.

അതുകൊണ്ട് പാശ്ചാത്യർ പറഞ്ഞതായതുകൊണ്ട്, അല്ലെങ്കിൽ പാശ്ചാത്യരുടെ വകയായതുകൊണ്ട് അവയെല്ലാം തെറ്റാണ്, അല്ലെങ്കിൽ അവയെ ഉപയോഗിക്കുന്നതു് ദേശീയവിരുദ്ധമാണ് എന്നു പറയുന്നതു് സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. പാശ്ചാത്യരുടെ ഇംപീരിയലിസത്തെ നാം എതിർക്കുന്നു. അവരുടെ സാമ്രാജ്യദുഷ്പ്രഭുത്വത്തെ നാം എതിർക്കുന്നു. പക്ഷേ അവരുടെ ഭരണസമ്പ്രദായം നാം ഇഷ്ടപ്പെടുന്നു. അതു നല്ലതാണ്. ഗാന്ധിത്തൊപ്പി തലയിൽ വച്ചുകൊണ്ടായാലും ശരി അതു നല്ലതിനെ സ്വീകരിക്കുന്നതിൽ തെറ്റില്ല. ഇന്നലെ എന്റെ ഒരു മാന്യസ്നേഹിതൻ പറയുകയുണ്ടായി, 'ഗാന്ധിത്തൊപ്പിയും തലയിൽ വച്ചുകൊണ്ട് ഷും ഷും എന്ന് ഇംഗ്ലീഷിൽ സംസാരിക്കുവാൻ ലജ്ജയില്ലേ' എന്നു. ഞാൻ പറയുന്നതു് ഗാന്ധിത്തൊപ്പിയിട്ടുകൊണ്ട് ഒരു ഇൻഡ്യൻ ഭംഗിയായി ഇംഗ്ലീഷു സംസാരിക്കുന്നതു കേൾക്കുവാൻ എനിക്കു ഇഷ്ടമാണെന്നാണ് മലയാളത്തിൽ പറയുകയില്ല എന്ന് നിർബന്ധിക്കുന്നതു് അതു വേറെ കാര്യമാണ്. അതിൽ ലജ്ജിക്കുകതന്നെ വേണം. എന്നാൽ നമ്മളുടെ ദേശാഭിമാനികളായ പൌരന്മാർ ഒരു സാമ്രാജ്യകിങ്കരഭാഷയാണെന്ന് അറിയപ്പെടുന്ന ഇംഗ്ലീഷ് അറിയുകയും ആ ഭാഷയിൽ സംസാരിക്കയും ചെയ്യുന്നതിൽ തെറ്റില്ല. അങ്ങനെ നമ്മുടെ ഭരണഘടനാ വെസ്റ്റ് മിനിസ്റ്റർ മാതൃകയിൽ തയ്യാറിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. നാം ഇതുവരെ അംഗീകരിച്ചിട്ടുള്ള നിയമങ്ങളും നിയമങ്ങളുടെ അടിസ്ഥാനതത്വങ്ങളും ജൂറിസ്പ്രൂഡൻസും പ്രയോഗാനുഷ്ഠാനരീതികളും എല്ലാം ഇംഗ്ലീഷ് മാതൃകയിലുള്ളതാണ്. അവയെപ്പറ്റിയുള്ള വിവരണങ്ങളും വിശദീകരണങ്ങളും നിർവചനങ്ങളും വ്യാഖ്യാനങ്ങളും എല്ലാം ഇംഗ്ലീഷു ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. ഇംഗ്ലീഷുഭാഷയിൽ കൂടിയുള്ള പദപ്രയോഗങ്ങളും ആശയപ്രകടനങ്ങളും മാത്രമാണ് അതു സംബന്ധിച്ചുള്ള പരിശീലനങ്ങളിൽ നമുക്കു സിദ്ധിച്ചു കൊണ്ടിരുന്നിട്ടുള്ളതും. ലോകത്തിന്റെ പല ഭാഗങ്ങളിലും നടപ്പുള്ള നിയമപ്രമാണങ്ങളും എല്ലാംതന്നെ സ്വീകരിക്കുകയും ഉത്തമങ്ങളായ നടപടികളും സ്വീകരിച്ചു് നമ്മുടെ സംസ്കാരത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരാണു നാം അതുകൊണ്ട് നിയമങ്ങളെ സംബന്ധിച്ചിടത്തോളം ആംഗ്ലേയമായ ഒരടിസ്ഥാനത്തിലാണ് നാം ഇന്നു നില്ക്കുന്നതു്. ആംഗ്ലേയരുടെ നിയമസംബന്ധ

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരടിസ്ഥാനതത്വത്തിൽ നിന്നുകൊണ്ടാണതുനാം നാം ഒരു ഭരണഘടന ഉണ്ടാക്കുവാൻ വിചാരിക്കുന്നതും. തെറ്റായ വ്യാഖ്യാനങ്ങൾ കൂടാതെ ഒരു ഭരണഘടന എഴുതിയുണ്ടാക്കണമെങ്കിൽ വളരെ പ്രിസൈസായി—അതായത് ക്ലിപ്തമായ അർത്ഥങ്ങളോടുകൂടിയ—നിയമപരവും സാങ്കേതികവുമായ പദങ്ങൾ ഉപയോഗിച്ചുതന്നെ ഉണ്ടാക്കേണ്ടതായി വരും. അങ്ങനെയുള്ള വാക്കുകൾ മലയാളത്തിൽ ഉണ്ടാക്കുന്നതോ എന്നു ചോദിക്കാം. അതിന് വളരെ അധികം ക്ലേശിക്കേണ്ടതായി വരും. ഇന്നു മലയാളത്തിലുള്ള സാങ്കേതികവാക്കുകളിൽ മിക്കതും സംസ്കൃതത്തിന്റെ വകയാണ്. ആ സംസ്കൃതപദങ്ങളും നമുക്കു സ്വീകരിക്കാം എന്നു വന്നുകിൽ. പക്ഷേ ആംഗ്ലേയരുടെ നിയമപരമായ അടിസ്ഥാനതത്വങ്ങൾ സ്വീകരിച്ചു പോകുമ്പോൾ അനവധി തവണ വ്യാഖ്യാനത്തെപ്പറ്റിയുള്ളതും നിരന്തരപ്രയോഗംകൊണ്ടു ശാശ്വതവും നിശ്ചിതവും ദൃഢവുമായ അർത്ഥം വന്നിട്ടുള്ളതും ആയ ഇംഗ്ലീഷു പദങ്ങളുടെ സ്ഥാനത്തു നൂതനമായി സൃഷ്ടിക്കപ്പെട്ടതും വ്യാഖ്യാതാക്കന്മാർക്ക് അവരുടെ സാമർത്ഥ്യംപോലെ അങ്ങോട്ടോ ഇങ്ങോട്ടോ വലിച്ചുനീട്ടാൻ കഴിയുന്നതും ആയ മലയാളമോ സംസ്കൃതമോ പദങ്ങൾ ഉണ്ടാക്കുക അല്പമെങ്കിൽ ഉപയോഗിക്കുക എന്നുള്ളതു ഒരു സാഹസം തന്നെയാണ്. അതു കൂടുതൽ പ്രായോഗികവൈഷമ്യങ്ങൾ ഉണ്ടാക്കുകയും ചെയ്യും. അതുകൊണ്ടു നാം ഒരു ഭരണഘടന ഉണ്ടാക്കുമ്പോൾ അതു സംബന്ധിച്ചുള്ള നമ്മുടെ വ്യാഖ്യാനങ്ങൾക്കു തെറ്റുവരാത്ത ഭാഷയിൽ തന്നെ ഒരു ഭരണഘടന എഴുതി ഉണ്ടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇന്നു നാം ഉണ്ടാക്കിവയ്ക്കുന്ന നിയമത്തിന് നാം ഉദ്ദേശിച്ചിട്ടില്ലാത്ത ഒരർത്ഥമായിരിക്കും ഒടുവിൽ വന്നുകൂടുന്നതു്. ഞാൻ മുൻപു പറഞ്ഞതുപോലെ ഇംഗ്ലീഷിലുള്ള നിയമപരമായ വാക്കുകളും തത്വങ്ങളുമാണു നാം ഇന്നുവരെ സ്വീകരിച്ചിട്ടുള്ളതു്. മേലിൽ അതാണ് സ്വീകരിക്കാൻ പോകുന്നതും. അങ്ങനെ നാം ഉദ്ദേശിക്കുന്ന അർത്ഥവ്യാപ്തിയിലും ആശയങ്ങളിലും ഒരു ഭരണഘടന നിർമ്മിക്കണമെങ്കിൽ മലയാളത്തിലായാൽ സാധിക്കയില്ല. അതിന് തെറ്റുപറ്റാതിരിക്കണമെങ്കിൽ—അതിന്റെ വ്യാഖ്യാനങ്ങൾക്ക് അടിസ്ഥാനമായ തത്വങ്ങൾക്ക് തെറ്റുവരാതിരിക്കണമെങ്കിൽ—നാം ഇന്നുവരെ പരിചയിച്ചും പരിശീലിച്ചും പഠിച്ചുംകൊണ്ടിരുന്ന ഇംഗ്ലീഷുതത്വങ്ങളേയും പദങ്ങളേയും ആശ്രയിക്കേണ്ടതായി വരും. ആ വസ്തുത നാം മറന്നുകൂടാ. അതു് ഒരു ദിവസംകൊണ്ടു മാറ്റിക്കളയേണ്ട വസ്തുതയല്ല. ഈ കാരണങ്ങളാലാണ് നാം എഴുതിയുണ്ടാക്കുന്ന ഭരണഘടന ഇംഗ്ലീഷിൽ ആയിരിക്കണമെന്നു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

പറഞ്ഞതു്. ഏതെങ്കിലും ഒരു ഭാഷയിൽ ഭരണഘടന എഴുതിയുണ്ടാക്കണം എന്ന തീരുമാനിക്കേണ്ടതു് അവശ്യമാണെങ്കിൽ ആ ഭാഷ ഇംഗ്ലീഷുതന്നെ ആയിരിക്കണമെന്നു് തീരുമാനിക്കുന്നതു് അതിലേറെ അവശ്യമാണു്. എന്റെ സ്നേഹിതൻ മി. ശങ്കുണ്ണിപ്പിള്ള പറയുകയുണ്ടായി, ഇതിൽ എന്തോ ചില അശുഭക്കുഴപ്പങ്ങൾ ഉണ്ടായിരിക്കുമോ എന്നു്. ഒന്നാലോചിക്കുമ്പോൾ അദ്ദേഹത്തോടു യോജിക്കുവാൻ എനിക്കു തോന്നിപ്പോകുന്നു. അദ്ദേഹത്തിനു് എന്തോ ഒരു അശുഭക്കുഴപ്പമുണ്ടു്. തിരുവിതാംകൂർ ജനങ്ങൾക്കുവേണ്ടി ഒരു ഭരണഘടനയെഴുതിയുണ്ടാക്കുവാൻ പോകുന്നുവെന്നു് നാം ജനങ്ങളോടു പറഞ്ഞിട്ടു് ഇവിടെ വന്നു് അതു് ഇംഗ്ലീഷിലെഴുതണമെന്നു പറയുമ്പോൾ നാം ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾക്കു് അതു വിരുദ്ധമാകയില്ലേ എന്നദ്ദേഹം ചോദിക്കുന്നു. ഈ ചോദ്യം നിശ്ചയമായും അദ്ദേഹത്തിനുണ്ടായ ഒരു ചിന്താക്കുഴപ്പത്തിൽനിന്നും ഉത്ഭവിച്ചതാണു്. ജനങ്ങളുടെ മുമ്പിൽ തെരഞ്ഞെടുപ്പിനുവേണ്ടി ഒരു മാനിഫെസ്റ്റോവച്ചിട്ടു് ആ മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ ഇപ്പോൾ ഞാൻ സ്വീകരിക്കുന്നില്ല എന്നാണു നാം പറഞ്ഞിരുന്നതെങ്കിൽ അതു നിശ്ചയമായും ഒരു വാഗ്ദത്തലംഘനവും ജനങ്ങളോടു കാണിക്കുന്ന ഒരു വഞ്ചനയുമാകും. എന്നാൽ ഇവിടെ നാം ചെയ്യുന്നതു് അതല്ല. ജനങ്ങളുടെ ഗുണത്തിനുവേണ്ടി പ്രവർത്തിക്കുവാനാണു് നമ്മൾ ഇവിടെ വന്നിട്ടുള്ളതു്. അവരുടെ ഗുണത്തിനുവേണ്ടിത്തന്നെ വെസ്റ്റ്മിനിസ്റ്റർ മാതൃകയിൽ ഒരു ഭരണഘടന ഉണ്ടാക്കുകയും അതു് ആംഗലഭാഷയിൽ രേഖപ്പെടുത്തുകയും വേണം എന്നു പറയുന്നതു് നിശ്ചയമായും നാം ചെയ്ത വാഗ്ദാനങ്ങൾക്കു് വിരുദ്ധമല്ല. അതു് ചിന്താകുഴപ്പവുമല്ല. എന്റെ ബഹുമാന്യസ്നേഹിതൻ മി. മാത്തുപത്മനാഭപിള്ള ഏതാണ്ടു പുക്കുരസത്തിലിവിടെ പറഞ്ഞു;— അദ്ദേഹത്തെപ്പറ്റി കൂടുതലായി യാതൊന്നും തന്നെ പറയുവാൻ അദ്ദേഹത്തിന്റെ പ്രായവും അദ്ദേഹത്തെപ്പറ്റി എനിക്കുള്ള ബഹുമാനവും എന്നെ അനുവദിക്കുന്നില്ല—സ്വന്തം ഭാര്യ പലഹാരമുണ്ടാക്കുവാൻ പഠിച്ചിട്ടില്ലെങ്കിൽ പലഹാരം ഉണ്ടാക്കുവാൻ പഠിച്ച ഒരു സ്ത്രീയേ അതെങ്കിലും ഭാര്യയായി സ്വീകരിക്കുമോ എന്നു്. ഞാൻ മുമ്പു ചെയ്ത പ്രസംഗത്തിൽ ഈ പലഹാരക്കാര്യം പറഞ്ഞതു് സ്ത്രീകളുടെ കാര്യങ്ങളൊന്നും ഉദാഹരിക്കാൻ വേണ്ടിയായിരുന്നില്ല. പലഹാരം തിന്നുവാൻ ആഗ്രഹമുണ്ടെങ്കിൽ അതു് സ്വന്തം ഭാര്യയെ ഉണ്ടാക്കിത്തരുവാൻ കഴിവില്ലെങ്കിൽ അതിനു കഴിയുന്ന മറ്റാരെയെങ്കിലും—സ്ത്രീവേണമെന്നില്ല—

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യമായി അനേപക്ഷിക്കണം. മി. മന്ത്രത്തുപത്മനാഭപിള്ള പറയുന്നതുകേട്ടാൽ അദ്ദേഹത്തിന്റെ ഭാഗ്യക്കേട് സുഖക്കേടുവന്നാൽ പോലും അദ്ദേഹം അന്യസ്ത്രീകളെ വച്ചു കണ്ടു കൂടിക്കുകയില്ലെന്നു തോന്നിപ്പോകും. അതു കൂടിച്ചാൽ ചാരിത്രഭംഗം വന്നേക്കും എന്നു ഭയപ്പെടുന്നതായി തോന്നിപ്പോകും. ഞാൻ പറയുന്നതു് നല്ലതോതായിരുന്നാലും ഗാന്ധിത്തൊപ്പി ഇട്ടുകൊണ്ടു്, ഖദർ ഉടുത്തുകൊണ്ടു തന്നെ, അതു സഫലീകരിക്കാമെന്നാണു്. ജനങ്ങളുടെ നന്മയെ ഉണ്ടാക്കുന്ന ഒരു ഭരണഘടന എഴുതി ഉണ്ടാക്കണമെന്നുള്ള വാഗ്ദാനത്തിലാണു് നാം ഇവിടെ വന്നിരിക്കുന്നതു്. ജനപ്രതിനിധികളായ നാം ഇവിടെ ഉണ്ടാക്കുന്ന ഭരണഘടന ജനങ്ങൾക്കു് സർവ്വതോമുഖമായ നന്മകൈവരുത്തുന്ന തൊക്കെത്തീർക്കണമെങ്കിൽ അതു് ഇംഗ്ലീഷു ഭാഷയിൽതന്നെ രചിക്കേണ്ടതാണു്.

MR. THARIATHU KUNJITHOMMAN : ജനപ്രതിനിധികളായ നാം ഇവിടെ ഉണ്ടാക്കുന്ന ഭരണഘടന ജനങ്ങൾക്കു് കൂടുതൽ ഉപയോഗിക്കുന്നതിനും എളുപ്പത്തിൽ അറിയുന്നതിനും ഉപയുക്തമായ മലയാളഭാഷയിൽ നിർമ്മിക്കുന്നതല്ലേ ഉത്തമം?

MR. P. T. CHACKO : ഇവിടെ ഭാഷയെക്കാൾ പ്രസക്തമായിരിക്കുന്നതു് കാര്യങ്ങളുടെ ഗതിയും അതിന്റെ ഉള്ളടക്കവുമാണു്. നാം എഴുതിയുണ്ടാക്കുന്ന ഭരണഘടന അവരെ തൃപ്തിപ്പെടുത്തുന്നതും അവർക്കു് സമ്മതിക്കുന്നതുമായിരിക്കണം എന്നുള്ളതാണു് പ്രധാനകാര്യം.

MR. THARIATHU KUNJITHOMMAN : കാര്യങ്ങൾ മനസ്സിലാക്കുവാനും നമ്മുടെ ഭാഷയിൽ പ്രയോഗിക്കുന്നതു നല്ലതാണെന്നുള്ള എന്റെ അഭിപ്രായത്തോടു വിയോജിക്കുവാനുള്ള ഒരു കാരണമായി അതിന്റെ ഉള്ളടക്കത്തെ മെമ്പർ ഉന്നയിച്ചതെന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

MR. P. T. CHACKO : എന്റെ ബഹുമാന സ്നേഹിതൻ, നിയമസഭയുമായി രണ്ടു സംവത്സരത്തോളം പഴക്കമുള്ള മിസ്റ്റർ കുഞ്ഞിത്തൊമ്മൻ എന്റെ വാദമുഖം മനസ്സിലാകുന്നില്ലെങ്കിൽ മനസ്സിലാക്കിക്കുവാനുള്ള എന്റെ കഴിവിനെപ്പറ്റി എനിക്കു തന്നെ ലജ്ജതോന്നുന്നു. ഭാഷ നമ്മുടേതുതന്നെയാണു്. അതു് ഇംഗ്ലീഷിൽനിന്നു് തർജ്ജമചെയ്താലും സാമാന്യജനങ്ങൾക്കു് മനസ്സിലാക്കുവാൻ സാധിക്കും. പക്ഷേ നമ്മുടെ സ്വാതന്ത്ര്യരേഖ മലയാളത്തിൽ എഴുതിവച്ചിട്ടു് അതു് ഒരു കോടതിയിൽ ചെല്ലുമ്പോൾ അതിൽ സ്വാതന്ത്ര്യമില്ലെന്നു വന്നുപോയാൽ വലിയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

തരക്കേടുണ്ടാകും. ഭാഷയേക്കാൾ നമ്മുടെ സ്വാതന്ത്ര്യത്തിന് കൂടുതൽ ഗൗരവംകൊടുത്തുകൊണ്ട് നമ്മുടെ ഭരണഘടനക്ക് ഔപചാരമായ അർത്ഥമുള്ള വാക്കുകളെക്കൊണ്ട് നിർമ്മിക്കണമെന്നാണ് ആഗ്രഹിക്കേണ്ടത്. ജനങ്ങളുടെ ആവശ്യങ്ങൾക്കാണ് ഭാഷയെക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ മി. പട്ടം താണുപിള്ള പറഞ്ഞതുപോലെ വികാരത്തിനടിമയായി ചിന്തിക്കാതെ ഈ കാര്യത്തെപ്പറ്റി ഭേദഗതിയെ എതിർത്ത മെമ്പറന്മാർ പുനരാലോചിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. K. K. CHELLAPPAN PILLAI: ഭരണഘടന മുന്ന ഭാഷകളിലും എഴുതിയിട്ട് നല്ലത് ഏത ഭാഷയിൽ എഴുതിയതാണോ അതിനെ മൂല പ്രമാണമായി സ്വീകരിക്കുന്നതിൽ വിരോധമുണ്ടോ ?

MR. P. T. CHACKO: ഇന്നതാണ് നല്ലത് എന്ന തീരുമാനിക്കേണ്ടതാരാണ് ? ചിലയാളുകൾ നന്നല്ലതന്നു വിചാരിക്കുന്നത് വേറെ ചിലർക്ക് നല്ലതായിരിക്കയില്ല. നല്ലത മാത്രമായാലും പോരാ, പ്രയോഗത്തിൽ ഏത ഭാഷയിലെഴുതുന്നതായിരിക്കും സൗകര്യപ്രദം എന്നുകൂടി നോക്കണം. അതുകൊണ്ട് ഇംഗ്ലീഷുഭാഷയിൽത്തന്നെ ഇത രേഖപ്പെടുത്തുന്നതാണ്.

MR. V. GANGADHARAN NAIR: ഇംഗ്ലീഷിൽ ഉണ്ടാക്കിയിരിക്കുന്ന രാഷ്ട്രീയപ്രമാണങ്ങൾക്ക് വിഭിന്നങ്ങളായ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ?

MR. P. T. CHACKO: അറിയാം. അങ്ങനെയുള്ള ഭിന്നവ്യാഖ്യാനങ്ങൾ പുരുത്തിയ സന്ദർഭങ്ങളിൽ ഉണ്ടാകുമെങ്കിലും സാങ്കേതികകാര്യങ്ങളിൽ, അതിന്റെ സാങ്കേതികാർത്ഥങ്ങളിൽ ഒരു ഭിന്നത കുറഞ്ഞിരിക്കും. അതുകൊണ്ടാണ് പാശ്ചാത്യരാഷ്ട്രങ്ങൾ ഒന്നാകെ സമ്മതിച്ചിട്ടുള്ള ശാസ്ത്രീയവും സാങ്കേതികവുമായ പദങ്ങളെ മാത്രം അവർ, അവരുടെ പ്രമാണങ്ങൾ ഏത ഭാഷയിൽ എഴുതിക്കൊണ്ടിരുന്നാലും ശരി, ഉപയോഗിക്കുന്നത്. ഇംഗ്ലീഷുഭാഷയിൽ തത്വശാസ്ത്രങ്ങളോ, അല്ലെങ്കിൽ ഫിലാസഫിയോ മറ്റു ശാസ്ത്രവിഷയങ്ങളോ എഴുതപ്പെട്ടിരുന്നാലും അതിലുപയോഗിക്കുന്ന സാങ്കേതികപദങ്ങളെല്ലാം മിക്കവാറും ഫ്രഞ്ചു ഭാഷയിലുള്ള പദങ്ങളായിരിക്കും. അതെന്തുകൊണ്ടാണ്? ഫ്രഞ്ചുഭാഷയിലുള്ള ചില പ്രത്യേക പദങ്ങൾക്ക് കൃത്യമായ അർത്ഥത്തോടുകൂടി ഉപയോഗിക്കുവാൻ കഴിയും. ആ അർത്ഥങ്ങൾക്ക് ഏത വ്യാഖ്യാനത്തിലും മാറ്റം ഉണ്ടാകുകയില്ല. പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള അർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

മാണ് ആ പദങ്ങൾക്കുള്ളത്. അതുകൊണ്ട് പ്രാദേശികഭാഷയിലുള്ള അത്തരം പദങ്ങൾക്കു പകരം ഇംഗ്ലീഷു പദങ്ങൾ പ്രയോഗിക്കാമെന്ന് ഇംഗ്ലീഷുകാർ കൂടി വിചാരിക്കുന്നില്ല. അതിനാൽ ഈ ഭേദഗതിയെ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. PANDAVATHU SANKARA PILLAI (*Karthigappalli III—General*): സാമാന്യജനങ്ങൾക്കു വേണ്ടി ഉണ്ടാക്കപ്പെടുന്ന ഭരണഘടനാചട്ടങ്ങൾ ഇടനിലക്കാരുടെ സഹായമില്ലാതെ അവർക്കു മനസ്സിലാക്കുവാൻ സാധിക്കുമോ?

MR. P. T. CHACKO: ഭംഗിയേറിയ ഒരു തർജ്ജമകൂടി ഉണ്ടാകുന്ന പക്ഷം ഈ വിഷമം പരിഹരിക്കാവുന്നതാണ്. തർജ്ജമ കോടതിയിൽ കൊണ്ടുപോകേണ്ട ആവശ്യം ഉണ്ടാകുന്നതല്ല.

MR. PRESIDENT: മി. പി. ടി. ചാക്കോയുടെ ഭേദഗതി ഇതാണ്.

After Rule 25, add:

"26. Notwithstanding anything contained herein the original of the Constitution to be drafted shall be in English" and then renumber the remaining rules.

ഈ ഭേദഗതിയെ ഞാൻ വോട്ടിനിടുന്നു.

ഭേദഗതി വോട്ടിനിടുകയും ഭൂരിപക്ഷപ്രകാരം പാസ്സാകുകയും ചെയ്തു.

MR. PANDAVATHU SANKARA PILLAI: സർ, ഞാൻ ഒരു പോയിന്റ് ആവശ്യപ്പെടുന്നു.

ഭേദഗതിയെ അനുകൂലിച്ചവർ

൧.	മിസ്റ്റർ	പി. എസ്. മുഹമ്മദ്
൨.	,,	പി. കെ. കുഞ്ഞു
൩.	,,	കെ. എ. മുഹമ്മദ്
൪.	,,	എ. അബ്ദുൽ റസാക്ക്
൫.	,,	അബ്ദുൽ അസീസ്
൬.	,,	ചെല്ലസ്വാമിനാടാർ
൭.	,,	എ. ചിദംബരനാഥനാടാർ
൮.	,,	മഹമ്മദ് മുസ്ലിയാർ
൯.	,,	സദാശിവൻ
൧൦.	,,	പി. കെ. രാമൻ
൧൧.	,,	ഗബ്രിയേൽ നാടാർ
൧൨.	,,	ഡി. പൊന്നയ്യാ
൧൩.	,,	പൊന്നറ ജി. ശ്രീധർ
൧൪.	,,	എലിയാസ് മേരി ആൻറൊണി
൧൫.	,,	ശ്രീ വി. ദാസ്

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതിയെ അനുകൂലിച്ചവർ—(തുടർച്ച)

ക്ഷ. മിസ്റ്റർ ഇ. പി. പൌലോസ്
ക്ഛ. ,, കെ. രാമചന്ദ്രൻ
ക്വ. ,, വി. കെ. വർഗ്ഗീസ്
ക്ഞ. ,, എം. വക്കി
ക്ഠ. ,, കെ. എ. മാത്യു
ക്ഡ. ,, ടി. എം. വർഗ്ഗീസ്
ക്ഢ. ,, ജി നീലകണ്ഠൻ
ക്ണ. ,, എസ്. നീലകണ്ഠയ്യർ
ക്ത. ,, എം. രാമൻപിള്ള
ക്ഥ. ,, കെ. രാമൻപിള്ള
ക്ദ. ,, എൻ. പി. വർഗ്ഗീസ്
ക്ധ. ,, ശങ്കരൻ നാടാർ
ക്ന. ,, മാന്നാർ കെ, ഗോപാലൻ നായർ
ക്പ. ,, കൃഷ്ണൻ അയ്യപ്പൻ
ക്ഫ. ,, ആൽബർട്ട് ലോപ്പസ്
ക്ബ. ,, സി കേശവൻ
ക്ഭ. ,, എ. അച്യുതൻ
ക്മ. ,, ആർ. ശങ്കർ
ക്യ. ,, ആർ. വി. തോമസ്
ക്ര. ,, അലക്സാണ്ടർ വാകയിൽ
ക്ല. ,, എ. വി. ജോസഫ്
ക്വ. ,, കെ. എസ്. ജോസഫ്
ക്ശ. ,, ജോസഫ് മാളിയേക്കൽ
ക്ഷ. ,, ഈപ്പൻ അറയ്ക്കൽ
ഖ. ,, ടി. ടി. കേശവൻ ശാസ്ത്രി
ഖക്ഷ. ,, ഈ. ഭാസ്കരൻ
ഖക്ഷ. ,, കെ. എം. കോര
ഖക്ഷ. ,, എൻ. ഡി. ജോസ്
ഖഖ. ,, എൻ. വി. ചാക്കോ
ഖഗ. ,, പി. ചാക്കോ
ഖങ്ക. ,, പി. ടി. ചാക്കോ
ഖച ,, കെ. എ. ഗംഗാധരമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

൪൬. മിസ്സ് അക്കാമ്മ ചെറിയാൻ
൪൯. ,, അന്നി മസ്ക്രീൻ
൫൦. മിസ്റ്റർ ഇ. ജോണ ഫിലിപ്പോസ്
൫൧. ,, കെ. എം. ചാണ്ടി
൫൨. ,, ജി. ചന്ദ്രശേഖരപിള്ള

ഭേദഗതിയെ എതിർത്തവർ.

൧. മിസ്റ്റർ പി. നാണു
൨. ,, എ. താണുപിള്ള
൩. ,, ജീ. രാമചന്ദ്രൻ
൪. ,, എ. പി. ഉദയഭാനു
൫. ,, അബ്ദുൽ മജീദ്
൬. ,, പി. സി. അയ്യപ്പൻ
൭. ,, സി. നാരായണപിള്ള
൮. ,, ടി. എ. അബ്ദുള്ള
൯. ,, ചാമ എ. തളിയത്ത
൧൦. ,, കെ. ശേഖരപ്പണിക്കർ
൧൧. ,, വർഗ്ഗീസ് അഗസ്റ്റീൻ
൧൨. ,, എ. കെ. പാച്ചു പിള്ള
൧൩. ,, എം. പപ്പു
൧൪. ,, കെ. രാമകൃഷ്ണപിള്ള
൧൫. ,, കെ. രാമകൃഷ്ണ ആചാരി
൧൬. ,, പാണ്ഡവത്തു ശങ്കരപ്പിള്ള
൧൭. ,, കുമാരനാശാരി
൧൮. ,, കെ. വേലായുധൻ നായർ
൧൯. ,, മന്നത്തു പദ്മനാഭപിള്ള
൨൦. ,, ജി. പി. നീലകണ്ഠപ്പിള്ള
൨൧. ,, ആർ. ജെ. റൊഡ്രിഗ്സ്
൨൨. ,, വിൽസൺ പാറാർ
൨൩. ,, വി. മാധവൻ
൨൪. ,, മങ്കുഴി മാധവൻ
൨൫. ,, പി. ഗോപാലൻ
൨൬. ,, വി. ഗംഗാധരൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതിയെ എതിർത്തവർ—(തുടർച്ച)

൨൬. മിസ്റ്റർ എസ്സ്. കുട്ടൻ
൨൭. ,, കെ. കുട്ടപ്പൻ
൨൮. ,, എം. കുഞ്ഞുരാമൻ
൨൯. ,, ഏ. ഈശപ്പപിള്ള
൩൦. ,, ആർ. അച്യുതൻ
൩൧. ,, വി. തേവൻ
൩൨. ,, പി. കുഞ്ഞുകൃഷ്ണൻ
൩൩. ,, എൻ. എസ്. കൊച്ചുകുഞ്ഞു
൩൪. ,, തയ്യിൽ കുഞ്ഞിത്തൊമ്മൻ
൩൫. ,, കെ. കെ. ചെല്ലപ്പൻപിള്ള
൩൬. ,, പി. കെ. കൃഷ്ണൻ ശാസ്ത്രി

ഭേദഗതിയെ അനുകൂലിച്ചവർ ൫൬, പ്രതികൂലിച്ചവർ ൩൬ ഭേദഗതി പാസ്സായിരിക്കുന്നു.

Rule 27 was read and passed without amendment.

RULE 28.

MR. JOSEPH MALIECKAL : Sir, Rule 28 reads: "No question which has once been decided by the Representative Body shall be reopened except with the consent of at least one-fourth of the members present and voting." I move the following amendment to this Rule: The words "more than one-half" be substituted for the words "at least one-fourth"

പ്രതിനിധിസമിതിയിൽ ഏതെങ്കിലും ഒരു സംഗതി ഒരിക്കൽ തീരുമാനം ചെയ്താൽ അതു് വീണ്ടും പ്രതിനിധിസമിതിയുടെ ആലോചനയ്ക്കു് കൊണ്ടുവരണമെങ്കിൽ ഹാജരുള്ളവരിൽ നാലിലൊന്നു പേരുടെ അംഗീകാരത്തോടുകൂടി വേണമെന്നാണു് ഇപ്പോഴത്തെ കൊണ്ടുവന്നിരിക്കുന്ന നിയമം. ഒരിക്കൽ ചെയ്ത തീരുമാനം ഏതെങ്കിലും ഒരു മെമ്പർ മാത്രം വിചാരിച്ചാൽ വീണ്ടും ആലോചനയ്ക്കെടുക്കാനുള്ള സാഹചര്യം ഉണ്ടായിരിക്കരുതെന്നാണു എന്റെ അഭിപ്രായം. പ്രതിനിധിസഭ ചെയ്യുന്ന ഒരു തീരുമാനത്തിനു് ഒരു പ്രത്യേക വിലയുണ്ടു്. വീണ്ടും ആലോചനയ്ക്കെടുക്കുക എന്നതുള്ളതു വളരെ പ്രാധാന്യമുള്ള കാര്യങ്ങൾ മാത്രമായിരിക്കും. അതുകൊണ്ടു് ഭൂരിപക്ഷം ആളുകളുടെ അനുകൂല്യം അക്കാര്യത്തിൽ ലഭിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടാകുകയില്ല. ചില

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിൽ ആറുമാസക്കാലത്തേക്കോ ഒരു വർഷക്കാലത്തേക്കോ ഒരിക്കൽ തീരുമാനിച്ച വിഷയം വീണ്ടും ആലോചനയ്ക്ക് എടുക്കാൻ പാടില്ലാ എന്നൊരു നിയമമുണ്ട്. അങ്ങനെയുള്ള യാതൊരു നിയന്ത്രണവും ഇവിടെയില്ല. തീരുമാനം ചെയ്ത പ്രശ്നം എപ്പോഴെങ്കിലും വീണ്ടും ആലോചനയ്ക്കെടുക്കാം. അങ്ങനെ വീണ്ടും ആലോചനാവിഷയമാക്കണമെങ്കിൽ പകുതിയിൽ കൂടുതൽ അംഗങ്ങളുടെ സമ്മതം ഉണ്ടായിരിക്കേണ്ടതാണ്. ഇതേപ്പറ്റി ഒരു ഭേദഗതി ആക്ഷേപമുണ്ടാകുമെന്നു തോന്നുന്നില്ല.

MR. S. KUTTAN (*Neyyattinkara I—General*) : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. A. NESAMONY : Sir, நான் இந்தத் திருத்தப் பிரேரணையை எதிர்க்கிறேன். கம்மிட்டியால் தயார் செய்யப்பட்ட நடைமுறை விதியின் 28-வது ரூல் சரியானது. நாம் ஒரு அரசியல் திட்டத்தைச் செய்யும்போது பல விதமான நிர்மானங்கள் வந்து கொண்டிருக்கும். ஆகையால் காலத்திற்கு இத்திட்டங்கள் அநேக விகாரங்களுக்கு காரணமாகத்தானிருக்கும். ஒரு அரசியல் திட்டத்தைத் தயார் செயயும்போது யாவருடைய அபிப்பிராயத்தையும் கேட்டறிவு செய்வது நல்லது. எதாவது ஒரு வகுப்பைக் கடைசித்தீர்மானமாக வைக்கிறோம் என்று வைத்துக கொள்வோம். பின்பு அதேவகுப்புக்கு முறண்பாடாக வேறு ஒரு தீர்மானம் வைக்கவேண்டியது வரும். அதனால்தான் ஒரு வகுப்பை புனராலோசனை செயய நானிலொரு பங்கு அங்கத்தினர்களின் சம்மதம் வேண்டுமென்று நினைத்து, Indian Constituent Assembly Rules ஐ யே இங்கு வைக்கப்பட்டிருக்கிறது. இப்போதிருப்பதே ஒரு நல்ல ரூல். அதனால் இந்த திருத்தப்பிரேரணையை நான் எதிர்க்கிறேன். நாம பாசாக்கப் போகிற ரூல்களில் அநேக திருத்தங்கள் ஏற்படும். அப்படி திருத்தங்கள் வர இந்த ரூல் இடங் கொடுக்கிறது.

MR. CHERIYAN J. CAPPAN (*Meenachil III—General*) : ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചതിന്റെ മുക്കാം ഒന്നു പറഞ്ഞാൽ കൊള്ളാം. ഒന്നാമത്തെ റൂളിൽ ഒന്നാം സബ്റൂൾ അനുസരിച്ചുള്ള ഒരപേക്ഷയാണിത്. ആ റൂളിൽ ഈ സംഗതി വ്യവസ്ഥചെയ്തിട്ടുണ്ട്.

MR. PRESIDENT : കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ലി സംബന്ധിച്ചുള്ള നടപടികൾ ആണ് നടക്കുന്നത്. റൂളുകൾ പാസാക്കിക്കഴിഞ്ഞാലും പിന്നീടു നമുക്കു ചില ഭേദഗതികൾ ചെയ്യേണ്ടിവരും. കഴിയുന്നതും വേഗത്തിൽ ഒരു റൂൾ ഭേദഗതി ചെയ്യുന്നതിനു സൗകര്യം ഉണ്ടാകണം. ഇതുകൊണ്ടാണ് ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ ഇതേ റൂൾസ് വച്ചിരിക്കുന്നത് എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MUHAMMED : ഞാൻ മി. മാളിയേക്കലിന്റെ ഭേദഗതിയെ എതിർക്കുന്നു. ഈ സഭ ഒരിക്കൽ തീരുമാനിച്ച പ്രശ്നം പുനരാലോചിക്കേണ്ടതായി വരുമ്പോൾ നാലിലൊന്നു അംഗങ്ങളുടെ സമ്മതത്തോടുകൂടി തന്നെ ആലോചനയ്ക്കെടുക്കേണ്ടതാണു്. എന്നാൽ അതു് പാസ്സാക്കണമെങ്കിൽ മെജാറിറ്റി കിട്ടണം. അതുകൊണ്ടു ആലോചനയ്ക്കു തന്നെ പകുതിയിൽ കൂടുതൽ ആളുകൾ വേണമെന്നു പറയുന്നതു് ശരിയല്ല. ഒൺഫോർത്തു വച്ചു തന്നെ ആലോചനയ്ക്കെടുത്താലും മെജാറിറ്റി കിട്ടുന്നില്ലാ എങ്കിൽ അതു തള്ളിപ്പോകുന്നതാണു്. ഇക്കാരണങ്ങളാൽ ഈ അമൻറുമെൻറിനെ ഞാൻ എതിർക്കുന്നു.

MR. K. P. NILAKANTA PILLAI : മി. മാളിയേക്കലിന്റെ ഭേദഗതിയോടു സാമ്യമുള്ള ഒരു ഭേദഗതിയാണു് എന്റെയും ഭേദഗതി. അതുകൊണ്ടു ഒന്നിച്ചു് വോട്ടിനിട്ടാൽ മതിയാകും. ഡിസ്ക്രഷൻ ഒന്നുതന്നെയാണു്. അതിനാൽ എന്റെ ഭേദഗതിയും കൂടി ഇപ്പോൾ അവതരിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഒരിക്കൽ തീരുമാനിക്കപ്പെട്ട റൂളിനെ ഭേദപ്പെടുത്തണമെങ്കിൽ ആ യോഗത്തിൽ നാലിൽ ഒന്നു ഭാഗം അംഗങ്ങൾ വോട്ടു ചെയ്താൽ മാത്രമേ ഭേദപ്പെടുത്താൻ പാടുള്ളൂ എന്നാണു്. എന്റെ ഭേദഗതി ഭൂരിപക്ഷമുള്ള ഒരു യോഗത്തിൽ ഭൂരിപക്ഷതീരുമാനപ്രകാരം മാത്രമേ അതു് ആലോചനയ്ക്കെടുക്കാൻ പാടുള്ളൂ എന്നാണു്.

MR. PRESIDENT : മി. മാളിയേക്കലിന്റെ ഭേദഗതി ഇതാണു.

In Rule 28, substitute the words "more than one half" for the words "at least one fourth".

MR. K. P. NILAKANTA PILLAI : എന്റെ ഭേദഗതിയും അതുതന്നെയാണു്. അതുകൊണ്ടു് അതിനെ പിൻതാങ്ങി രണ്ടു വാക്കു സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. രണ്ടും ഒരേ ഭേദഗതി ആയതുകൊണ്ടു് എന്റെ മാന്യസ്നേഹിതൻ മി. നേശമണി പറഞ്ഞതുപോലെ അത്യാവശ്യം നേരിടുന്ന അവസരങ്ങളിൽ മാത്രമേ പുനരാലോചന ചെയ്യാൻ പാടുള്ളൂ. റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു ഹാജരുള്ളതിലും, വോട്ടു ചെയ്യുന്നതുമായ നാലിലൊരു ഭാഗത്തിന്റേയെങ്കിലും സമ്മതം കൂടാതെ പുനരാലോചന ചെയ്യാൻ പാടില്ലാ എന്നാണു്. അങ്ങനെ വരുമ്പോൾ, ഒൺഫോർത്തു് എന്നു പറഞ്ഞാൽ കേവലം മൂന്നിലൊന്നെന്ന കണക്കനുസരിച്ചു് ൪൦ പേർ ഇവിടെ വന്നാൽ അതിലെ ൧൦ അംഗങ്ങൾ മാത്രം വിചാരിച്ചാൽ മതി, അസംബ്ളി പാസ്സാക്കിയ ഒരു കാര്യത്തെ പുനരാലോചനയ്ക്കെടുക്കാൻ കഴിയും,

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അതു് ആവാം.

MR. K. P. NILAKANTA PILLAI : അങ്ങനെ വരുമ്പോൾ ഇന്നു് വാദപ്രതിവാദത്തിനു എടുത്ത വിഷയം, മലയാളവും തമിഴും ഇംഗ്ലീഷും വേണമോ, മലയാളവും തമിഴും മതിയോ എന്നുള്ള വിഷയംതന്നെ പുനരാലോചനയ്ക്കു് എടുക്കണമെങ്കിൽ അന്നു് ഹാജരുള്ളതും, കോറമുള്ളതുമായ അംഗങ്ങളുടെ നാലിലൊരു ഭാഗം മാത്രം വോട്ടു ചെയ്താൽ മതിയല്ലോ. കൂടുതൽ ആളുകൾക്കു് യോജിപ്പുള്ള കാര്യങ്ങൾ മാത്രമേ പുനരാലോചനയ്ക്കെടുക്കാവൂ. അതിൽ അബദ്ധമൊന്നും വരാനില്ലല്ലോ.

MR. G. RAMACHANDRAN : മി. മാളിയേക്കൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെ പിൻതാങ്ങുന്നതിനാണു് ഞാൻ ഇവിടെ നിൽക്കുന്നതു്. ഇന്നു് ഇവിടത്തെ ആലോചനാവിഷയം, ഏതെങ്കിലും ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ അതു് പുനരാലോചനയ്ക്കു് എടുക്കുന്നതിനു് നാലിലൊന്നു അംഗങ്ങൾ ഉണ്ടായിരുന്നാൽ മതിയോ എന്നാണു്. ഏതെങ്കിലും ഒരു കാര്യം ഈ സഭ ആലോചിച്ചു തീരുമാനിച്ചതിനെ പുനരാലോചനയ്ക്കു് എടുക്കണമെങ്കിൽ ആദ്യം ഇവിടെ സന്നിഹിതരായിരിക്കുന്നവരിൽ നാലിലൊന്നുഭാഗം അംഗങ്ങൾ മാത്രം മതിയെന്നാണു് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയമം. എന്നാൽ അതു തിരുമാനിക്കുന്നതിനു് ഭൂരിപക്ഷംപേർ വേണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. ഇത്രവളരെ കുറഞ്ഞ അംഗങ്ങളുടെ പിൻതാങ്ങു മാത്രം മതിയെന്നു എനിക്കു തോന്നുന്നില്ല. ഇതു് ഒരു പ്രതിനിധിസഭയാണു്. ഏതെങ്കിലും ഒരു കാര്യം തീരുമാനിക്കുകയാണെങ്കിൽ വളരെ ആലോചിച്ചു തീരുമാനിക്കേണ്ട ഒരു സഭയാണു്. അതിനു് ഇത്രയും കുറഞ്ഞ ഒരു പിൻതുണമാത്രം ഉണ്ടായിരുന്നാൽ പോരെന്നു ഞാൻ പറയുന്നു. ഒരു വിഷയം പുനരാലോചനയ്ക്കെടുക്കണമെങ്കിൽ സന്നിഹിതരായവർ, പേട്ടചെയ്തവർ ഇവരിൽനിന്നും ഒരു വലിയ ഭൂരിപക്ഷം വേണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊണ്ടു് ഈ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

MR. R. SANKAR (*Quilon IV—General*) : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതികൊണ്ടു് ഒരിക്കൽ ചർച്ചചെയ്തുപോയ വിഷയത്തെപ്പറ്റി വീണ്ടും ആലോചനയ്ക്കെടുക്കുന്നതിനു് ഭൂരിപക്ഷംതന്നെ ഉണ്ടായിരിക്കണമെന്നാണു് അർത്ഥമാകുന്നതു്. ഇപ്പോൾ ഇരിക്കുന്ന നിയമമനുസരിച്ചു് ഹാജരാകുകയും, വോട്ടുചെയ്യുകയും ചെയ്യുന്നവരിൽ നാലിലൊന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Sankar]

ഭാഗം ഉണ്ടായിരുന്നാൽ ഒരിക്കൽ തീരുമാനിച്ച വിഷയം പുനരാലോചനയ്ക്കെടുക്കാം. അപ്പോൾ നാ ഠ മാക്സിമവും ഫാ ഠ മിനിമവുമാകും. സഭയിൽ ഒരു വിഷയം വാദപ്രതിവാദത്തിനെടുക്കുന്നതിനു മാത്രമാണ് ഈ വ്യവസ്ഥവച്ചിരിക്കുന്നത്. ഭൂരിപക്ഷം സമ്മതിച്ചെങ്കിൽ മാത്രമേ നിയമമായിത്തീരുകയുള്ളൂ. അതിനാൽ ഇപ്പോഴത്തെ നിയമം സ്വീകാര്യമാണെന്നാണ് എന്റെ അഭിപ്രായം.

MR. V. GANGADHARAN NAIR (*Quilon III - General*) : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ സഭമുമ്പാകെ ഒരിക്കൽ വിഷയമാക്കി എന്ന കാരണത്താൽ വീണ്ടും ആലോചനയ്ക്കെടുക്കാൻ ഭൂരിപക്ഷം വേണമെന്നുള്ള ഈ ഭേദഗതിയെ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഒരു സംഗതി വാദപ്രതിവാദവിഷയമാക്കുന്നതിന് അത്ര വലിയ നിയന്ത്രണത്തിന്റെ ആവശ്യമില്ല.

MR. K. S. JOSEPH : ഭാഷയെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ നൂറ് പേർ ഇംഗ്ലീഷുകൂടി വേണമെന്നുള്ള അഭിപ്രായത്തോടുകൂടി പാസ്സാക്കി. മി. ആർ. ശങ്കർ പറഞ്ഞതനുസരിച്ച നാ ഠ പേർ അനുകൂലിച്ചാൽ വീണ്ടും ഈ വാദം ഇവിടെ കൊണ്ടുവരാവുന്നതാണ്. റൂൾസിൽ കിടക്കുന്നതുപോലെ, ഹാജരുള്ളതും വോട്ടുചെയ്യുന്നതുമായ അംഗങ്ങളുടെ സമ്മതമുണ്ടെങ്കിൽ പുനരാലോചനയ്ക്കെടുക്കാം എന്നുള്ള അസൽ പാസ്സാക്കിയാൽ ഉണ്ടാകുന്ന ഗുണം നമുക്ക് ക്ഷ പ്ത കാലാവധിക്കുശേഷം വീണ്ടും ആലോചനക്കെടുക്കാം എന്നുള്ളതാണ്. നാലിലൊരു ഭാഗം എന്നുള്ള വ്യവസ്ഥയിന്മേൽ ഈ റൂൾ പാസ്സാക്കണം. അല്ലെങ്കിൽ വളരെ വിഷമങ്ങൾ ഉണ്ടാകുന്ന ഒരു പ്രശ്നമാണ്. ഈ റൂൾസ് ഇതേപടി പാസ്സാക്കണമെന്ന് ഈ സഭയോട് അഭ്യർത്ഥിക്കുന്നു.

MR. MUHAMED MUSTAFFA: മി. മാളിയേക്കലിന്റെ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഭൂരിപക്ഷം അംഗങ്ങളുടെ സമ്മതത്തോടുകൂടി മാത്രമേ ഈ സഭ പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തെപ്പറ്റി പുനരാലോചിക്കാൻ സാധിക്കുകയുള്ളൂ എന്നുവരുന്നതു ഒരിക്കലും ന്യായമല്ല. അങ്ങനെ ഒരു തീരുമാനം ചെയ്യുന്നപക്ഷം, ഒരിക്കൽ ഈ സഭ പാസ്സാക്കിയ തീരുമാനത്തെപ്പറ്റി പുനരാലോചനചെയ്യണമെന്നുള്ള ഒരു ന്യായമായ ആവശ്യം ഉണ്ടായാൽതന്നെയും അതിനുള്ള സ്വാതന്ത്ര്യം ഇല്ലാതെയാണുവരുന്നതു്. ഇതുപോലെയുള്ള കാര്യങ്ങളിൽ മുൻകൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

ത്തന്നെ ഭൂരിപക്ഷത്തിന്റെ അനുമതി ലഭിക്കുകയെന്നുള്ളതും സാദ്ധ്യമല്ല. എപ്പോഴും പുതിയപുതിയ സംഭവവികാസങ്ങൾ ഉണ്ടാകുകയും പുറപാടുകൾ അനുസരിച്ചു തീരുമാനംചെയ്യുകയും, ഒരിക്കൽ ആലോചിച്ചു നിശ്ചയിക്കുന്ന പ്രശ്നങ്ങൾ പുനരാലോചനചെയ്യുകയും ചെയ്യുക സ്വാഭാവികമാണ്. ആ നിലയിൽ ന്യായമായ ഒരു പ്രശ്നം പുറപാടുമുള്ള സംഭവവികാസങ്ങൾമൂലം പുനരാലോചനചെയ്യണമെന്നു തോന്നിയാൽ അതിനു സുഗമമായ ഒരു പന്ഥാവു നിയമങ്ങളിൽ ഉറന്നിടേണ്ടതു അത്യാവശ്യമാണ്. ഒരിക്കൽ തീരുമാനിച്ച പ്രശ്നം ഉന്നയിക്കുന്നതിന് ഭൂരിപക്ഷം മെംബറന്മാരുടെ അനുമതിവേണം എന്നുള്ളതു സാധാരണ ജനകീയസിദ്ധാന്തത്തിന് അനുയോജ്യവുമല്ല. അതിനാൽ മി. മാളിയേക്കലിന്റെ ഭേദഗതിയെ എതിർക്കുകയും നിലവിലുള്ള വകുപ്പു സ്വീകരിക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു.

MR. N P. VARGHESE (*Muvattupuzha I—General*): മി. മാളിയേക്കലിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഏതു കാര്യത്തിനും ഫൈനാലിറ്റി ആവശ്യമാണ്. "ആകെ ഹാജരായിട്ടുള്ളതിന്റെ നാലിലൊരുഭാഗം അംഗങ്ങൾ ഉണ്ടെങ്കിൽ ഒരുകാര്യം പുനരാലോചനചെയ്യാം" എന്നു പറയുന്നതു ശരിയായ നടപടിയാണെന്നു എനിക്കഭിപ്രായമില്ല. എങ്കിലും ഭൂരിപക്ഷത്തിന്റെ അനുമതിയാണു വേണ്ടതു എന്ന തത്വം അംഗീകരിക്കണമെന്നു ഈ സഭയോടു ഞാൻ അപേക്ഷിക്കുന്നു. നാം ചെയ്യുന്ന തീരുമാനം ഉടനടി ഭേദപ്പെടുത്തുന്നതു നല്ലതല്ല. അതിനാൽ മി. മാളിയേക്കലിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

MR, A. P. UDAYABHANU : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതിയനുസരിച്ച് ന്യൂനപക്ഷത്തിനു ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ മാറ്റംചെയ്യുവാനുള്ള സന്ദർഭം നഷ്ടപ്പെടുന്നു. ഒരു തെറ്റു നാം ചെയ്യുകയാണെങ്കിൽ ആ തെറ്റു തിരുത്താൻ ഉള്ള അവസരവും സന്ദർഭവും ഉണ്ടായിരിക്കണം. തീരുമാനങ്ങൾക്കു ഫൈനാലിറ്റിവേണമെന്നു പറയുന്നു. നിയമസംബന്ധമായി ഒരു തീരുമാനമുണ്ടായിക്കഴിഞ്ഞാൽ, അതിന്മേൽ അപ്പീലുണ്ട്, റിവ്യൂ ഉണ്ട്, പലവിധത്തിലുള്ള നടപടികൾ ഉണ്ട്. തെറ്റുകൾ തിരുത്തുന്നതിനുള്ള സൗകര്യവും സന്ദർഭവും ആവശ്യമാണ്. ആ ഉദ്ദേശത്തോടുകൂടിയാണ് ഹാജരായിട്ടുള്ള അംഗങ്ങളുടെ നാലിലൊന്നു ഭാഗത്തിന്റെയെങ്കിലും സമ്മതം ഉണ്ടായിരിക്കണമെന്നു പറഞ്ഞിരിക്കുന്നതു്. ഭൂരിപക്ഷത്തിനു തെറ്റുപറ്റിയെന്നുവന്നാലും സഭയ്ക്കു അതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

മനസ്സിലാകുന്ന സന്ദർഭത്തിൽ പരിഹരിക്കുന്നതുള്ള അവകാശമുണ്ട്. അതിനാൽ ഈ റൂൾസിൽ കൊടുത്തിരിക്കുന്നഭാഗം അംഗീകരിക്കുകയല്ലാതെ, ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ, ഈ അവകാശം സഭയ്ക്കു നഷ്ടപ്പെടുമെന്നുള്ളതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. PRESIDENT : ഈ ഭേദഗതിയെപ്പറ്റി ഇനി ആർക്കും അഭിപ്രായം പറയാനില്ലെന്നു വിശ്വസിക്കുന്നു.

MR. JOSEPH MALIECKAL : In Rule 28 substitute the words "more than one half" for the words "at least one fourth."

ഈ അമൻറുമെൻറുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു്, ഒരു വാദപ്രതിവാദത്തിനുശേഷം വലിയ ഭൂരിപക്ഷത്തോടുകൂടി സഭ പാസ്സാക്കുന്ന ഒരു തീരുമാനം, നാലിലൊന്നുഭാഗം അംഗങ്ങളുടെമാത്രം അഭിപ്രായത്തോടുകൂടി വീണ്ടും വാദപ്രതിവാദംചെയ്തു ഭേദപ്പെടുത്താനുള്ള സ്വാതന്ത്ര്യം കൊടുക്കരുതെന്നാണു്. എൻറെ സ്നേഹിതൻ മി. ഗംഗാധരൻനായർ പറഞ്ഞതുപോലെ ഏതെങ്കിലും ഒരു തീരുമാനം നാം ചെയ്യുന്നതു അനീതിയാണെന്നു ചിലക്കെങ്കിലും ബോദ്ധ്യമാകുന്നപക്ഷം അതിനെ മാറ്റേണ്ടതുണ്ട് അത്യാവശ്യമാണു്. ആ അനീതി ഭൂരിപക്ഷത്തിനെ ബോദ്ധ്യപ്പെടുത്താൻ പ്രാരംഭത്തിൽതന്നെ ന്യൂനപക്ഷത്തിനവസരം ലഭിക്കുന്നതാണല്ലൊ. അങ്ങനെ ബോദ്ധ്യമുണ്ടെങ്കിൽമാത്രമേ വളരെ വിലയേറിയ ഈ അസംബ്ലിമെംബറന്മാരുടെ സമയവും പ്രവർത്തനവും ഉപയോഗപ്പെടുത്താൻ പാടുള്ളൂ. ഈ റൂളിൽ വ്യവസ്ഥചെയ്തിരിക്കുന്നതുപോലെ പാസ്സാക്കുകയാണെങ്കിൽ, സഭയിൽ പാസ്സാക്കുന്ന ഓരോ സംഗതിയും ഏറ്റവും വേണ്ടപ്പോൾ വേണമെങ്കിലും ഒരു ന്യൂനപക്ഷത്തിൻറെ അഭിപ്രായത്തോടുകൂടി പുനരാലോചനയ്ക്കെടുക്കാം. ഉദാഹരണമായി ഭാഷയെസംബന്ധിച്ചു് ഇവിടെ നൂറ് പേരുടെ ഭൂരിപക്ഷത്തോടെ പാസ്സാക്കിയിട്ടുള്ളതുതന്നെ നാളെ വേണമെങ്കിൽ വെറും നൂറ പേരുടെ ഭൂരിപക്ഷത്തോടുകൂടി പുനരാലോചനയ്ക്കു് എടുക്കാം. അപ്രകാരം വരണമെന്നല്ല ഞാൻ പറയുന്നതു, അങ്ങനെയാകുമ്പോൾ ഈ സഭയുടെ മഹത്തായ സമയം നഷ്ടപ്പെടാനിടവരും. അങ്ങനെയുള്ള കുഴപ്പങ്ങൾ സംഭവിക്കാതിരിക്കാനും അത്യാവശ്യമായ കാര്യങ്ങൾക്കുവേണ്ടി ഭൂരിപക്ഷത്തിൻറെ സമ്മതപ്രകാരം തീരുമാനിക്കാനും ഇടവരണമെന്നുള്ള വിചാരത്തോടുകൂടിയാണു ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അല്ലാതെ ഭൂരിപക്ഷത്തെ സഹായിക്കണമെന്നോ, ന്യൂനപക്ഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

അവഹേളിക്കണമെന്നോ എനിക്ക വിചാരമില്ല. അതിനാൽ എല്ലാ മാന്യസ്നേഹിതന്മാരും ഈ ഭേദഗതിയെ അനുകൂലിക്കണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT: മി. മാളിയേക്കലിന്റെയും മി. കെ. പി. നീലകണ്ഠപ്പിള്ളയുടേയും ഭേദഗതികൾ രണ്ടും തത്വത്തിൽ ഒന്നാകയാൽ മി. മാളിയേക്കലിന്റെ ഭേദഗതി എടുക്കുന്നു ഭേദഗതി ഇതാണ്:

In Rule 28, substitute the words "more than one half" for the words "at least one fourth."

The amendment was put and lost.

RULES 29 & 30.

Rules 29 & 30 were read and passed without amendment.

RULE 31.

MR. PRESIDENT: ഈ റൂളിനു ആരും ഭേദഗതി അയച്ചിട്ടില്ല.

RULE 31.

MR. P. NANOO (*Chirayinkil II—General*): സർ, ഈ റൂളിനെസംബന്ധിച്ച് ഞാൻ ഭേദഗതിയൊന്നും അയച്ചിട്ടില്ലെങ്കിലും, ഈ റൂളിൽ ഒരു തെറ്റുണ്ടെന്നുള്ള എന്റെ അഭിപ്രായം സഭയുടെ മുൻപിൽ പ്രസ്താവിച്ചു കൊള്ളുന്നു. റൂൾ നമ്പർ ഇപ്രകാരമാണ്.

നമ്പർ. അസാംഗത്യത്തിലോ അഥവാ വാദപ്രതിവാദത്തിൽ തന്റെ വാദങ്ങളുടെയോ മറ്റേതെങ്കിലും അംഗം ഉപയോഗിച്ച വാദങ്ങളുടെയോ, മുഷിയിപ്പിക്കുന്ന പുനരാവർത്തനത്തിലോ വിടാതെ നില്ക്കുന്ന ഒരു അംഗത്തിന്റെ പെരുമാറ്റം പ്രതിനിധിസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയതിനുശേഷം, പ്രതിനിധിസമിതിയുടെ പ്രസിഡന്റിന്, അയാളോട് തന്റെ പ്രസംഗം അവസാനിപ്പിക്കണമെന്നു നിർദ്ദേശിക്കാവുന്നതും അങ്ങനെ ചെയ്താൽ ആ അംഗം ഉടൻതന്നെ തന്റെ സ്ഥാനത്തിരിക്കേണ്ടതുമാണ്.

ഈ റൂൾകൊണ്ടു കാണുന്നതു് അതിൽ അടങ്ങിയിട്ടുള്ള അധികാരം പ്രസിഡന്റിനു മാത്രം കൊടുത്തിരിക്കുന്നു എന്നാണ്. ഞാൻ പറയുന്നതു്, പ്രസിഡന്റിനുമാത്രമല്ല, ആരു ആ സമയം സഭയിൽ അദ്ധ്യക്ഷത്വം വഹിക്കുന്നുവോ, ആ ആളിനും ഈ റൂളിൽ ചേർത്തുകാണുന്ന അധികാരം കൊടുക്കണമെന്നാണ്. അതിനാൽ റൂളിലെ ഈ ഭാഗം മാറണം. ഒരു മെംബർ വീണ്ടും വീണ്ടും ഒരു സംഗതിയെപ്പറ്റിതന്നെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo]

പ്രസ്താവിക്കുകയോ, അസംഗതമായ വാദപ്രതിവാദം നടക്കുകയോ ചെയ്യുന്ന അവസരത്തിൽ, പ്രസിഡന്റോ ഡെപ്യൂട്ടിപ്രസിഡന്റോ ചെയർമാനോ അദ്ധ്യക്ഷത്വം വഹിക്കുകയായിരിക്കും. ഈ ഭാഗം അനുസരിച്ച്, ഇപ്രകാരമുള്ള തെറ്റായ സംഗതികൾ തടയാനുള്ള അധികാരം പ്രസിഡന്റിനുമാത്രമാണ് നൽകിയിരിക്കുന്നത്. അതിനാൽ പ്രസിഡന്റിന് മാത്രമല്ല ഇതിന്റെ അധികാരം വേണ്ടത്. അദ്ധ്യക്ഷത വഹിക്കുന്നവർക്കെല്ലാം ഈ അധികാരം ഉണ്ടായിരിക്കണം. പ്രസിഡന്റിനെ സംബന്ധിച്ച നിർവചനം ഭാഗത്തിൽ ഉണ്ട്. അത് ഇപ്രകാരമാണ്.

(എ) "അദ്ധ്യക്ഷൻ" എന്നാൽ പ്രതിനിധിസമിതിയിലോ അല്ലെങ്കിൽ അതിലെ കമ്മിറ്റിക്കളിലോ അതതുകാലം അദ്ധ്യക്ഷത്വം വഹിക്കുന്നയാൾ, എന്നർത്ഥമാകുന്നു.

ഈ നിർവചനപ്രകാരം ആളും അങ്ങയുടെ പിൻഗാമികളും മാത്രമെ പ്രസിഡന്റാകുകയുള്ളൂ.

ഉ ം. പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ, ഡെപ്യൂട്ടിപ്രസിഡന്റ്, പ്രതിനിധിസമിതിയുടെ അദ്ധ്യക്ഷനായിരിക്കേണ്ടതാണ്.

ഇതനുസരിച്ച് ഡെപ്യൂട്ടിപ്രസിഡന്റ് അദ്ധ്യക്ഷനായിവരും. പിന്നെ ചെയർമാനും അദ്ധ്യക്ഷനായിവരാം.

ഉ ഉ. പ്രസിഡന്റും ഡെപ്യൂട്ടിപ്രസിഡന്റും ഹാജരില്ലാതിരുന്നാൽ, അദ്ധ്യക്ഷന്റെ ജോലികൾ നിർവഹിക്കുന്നതിന് ഏതെങ്കിലും അംഗത്തെ പ്രതിനിധിസമിതി നിശ്ചയിക്കാവുന്നതാണ്.

ഈ മൂന്ന് ഭാഗങ്ങളും വച്ചുനോക്കുമ്പോൾ, ഈ സഭയിൽ അദ്ധ്യക്ഷത്വം വഹിക്കാൻ, പ്രസിഡന്റ്, ഡെപ്യൂട്ടിപ്രസിഡന്റ്, ചെയർമാൻ ഇങ്ങനെ മൂന്നുപേരുണ്ട്. ഭാഗം ൭ അനുസരിച്ച് സഭയുടെ നടപടിക്രമങ്ങളെ നിയന്ത്രിക്കാനുള്ള അധികാരം പ്രസിഡന്റിനുമാത്രമാണ് നൽകിയിരിക്കുന്നത്. അതുപോരാ, അദ്ധ്യക്ഷത്വംവഹിക്കുന്ന ആൾക്കും ആ അധികാരം ഉണ്ടായിരിക്കണം.

MR. K. A. MAHOMED : ഈ സഭയെ സംബന്ധിച്ചിടത്തോളം ഡെപ്യൂട്ടിപ്രസിഡന്റിന് ഈ അധികാരം ഉണ്ടെന്നറിയാമോ?

MR. P. NANOO : അറിയാം. ഞാൻ പറയുന്നത് അദ്ധ്യക്ഷത്വം വഹിക്കുന്ന ആളിന് ആ ആധാരം ആരുതന്നെയായിരുന്നാലും ഈ അധികാരം ഉണ്ടായിരിക്കണമെന്നാണ്. ഈ ന്യൂനത പരിഹരിക്കപ്പെടണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ നാലാം രുളിൽ 'പ്രസിഡൻറ്' എന്ന പദം മാറി 'ചെയർമാൻ' എന്ന പദം ചേർക്കണം. ചെയർമാൻ എന്നതിൽ ഡെപ്യൂട്ടി പ്രസിഡൻറ്, ചെയർമാൻ, പ്രസിഡൻറ് ഈ മൂന്നു പേരും ഉൾപ്പെട്ടും. ഈ രൂൾസിലെ ഭേദഗതിവകുപ്പ് ഇതാണ്:

AMENDMENTS.

27. (1) An amendment must be relevant to the motion to which it is proposed.

(2) An amendment may not be moved which has the effect of being the negative of the original motion.

(3) Except as permitted by the Chairman:—

(a) notice of any amendment to a motion must be given at least one clear day before the motion is to be moved in the Representative Body, and

(b) notice of any amendment to an amendment must be given before the Representative Body meets for the day on which the motion is to be moved.

(4) The Chairman may disallow any amendment which he considers to be frivolous or dilatory.

(5) The Chairman may put amendments to the vote in any order he may choose.

ഇതിൽ പറയുന്ന ചെയർമാൻ എന്ന പദംകൊണ്ടു പ്രസിഡൻറ്, ഡെപ്യൂട്ടിപ്രസിഡൻറ്, ചെയർമാൻ ഈ മൂന്നുപേരും ഉൾപ്പെടുന്നു. അതിനാൽ ചെയർമാൻ എന്ന പദം മൂന്നുപേരും ഉൾക്കൊള്ളുവാൻ വ്യാപ്തമാണ്. അതുകൊണ്ടു ഈ നാലാംവകുപ്പിൽ പ്രസിഡൻറ് എന്ന പദം മാറി ചെയർമാൻ എന്ന പദം ചേർക്കണമെന്നു ഒരു അമൻറ്മെൻറ് അവതരിപ്പിക്കുവാൻ അനുവദിക്കണമെന്നു പേക്ഷിക്കുന്നു.

MR. R. SANKAR : I support the amendment.

MR. S. NILAKANTA AIYAR : ഞാൻ മി. നാണുവിൻെറ ഭേദഗതിയെ അനുകൂലിക്കുന്നു. ഇൻഡ്യൻ കാണസംബ്ളി രൂൾസിൽ നാലാം വകുപ്പിൽ ആണ് ഈ സംഗതിയെപ്പറ്റി പറഞ്ഞിരിക്കുന്നതു്. അവിടെ ചെയർമാൻ എന്നാണു കാണുന്നതു്. അതു വല്ല സ്ലിപ്പും വന്നുപോയതായിരിക്കും. കമ്മിറ്റിയിൽ രൂൾ ഉണ്ടാക്കിയപ്പോൾ ഷാർട്ട്ഹാൻറു റിപ്പോർട്ടേഴ്സിൻെറയോ മറെറാ സ്ലിപ്പായിട്ടാണു് വന്നതു് എന്നാണു് എനിക്കു തോന്നുന്നതു്. ഈ രൂളിൽ നാലാംവകുപ്പിൽ പ്രസിഡൻറ് എന്ന പദം മാറി ചെയർമാൻ എന്നു ചേർക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി യോജിച്ചുകൊണ്ടു് ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഈ ഭേദഗതിയെപ്പറ്റി ഇനി ആരെങ്കിലും അഭിപ്രായം പറയാനുണ്ടോ?

ആരും ഇല്ലെന്നു തോന്നുന്നു.

ഈ ഭേദഗതിയെ അനുകൂലിക്കുന്നവർ കൈപൊക്കണം— ഭൂരിപക്ഷംപേർ.

പ്രതികൂലം—ആരുമില്ല.

ഭേദഗതി പാസ്സായിരിക്കുന്നു.

Rule 31, as amended, was put and carried.

RULE 32 (i)

MR. P. NANOO : ഈ റൂളിലും പ്രസിഡൻറ് എന്ന ഭേദഗതി മാറ്റി ചെയർമാൻ എന്നു ചേർക്കണമെന്നു് നഫ്ഫാം വകുപ്പിലെ സംഗതികളെ അനുസരിച്ചു ഒരു ഭേദഗതി ഹാജരാക്കുന്നു.

MR. S. NILAKANTA AIYAR : ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുന്നു.

MR. PRESIDENT : ഇതിനും ആർക്കും എതിരഭിപ്രായം ഇല്ലായെന്നു തോന്നുന്നു.

MR. P. T. CHACKO : മിസ്കാണ്ടക്ടിനെപ്പറ്റിയും പറയാൻ പ്രസിഡൻറിന് അധികാരം ഉണ്ടായിരിക്കണം.

The amendment was put and carried.

MR. PRESIDENT : The amendment before the House is to substitute the word 'Chairman' for 'President' wherever occurring in Rules 31, 32 and 33.

The question that Rule 31 with the expression 'Chairman' for the expression 'President' stand part of the Rules was put and carried

The question that Rule 32, in sub sections (1) and (2) for the expression "President" the word "Chairman" be substituted and then stand part of the Rules was put and carried.

RULE 33.

HON'BLE MR. T. M. VARGHESE *(Pathanapuram General)* : Here also the expression "Chairman" may be substituted for the expression "President" wherever it occurs.

MR. A. NESAMONY : There is one difficulty. If Rule 33 (1) contains the expression "Chairman," it will be in conflict with rule 15 (2) which we have passed. There is that aspect.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI: Here it is a case of grave disorder whereas nothing of the kind is contemplated in rule 15 proviso.

MR. K. A. GANGADHARA MENON : I support the amendment of Mr. T. M. Varghese.

The motion was put and carried.

Rule 33 was passed with the amendment to substitute "Chairman" for the word "President" wherever occurring.

Rule 33 (1)

ഈ റൂളിലും യാതൊരു ഭേദഗതിയും ആരും അയച്ചിട്ടില്ല.

MR. T. M. VARGHESE : ഈ റൂളിലും മുൻ റൂളിൻറേയുംപോലെ പ്രസിഡൻറ് എന്ന പദം മാറ്റി ചെയർമാൻ എന്നു ചേർക്കേണ്ടതാണ്. ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ളി റൂളിനെ അനുകരിച്ച് അങ്ങനെകിൽ ഇവിടെയും പ്രസിഡൻറ് എന്നുള്ള ഭാഗം മാറ്റി ചെയർമാൻ എന്നു ചേർക്കണം.

MR. K. A. GANGADHARA MENON : ഒരുപക്ഷേ കമ്മറ്റിയിലേയ്ക്ക് പ്രസിഡൻറ് ഇല്ലാതിരിക്കുകയും ആ സ്ഥാനത്ത് ഡെപ്യൂട്ടി പ്രസിഡൻറ് അദ്ധ്യക്ഷത വഹിക്കുകയും ചെയ്യുന്നു എന്നു വന്നാൽ ഈ റൂൾ അനുസരിച്ച് വിസിറേഗൽസ് ഗ്യാലറിയിൽ അഡ്മിറ്റ് ചെയ്യുവാൻ വിഷമം നേരിടും. അതിനാൽ ഈ റൂളിലും പ്രസിഡൻറ് എന്നുള്ളതു ചെയർമാൻ എന്നു മാറ്റണം. ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. A. NESAMONY : Sir, தலைவரும், உபதலைவரும் வராமல், சபை கூடினதற்குப் பிறகு ஒரு Chairman-ஐ elect பண்ணி, அவருக்கு direction கொடுத்தபிறகு ஆள்களை உள்ளே விடுவது என்றால் குழப்பங்கள் வந்து சேரயிடமுண்டு.

HON'BLE MR. A. THANU PILLAI: ഈ റൂളിലും "ചെയർമാൻ" എന്നുതന്നെ വേണം.

MR. A. NESAMONY : Sir, Rule 33 (1)-ல் President என்பதை Chairman என்று மாற்றுவதில் ஒரு கஷ்டமுண்டு. President-ம், Deputy President ம் வராமல் அஸம்பளி கூடினபிறகு ஒரு Chairman-ஐ elect செய்து, அதற்குப் பிறகு அவருக்கு direction கொடுத்து ஆள்களை உள்ளே அனுப்புவது என்றால் குழப்பங்கள் நேரிடும்.

The amendment was put and carried. Rule 33, (1) as amended, was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Rule 84.

MR. PRESIDENT : നമ്പർ-3വകുപ്പ് എടുത്തുകളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, മെസ്സേഴ്സ് കെ. പി. നീലകണ്ഠപ്പിള്ള, പൊന്നറ ജി. ശ്രീധർ, പി. എസ്സ്. നടരാജപിള്ള, എ. പി. ഉദയഭാനു എന്നീ നാലു പേരുടെ ഭേദഗതികൾ കിട്ടിയിട്ടുണ്ട്. ഈ നാലുഭേദഗതികളും ഒന്നു തന്നെയാണ്. അതുകൊണ്ട് മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി മാത്രം ഇപ്പോൾ വാദപ്രതിവാദത്തിനെടുത്താൽ മതിയാകും.

MR. ABDUL AZIZ : സർ, ഇവർ നാലുപേരും അയച്ചിട്ടുള്ള ഭേദഗതികളുടെ സാരം ഒരു അഡൈ്വസറി കമ്മിറ്റി ഉണ്ടായിരിക്കാൻ പാടില്ല എന്നാണ്. നമ്പർ-2, നമ്പർ-3 വകുപ്പുകൾ എടുത്തുകളയണമെന്ന് ഇവർ ആവശ്യപ്പെടുന്നു. അഡൈ്വസറി കമ്മിറ്റി വേണ്ടാ എന്നു പറഞ്ഞുകൊണ്ട് ഇങ്ങനെ ഒരു ഭേദഗതികൊണ്ടുവരുന്നതിനു പകരം ആ ഭേദഗതികൊണ്ടു വരാവുന്ന ന്യൂനതകൂടി പരിഹരിക്കുന്നതിനുള്ള ഭേദഗതികൂടി അവർ അയയ്ക്കേണ്ടതായിരുന്നു. അങ്ങനെ ഉള്ള ഭേദഗതികൾ അവർ അയച്ചിട്ടില്ല. അതയച്ചിട്ടില്ലാത്ത സ്ഥിതിക്ക് അപൂർണ്ണതയോടുകൂടിയ ഈ ഭേദഗതി അവതരിപ്പിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : മെമ്പർ എന്താണുദ്ദേശിക്കുന്നതെന്ന് എനിക്ക് വ്യക്തമായി മനസ്സിലായില്ല.

MR. ABDUL AZIZ : സർ, നമ്പർ-3 വകുപ്പും, നമ്പർ-4 വകുപ്പും എടുത്തുകളയണമെന്നാണ് ഇവർ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി. ഈ വകുപ്പുകളെ പരാമർശിക്കുന്നതായി മറ്റു വകുപ്പുകൾ ഈ റൂളുകളിലുണ്ട്. ഉദാഹരണത്തിന് റൂൾ-2 വകുപ്പുതന്നെ എടുക്കുക. ഈ നമ്പർ-3 വകുപ്പ് എടുത്തുകളഞ്ഞാൽ ആ വകുപ്പിനെ പരാമർശിക്കുന്ന വകുപ്പുകളിൽക്കൂടി അതിനനുസരണമായ ഭേദഗതി ചെയ്യേണ്ടതാണ്. അതിലേയ്ക്കുള്ള ഭേദഗതികളൊന്നും ഇവിടെ കൊണ്ടുവന്നിട്ടില്ല. അഡൈ്വസറി ബോർഡു വേണ്ട എന്നു പറയുന്ന അതേ മെമ്പറന്മാർതന്നെ നമ്പർ-4 വകുപ്പും വേണ്ട എന്നു പറയുന്നു. അതേ അവസരത്തിൽ നമ്പർ-4 വകുപ്പു വേണമെന്നുള്ള അർത്ഥത്തിൽ അതിലൊരു മെമ്പർ മറ്റൊരു ഭേദഗതിയും അയച്ചിട്ടുണ്ട്. ഇങ്ങനെ പൂർവ്വാപരവിരുദ്ധമായ തരത്തിൽ ഭേദഗതികൾ അയയ്ക്കുവാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഫർ-ാമത്തെ വകുപ്പ് വാദപ്രതിവാദത്തിനു വന്നപ്പോൾ നമ്പർ-ാമത്തെ വകുപ്പ് പാസ്സാകുന്നപക്ഷം ഈ ഭാഗം അനുവദിക്കാം എന്നു പറഞ്ഞതുകൊണ്ടു് ആണു് അതു് അപ്പോൾതന്നെ വാദപ്രതിവാദത്തിനെടുത്തതു്. നമ്പർ-ാമത്തെ വകുപ്പ് വേണ്ടെന്നു വയ്ക്കുന്ന പക്ഷം അതിനനുസരണമായ ഭേദഗതി ഫർ-ാം വകുപ്പിൽ ചെയ്യുന്നതിനു് തടസ്സമൊന്നുമില്ല. രണ്ടാമതു്, മി. കെ. പി. നീലകണ്ഠപ്പിള്ള നമ്പർ-ാം വകുപ്പിനെ സംബന്ധിച്ചു് മറെറാരു ഭേദഗതി ഹാജരാക്കിയിരിക്കുന്നതും തെറെറല്ല. ആ വകുപ്പെടുത്തുകളയണമെന്നുള്ള അദ്ദേഹത്തിന്റെ ഭേദഗതി തള്ളിപ്പോകുന്നപക്ഷം അദ്ദേഹം അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന മറെറാരു ഭേദഗതിക്രുടി അയച്ചുവെന്നേയുള്ളൂ. അതുകൊണ്ടു ദോഷമൊന്നും ഇല്ല.

MR. K. P. NILAKANTA PILLAI : സർ, നമ്പർ-ാം വകുപ്പ് പാടെ ഉപേക്ഷിക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. നമ്പർ-ാം വകുപ്പിൽ പറയുന്നതു് ഒരു ഉപദേശകകമ്മിറിയെ ഉണ്ടാക്കണമെന്നാണു്. ആ കമ്മിറിയുടെ ഉദ്ദേശങ്ങൾ മൌലികാവകാശങ്ങളും ന്യൂനപക്ഷങ്ങളുടെ രക്ഷയ്ക്കുള്ള രക്ഷാവ്യവസ്ഥകളും സംബന്ധിച്ചുള്ള നിശ്ചയങ്ങൾ അവതരിപ്പിക്കുകയും പരിഗണിക്കുകയും ചെയ്തു പ്രതിനിധിസമിതിക്കു് റിപ്പോർട്ടു സമർപ്പിക്കുക എന്നതാണു്. ഈ ചുമതലകൾ ഒരു അഡൈ്വസറിക്കമ്മിറ്റിക്കു വിട്ടുകൊടുക്കേണ്ട ആവശ്യമില്ല എന്നുള്ളതുകൊണ്ടാണു് ഈ വകുപ്പു പാടെ എടുത്തുകളയണമെന്നു് ഞാൻ ആവശ്യപ്പെട്ടതു്. സർ, ഈ ചട്ടങ്ങൾ ഈ സഭയിൽ അവതരിപ്പിച്ച അവസരത്തിൽതന്നെ അതിന്റെ അവതാരകൻ പറഞ്ഞതു് ഈ മാതിരി ഒരു അഡൈ്വസറിക്കമ്മിറി ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറു് അസംബ്ളി ചട്ടങ്ങളിലും ഉണ്ടു്, അതുകൊണ്ടു് ആ കമ്മിറി ഇവിടെയും കിടക്കട്ടെ എന്നു വിചാരിച്ചു എന്നാണു്. അങ്ങനെ ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറു് അസംബ്ളിയിൽ ഒരഡൈ്വസറിക്കമ്മിറി ഉണ്ടായതുകൊണ്ടു് ഇവിടെയും ഒരു അഡൈ്വസറിക്കമ്മിറി വേണമെന്നു വിചാരിച്ചു. അല്ലാതെ ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറു് അസംബ്ളി ഒരു അഡൈ്വസറിക്കമ്മിറി ഉണ്ടാക്കിയതിന്റെ ആവശ്യമെന്തു്, അത്തരത്തിൽ ഒരു കമ്മിറി ഇവിടെ ഉണ്ടാക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതിനെപ്പററി ചർച്ചകൾ നടന്നതായിട്ടോ എന്തെങ്കിലും തീരുമാനം ചെയ്തതായിട്ടോ യാതൊന്നും തന്നെ ഈ സഭയെ അറിയിച്ചിട്ടില്ല. ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറു് അസംബ്ളിയിൽ ന്യൂനപക്ഷസംവരണത്തെ സംബന്ധിച്ചും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

മെഴുകിവകാശങ്ങളെ സംബന്ധിച്ചും പരിശോധന നടത്തുവാൻ ഒരഡ്വൈസറിക്കമ്മിറ്റിയെ നിയമിക്കുന്നതിന് പലപലകാരണങ്ങളും ഉണ്ടായിരുന്നു. ആ കാരണങ്ങളൊന്നും തന്നെ ഈ കാൺസ്റ്റിട്ട്യുവൻറ് അസംബ്ളിക്ക് ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. അവിടെ ക്യാബിനറ്റ് മിഷന്റെ റിപ്പോർട്ടിൽ ഇപ്രകാരം ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ട ആവശ്യകതയെപ്പറ്റി പൂണ്ടിക്കാണിക്കയും അതിനെ ആസ്പദമാക്കി ഇപ്രകാരം ഒരു അഡ്വൈസറിക്കമ്മിറ്റിയെ നിയമിക്കുന്നതിന് ഇൻഡ്യൻ കാൺസ്റ്റിട്ട്യുവൻറ് അസംബ്ളി ഒരു വിധത്തിൽ നിർബന്ധിതരാവുകയുമാണു ചെയ്തത്. പ്രത്യക്ഷത്തിൽത്തന്നെ ഇൻഡ്യൻ കാൺസ്റ്റിട്ട്യുവെൻറ് അസംബ്ളിക്ക് ഇങ്ങനെ ഒരു കമ്മിറ്റിയെ ക്രടാതെ മുമ്പോട്ട് പോകുവാൻ പാടില്ലാത്ത ഒരു പരിതഃസ്ഥിതിയും ഉണ്ടായിരിക്കയും ചെയ്തു. മെഴുകിവകാശത്തെപ്പറ്റിയും ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റിയും മാത്രം ആലോചിച്ച് റിപ്പോർട്ട ചെയ്യുവാനല്ല ഇങ്ങനെയൊരു കമ്മിറ്റിയുണ്ടാക്കിയത്.

MR. K. S JOSEPH : എന്തായിരുന്നു ഇൻഡ്യൻ കാൺസ്റ്റിട്ട്യുവൻറ് അസംബ്ളിയിലേ ആ പ്രത്യേക പരിതഃസ്ഥിതി എന്നു പറയാമോ ?

MR. K. P. NILAKANTA PILLAI : അതിനെപ്പറ്റി പറയുവാനാണ് ഞാൻ ഒരുങ്ങുന്നത്.

ഇൻഡ്യ ഒരു വലുതായ ഭൂഖണ്ഡമാണ്. ഇൻഡ്യൻ കാൺസ്റ്റിട്ട്യുവൻറ് അസംബ്ളി മെമ്പറന്മാക്കുതന്നെ ആ ഭൂഖണ്ഡത്തിന്റെ അതിർത്തികളെപ്പറ്റിയോ നാലവിലിരിക്കുന്ന പരിതഃസ്ഥിതികളെപ്പറ്റിയോ നല്ല നിശ്ചയമില്ല. മുമ്പു പറഞ്ഞതുപോലെ ഇംഗ്ലീഷുകാർക്കു മാത്രമേ ഇവിടത്തെ ഭരണസംബന്ധമായ വസ്തുതകളിൽ പൂർണ്ണമായ അറിവുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് മെഴുകിവകാശസംരക്ഷണത്തെപ്പറ്റിയും ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റിയും മാത്രം ഉപദേശിക്കുവാനല്ല ഈ കമ്മിറ്റിയെ നിയമിച്ചിരിക്കുന്നത്. നേരെ മറിച്ച്, ആ മഹാരാജ്യത്തിന്റെ പല ഭാഗങ്ങളിലും ജീവിക്കുന്ന ആളുകളുടെ സാമുദായികവും സാമ്പത്തികവുമായ നിലകളെയും ഭൂമിശാസ്ത്രപരവും പ്രാദേശികപരവുമായ വ്യത്യസ്ത പരിതഃസ്ഥിതികളേയും കുറിച്ച് സമഗ്രമായി അന്വേഷിച്ച് റിപ്പോർട്ട ചെയ്യുന്നതിനാണ് കമ്മിറ്റിയോട് ഒന്നാമത്തേ ആവശ്യപ്പെട്ടിരിക്കുന്നത്. ക്രടാതെ ഇൻഡ്യൻ യൂണിയൻ ഭരണഘടനയും ഇതിൽ ഏതേതെല്ലാം സംഗതികൾ ഉൾപ്പെടത്തേണ്ടതായുണ്ട് എന്നുള്ളതിനെപ്പറ്റിയും ഇൻഡ്യൻ കാൺസ്റ്റിട്ട്യുവൻറ് അസംബ്ളിക്ക് ആലോചിക്കേണ്ടതായുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : തിരുവിതാംകൂറിൽ ന്യൂനപക്ഷങ്ങളെപ്പറ്റി ആലോചിക്കേണ്ട ആവശ്യമില്ലെന്നാണോ മെമ്പർ പറയുന്നത്.

MR. K. P. NILAKANTA PILLAI : ഞാൻ ഈൽഡു ചെയ്യുന്നില്ല സർ.

MR. T. T. KESAVAN SASTRI : സർ, ഞാൻ ഒരു ചോദ്യം ചോദിക്കുകയായിരുന്നു. പ്രധാനപ്പെട്ട ചില കാര്യങ്ങളെക്കുറിച്ച് ... ...

MR. PRESIDENT : ബഹുമാനപ്പെട്ട മെമ്പറന്മാർ ഒന്നു മനസ്സിലാക്കിയാൽ കൊള്ളാം. ഒരു മെമ്പർ പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ ആ മെമ്പറോട് ഏതു മെമ്പർക്കും ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. എന്നാൽ ചോദ്യം ചോദിക്കുമ്പോൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മെമ്പർ ഇരിക്കുന്നില്ലെങ്കിൽ പിന്നീട് അദ്ദേഹത്തോട് ചോദ്യം ചോദിക്കരുത്.

MR. K. P. NILAKANTA PILLAI : സർ, ഏതു ചോദ്യങ്ങൾക്കും ഉത്തരം പറയുവാൻ ഞാൻ തയാറാണ്. എന്നാൽ വാദപ്രതിവാദം തുടങ്ങി ഒരു വാചകം മുഴുവൻ അവസാനിപ്പിക്കുന്നതിനു മുമ്പ് ചോദ്യങ്ങൾ ചോദിച്ചാൽ നിവൃത്തിയില്ല. എന്റെ വാചകമെങ്കിലും അവസാനിപ്പിക്കട്ടെ.

ഇങ്ങനെ ഏറ്റവും വിപുലമായും വൈവിധ്യത്തോടുകൂടിയും കിടക്കുന്ന ഇൻഡ്യാ മഹാരാജ്യത്തിലെ ജനവിഭാഗങ്ങളുടെ സാമുദായികവും സാമ്പത്തികവുമായ പല സംഗതികളെപ്പറ്റിയും റിപ്പോർട്ടു തയാറാക്കുന്നതിനെല്ലാം അറിവുകൊടുക്കുവാനാണ് അവിടെ ഒരു അഡ്വൈസറി കമ്മിറ്റിയെ നിയമിച്ചത്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയാണ് അവിടെ ഉണ്ടായിരിക്കുന്നത്. ആ പരിതഃസ്ഥിതികൾ വല്ലതും ഇവിടെ ഉണ്ടോ? തിരുവിതാംകൂർ രാജ്യത്തിന്റെ വിസ്തീർണ്ണം എന്താണെന്നുള്ളതു നമുക്കറിയാമല്ലോ. മഹാരാജാവുതിരുമനസ്സിലെ രേണമല്ലാതെ ഇവിടെയൊന്നുമില്ല. മലവർഗ്ഗക്കാരെപ്പറ്റിയോ അല്ലെങ്കിൽ അതുപോലെയുള്ള ജനവിഭാഗത്തെപ്പറ്റിയോ റിപ്പോർട്ടു ചെയ്യേണ്ട ആവശ്യവും ഇവിടെയില്ല. എണ്ണമില്ലാതെ കിടക്കുന്ന പട്ടികജാതിക്കാരോ അതിൽത്തിവർഗ്ഗക്കാരോ ഇതൊന്നും നമുക്കില്ല. പിന്നെ എന്തിനാണ് അഡ്വൈസറിക്കമ്മിറ്റി. നമ്മുടെ രാജ്യത്തുള്ള ന്യൂനപക്ഷസമുദായങ്ങളെപ്പറ്റി നാം ചെയ്യുന്ന സംരക്ഷണവ്യവസ്ഥകൾ എത്രമാത്രം പ്രയോഗക്ഷമമായിരിക്കുമെന്നും സംശയമാണ്. നമ്മുടെ രാജ്യം ഇൻഡ്യൻ കാൺസ്റ്റിട്ടൂവന്റ് അസംബ്ളിയുടെകൂടെ ഘടിപ്പിക്കുമെന്നാണ് കാണുന്നത്. ഈ രാജ്യത്താകട്ടെ ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റി പ്രത്യേകമൊരു റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

ലഭിക്കത്തക്ക നിലയിൽ ഇവിടെയെന്താണ് ന്യൂനപക്ഷത്തിനു സാധിക്കേണ്ടതായുള്ളത്. എന്തെന്നാൽ രാഷ്ട്രീയമായ ഒരു ന്യൂനപക്ഷം ഇവിടെയില്ല. ഇവിടത്തെ സകല പരിതഃസ്ഥിതികളേയും അറിയാവുന്ന ജനപ്രതിനിധികളാണ് ഈ അസംബ്ളിയിലുള്ളത്. മൈനാറിട്ടിയുടെ കാര്യങ്ങളെപ്പറ്റി ഈ അസംബ്ളിയിലുള്ള അംഗങ്ങളെ ക്രോതെ പ്രത്യേകം ആളുകളടങ്ങിയ ഒരു കമ്മിറ്റി മൈനാറിട്ടിയെപ്പറ്റി അഭിപ്രായപ്പെടുന്നതിന്റെ വാദശ്രുന്യതയേപറ്റി എനിക്കു മനസ്സിലാകുന്നില്ല. ക്രോതെ ഫസ്റ്റ്–ാമത്തെ വകുപ്പിൽ പറയുന്നുണ്ടു അതിപ്രധാനങ്ങളായ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഈ സഭ മുഴുവൻതന്നെ ഒരു കമ്മിറ്റിയായി രൂപാന്തരപ്പെടുത്തി ആലോചനകൾ നടത്താമെന്ന് അങ്ങനെ ഒരു വ്യവസ്ഥയും ഈ റൂളുകളിൽ ഉണ്ട്. അത്യാവശ്യമുള്ള ഘട്ടങ്ങളിൽ ഈ സഭയ്ക്കു തന്നെ ഒരു കമ്മിറ്റിയായി ആലോചന നടത്താവുന്നതാണ്. പിന്നെന്തിനാണ് ഒരഡൈ്വസറിക്കമ്മിറ്റി ? ഇവിടെ എല്ലാ ന്യൂനപക്ഷങ്ങളുടെയും പ്രാതിനിധ്യമുണ്ടുതാനും. ഈ സഭയ്ക്ക് ആലോചിക്കുവാൻ പാടില്ലാത്തതോ കഴിവില്ലാത്തതോ ആയ കാര്യങ്ങളില്ല മെമ്പറിക്കാവകാശവും ന്യൂനപക്ഷസംരക്ഷണവും. അതിനാൽ പ്രത്യേകം ഒരു അഡൈ്വസറിക്കമ്മിറ്റിയുടെ ആവശ്യമില്ല.

MR. K. A. MATHEW (*Thiruvalla IV—Ganeral*) : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വാദപ്രതിവാദങ്ങളും നടന്നുകൊണ്ടിരിക്കുന്ന മദ്ധ്യേ രണ്ടു മെമ്പറന്മാർ തമ്മിൽ പ്രൈവറ്റ് കാൺഫറൻസുകളും നടത്താമോ ?

MR. P. T. CHACKO : ഇതു് പ്രൈവറ്റ് കാൺഫറൻസ് ഒന്നുമല്ല. ഒരാളിനോടു് ഒരു കാര്യം പറയേണ്ടിവന്നു, പറഞ്ഞുവെന്നേയുള്ളൂ.

MR. K. A. MATHEW : ഇതെപ്പറ്റി അഭിപ്രായം പറയേണ്ടതു് പ്രസിഡൻറാണ്.

MR. K. P. NILAKANTA PILLAI : മൂന്നാമതായി എനിക്കു പറയുവാനുള്ളതു് ഇതാണ്. ഇതു് ഒരഡൈ്വസറിക്കമ്മിറ്റിയാണ്. വളരെക്കാര്യക്ഷമമായി ചിന്തിക്കുവാനുള്ള അധികാരവും അതിനു വേണ്ട നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്ന ഈ ചട്ടങ്ങൾ ഉള്ളപ്പോൾ വീണ്ടും ഈ സഭയെ ഉപദേശിക്കുന്നതിനായി ഒരു കമ്മിറ്റിയുടെ ആവശ്യമുണ്ടോ എന്നു സംശയമാണ്. ഇത്തരം അഡൈ്വസറിക്കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വളരെ അനുതാപത്തോടുകൂടിയാണ് വളരെക്കാലമായി നമ്മളം വീക്ഷിച്ചുകൊണ്ടിരുന്നിട്ടുള്ളതു്. ഈ കമ്മിറ്റി തരുന്ന അഡൈ്വസ് സ്വീകരിക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കേണ്ടതു് ഈ സഭയാണു താനും. എന്തിനാണ് പിന്നെ വെറുതേ ഇങ്ങനെ ഒരു കമ്മിറ്റിക്കു ജോലികൊടുക്കുന്നതു് ?

നാലാമതായി ഇൻഡ്യൻ കാൺസ്റ്റിട്ടൂവെൻറ് അസംബ്ളി പല ചെറിയ സബ് കമ്മിറ്റികളേയും നിശ്ചയിച്ചിട്ടുണ്ടു്. ഈ ഡ്രാഫ്റ്റു രൂളിൽ പറയുന്ന സ്റ്റാൻറിംഗ് കമ്മിറ്റി എന്നൊരു കമ്മിറ്റി അവിടെ ഇല്ല. ഇതിൽ മൂന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്ന സ്റ്റാൻറിംഗ് കമ്മിറ്റി വിപുലമായ അധികാരത്തോടുകൂടിയ ഒരു കമ്മിറ്റിയാണു്. കൂടാതെ മറ്റു പല ചെറിയ കമ്മിറ്റികളും ഉണ്ടു്. ഇങ്ങനെ ഒരു അഡൈ്വസറി കമ്മിറ്റി, ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി, നിയമസഭാ മുഴുവനും ചേർന്ന ഒരു കമ്മിറ്റി, ചെറിയ സബ് കമ്മിറ്റികളും ഇങ്ങനെ പലതും ആകുമ്പോൾ ഈ സഭയുടെ ഉത്തരവാദിത്തമായ പ്രവർത്തനം ശിഥിലപ്പെട്ടു പോകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. മാത്രമല്ല, ഈ സഭയിൽ നടക്കുന്ന കാര്യങ്ങളും അംഗങ്ങളുടെ ക്രുദ്ധകക്ഷമായ ചിന്തയും തീരുമാനത്തിനും വന്നുചേരുന്നതിനുള്ള മാർഗ്ഗങ്ങളേ തടസ്സപ്പെടുത്തുകയും വൈഷമ്യപ്പെടുത്തുകയും ചെയ്യുന്നു. പല റിപ്പോർട്ടുകളും പലയിടത്തു നിന്നുമാണു് സഭയ്ക്കു കിട്ടുന്നതു്. സമഗ്രമായ ഒരു കൂടിയാലോചനയ്ക്കു ഈ കമ്മിറ്റികളുടെ പ്രവർത്തനം അവസരം നൽകുന്നില്ല. ഈ അഡ്വൈസറി കമ്മിറ്റിയിൽ പറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങളെപ്പറ്റിയും വേണമെങ്കിൽ അപേക്ഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു ഈ മുഴുവൻ സഭയ്ക്കും അധികാരമുള്ള സ്ഥിതിക്കു് ആ അധികാരം വേറൊരു കമ്മിറ്റിക്കു കൊടുക്കുന്നതു് ആവശ്യമില്ലെന്നും അഥവാ കൊടുത്താൽ തൃപ്തികരമായ വിധത്തിൽ നടത്താൻ സാധ്യമല്ലെന്നുമാണു് എൻറെ അഭിപ്രായം. ഈ സഭ ഒരു കമ്മിറ്റിയായി രൂപാന്തരപ്പെട്ടു് ആലോചന നടത്തുവാൻ എന്തെങ്കിലും രണ്ടു കാര്യങ്ങൾ ഉണ്ടെങ്കിൽ അതു മൌലികാവകാശങ്ങളെപ്പറ്റിയുള്ളതും ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റിയുള്ളതുമാണ്. അതിനാൽ എൻറെ ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PONNARA G. SREEDHAR : സർ, മി. കെ. പി. നീലകണ്ഠപ്പിള്ള യുടെ ഭേദഗതിയെപ്പറ്റിയെന്നു അഡ്വൈസറി കമ്മിറ്റി അഭിപ്രായമില്ലെന്നുള്ളതിനാലാണ് വേറൊരു ഭേദഗതി ഞാൻ അവതരിപ്പിക്കുന്നുണ്ട്. എന്നാൽ അതിനെ സംബന്ധിച്ച് എനിക്കു പറയുവാനുള്ളതു മി. കെ. പി. നീലകണ്ഠപ്പിള്ള പറയുന്ന വാദങ്ങളുടെ അടിസ്ഥാനത്തിലല്ല ഞാൻ ഭേദഗതി കൊണ്ടുവരുന്നതു് എന്നാണ്. ഈ റൂൾസിവിടെ കൊണ്ടുവരുമ്പോൾ അതിന്റെ അവതാരകൻ ഇവിടെ പ്രസ്താവിച്ചതു്, ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലി റൂളുകളെ അടിസ്ഥാനപ്പെടുത്തിയാണു് ഈ റൂളുകളും ഉണ്ടാക്കിയിരിക്കുന്നതു് എന്നാണ്. ഇൻഡ്യൻ റൂളുകളെ ഇവിടെ അതേപടി പകർത്തിവച്ചതിനാൽ മാത്രമാണ് നമ്മുടെ നിയമത്തിലും ഈ വകുപ്പ് സ്ഥലം പിടിച്ചിരിക്കുന്നതെന്നു് ഞാൻ വിചാരിക്കുന്നു. ഇൻഡ്യൻ കാക്ഷസ്റ്റിട്ടൂവൻറ് അസംബ്ലി റൂൾസ് കമ്മിറ്റിയെ നിയമിച്ചതിനു ശേഷമാണ് തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നതു്. അന്നുമുതൽതന്നെ ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലിക്കു് അതു പ്രതിനിധികളെ അയയ്ക്കുവാനുള്ള അവകാശം തിരുവിതാംകൂറിനുണ്ടായിരുന്നു. എന്നാൽ അന്നു് ഇവിടെ നിയമസഭയില്ലാതിരുന്നതുകൊണ്ടു് ഇവിടെനിന്നും പ്രതിനിധികളെ അയയ്ക്കുവാൻ സാധിച്ചില്ല. പ്രസ്തുത അഡ്വൈസറി കമ്മിറ്റി മൌലികാവകാശങ്ങൾ എന്തെല്ലാമെന്നും അവ എങ്ങനെയെല്ലാമാണു് സംരക്ഷിക്കപ്പെടേണ്ടതെന്നും ന്യൂനപക്ഷസംരക്ഷണം എതുരൂപത്തിൽ നടത്താമെന്നുമുള്ള കാര്യങ്ങളെപ്പറ്റി റൂൾസ് കമ്മിറ്റി ചർച്ചകൾ നടത്തി ചില തീരുമാനങ്ങൾ ചെയ്കയും ചെയ്തു. ഇപ്പോൾ അഡ്വൈസറി കമ്മിറ്റി തയാറാക്കിയ റിപ്പോർട്ടുകൾ വച്ചുകൊണ്ടു് അവർ ഒരു ഡ്രാഫ്റ്റു് കാൺസ്റ്റിട്ടൂഷൻ നിർമ്മിച്ചിരിക്കയാണു്. അതു യൂണിയൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലി അംഗീകരിച്ചാലുടൻ അതിലടങ്ങിയിട്ടുള്ള മൌലികാവകാശങ്ങളും പാസ്സാക്കികഴിയുമ്പോൾ ഈ മൌലികാവകാശങ്ങളേയും ന്യൂനപക്ഷസംരക്ഷണത്തിനുവേണ്ടിയുള്ള വ്യവസ്ഥകളും ഇൻഡ്യൻ യൂണിയനിൽ ചേർന്ന സകല രാജ്യങ്ങളേയും ബാധിക്കുന്നതാണ്. ഈ കാര്യങ്ങളെ സംബന്ധിച്ച് യൂണിയനസംബ്ലി അംഗീകരിക്കുന്ന നിയമങ്ങൾ തിരുവിതാംകൂറിനെക്കൂടി ബാധിക്കുന്നവയാണ്. ആ സ്ഥിതിക്കു നാമിവിടെ മറെറന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കുന്നപക്ഷം, അതു് നമ്മുടെ ഭരണഘടനയെ വിരൂപപ്പെടുത്തുവാൻ ഉപകരിക്കുമെന്നേയുള്ളൂ. ന്യൂനപക്ഷസംരക്ഷണത്തിനും മൌലികാവകാശസ്ഥാപനത്തിനും വേണ്ട വ്യവസ്ഥകളെഴുതിയുണ്ടാക്കുന്നതിനു മാത്രമായിട്ടല്ല, ഈ സഭ കൂടിയിരിക്കുന്നതു്. മറെറ ചില ഉദ്ദേശങ്ങൾകൂടി ഈ സഭയ്ക്കു് നിർവഹിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തുണ്ട്. മൌലികാവകാശങ്ങൾ നടപ്പിൽ വരുത്തുന്നതിന് ആവശ്യം കോടതികൾ നാം നിമ്മിക്കേണ്ടതില്ല. യൂണിയൻ കാൺസ്റ്റിട്യൂഷൻ അനുസരിച്ച് ഉണ്ടാക്കപ്പെട്ടുന്ന ഫെഡറൽ കോടതിമുഖാന്തരമോണ മൌലികാവകാശങ്ങൾ സ്ഥാപിച്ചുകിട്ടേണ്ടതു്.

MR. K. A. MATHEW : വിദേശകാര്യങ്ങൾ, ട്രാൻസ്പോർട്ടേഷൻ മുതലായ ചില കാര്യങ്ങളിൽ മാത്രം നാം ഇൻഡ്യൻ യൂണിയനിലെ നിയമങ്ങളെ ആദരിച്ചാൽ മതിയാകുമല്ലൊ. മൌലികാവകാശങ്ങളും ന്യൂനപക്ഷസംരക്ഷണങ്ങളും മറ്റും ആ വ്യവസ്ഥയിൽ ഉൾപ്പെട്ടുന്നില്ല.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ബഹുമാന്യമെമ്പർ പറഞ്ഞതിൽ അല്പം പിശകുണ്ട്. യൂണിയൻ ഭരണഘടനയെ സരിച്ച് കഴിഞ്ഞുകൊള്ളാമെന്നും സമ്മതിച്ചിട്ടുണ്ട്. ഇപ്പോൾ യൂണിയൻ അസംബ്ളി മുൻപാകെയുള്ള ഡ്രാഫ്റ്റു് കാൺസ്റ്റിട്യൂഷനിൽ മൌലികാവകാശങ്ങളും justiciable rights ആണെന്നും ഫെഡറൽ കോടതിയുടെ അധികാരസീമയിലുൾപ്പെട്ടിട്ടുള്ളതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

MR. K. A. MUHAMMED : തിരുവിതാംകൂറിലെ ഒരു പ്രജയായ എനിക്കു് സുപ്രീം കോടതിയെയൊ അല്ലെങ്കിൽ ഫെഡറൽ കോടതിയെയൊ എന്റെ മൌലികാവകാശങ്ങൾക്കു ഭംഗം വന്നു എന്നു കണ്ടാൽ അഭയം പ്രാപിക്കാമെന്നാണോ?

MR. PONNARA G. SREEDHAR : അതേ. ആവിധമാണു് യൂണിയൻ കാൺസ്റ്റിട്യൂഷൻ ഡ്രാഫ്റ്റിൽ കാണുന്നതു്. മൌലികാവകാശത്തെപ്പറ്റി നമുക്കു് ഇൻഡ്യൻ അസംബ്ളിയിലെ തീരുമാനത്തെക്കാൾ കൂടുതലായി എന്തെങ്കിലും വ്യവസ്ഥ ചെയ്യാനുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. എന്തെങ്കിലും ഉണ്ടെന്നു് പിന്നീടു നാം കാണുകയാണെങ്കിൽ അപ്പോൾ മറ്റൊരു കമ്മിറ്റിയെ ഉണ്ടാക്കുന്നതിനു് യാതൊരു വിഷമവുമില്ല. ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറ് അസംബ്ളി റൂളുകളിൽ ഈവിധമൊരു അഡ്വൈസറിക്കമ്മിറ്റി ഉണ്ടാക്കുന്നതിനും ഒരു നിയമമുണ്ടെന്നു വച്ചുമാത്രം ഇവിടെയും ഒരഡ്വൈസറിക്കമ്മിറ്റിയെ ഉണ്ടാക്കുകയെന്നതു് കഷ്ടമാണു്. കാര്യമായ യാതൊരു ജോലിയും ഈ കമ്മിറ്റിക്കു ചെയ്യുവാനില്ല. കമ്മിറ്റി ഈ വസ്തുതകളെ സംബന്ധിച്ചു എന്തെങ്കിലും ഒരു നിയമം ഉണ്ടാക്കിയതിനുശേഷം ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറ് അസംബ്ളി അതിനു വിരുദ്ധമായിട്ടുള്ള ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ ക്രൂടെ അതനുസരിച്ചു പ്രവർത്തിക്കുവാൻ നാം ബാദ്ധ്യസ്ഥരാണു്. അതിനാൽ അഡ്വൈസറിക്കമ്മിറ്റിയെനിയമിക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*) : കൊച്ചിയിൽ ഇപ്പോഴത്തെ പുതിയ നിയമസഭ മെഗലിക്കാവകാശങ്ങളെപ്പറ്റിയും ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റിയും ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലി തയാറാക്കിയിരിക്കുന്ന ഭരണഘടന ചെയ്തിരിക്കുന്ന വ്യവസ്ഥയിൽ നിന്ന വ്യത്യസ്തമായ ഒരു വ്യവസ്ഥയാണ ചെയ്തിട്ടുള്ളതെന്ന് മെമ്പർക്കറിയാമോ?

MR. PONNARA G. SREEDHAR : ആയിരിക്കാം. ആണെങ്കിൽതന്നെയും കൊച്ചീക്കാർ ചെയ്തിരിക്കുന്നത് ശരിയാണെന്ന് എനിക്കഭിപ്രായമില്ല. അഥവാ കൊച്ചീക്കാർ അങ്ങനെ ചെയ്യുകയാണെങ്കിൽ തിരുവിതാംകൂറുകാർ അതു ചെയ്യണമെന്നില്ല. കൊച്ചീക്കാർ വേഗം അവരുടെ നിയമം മാറ്റിക്കൊള്ളും.

MR. P. S. MUHAMMED (*Muvattupuzha I—Muslim Reserved*) : അതു കൊണ്ട് ഇൻഡ്യൻ യൂണിയൻ ഗവണ്മെൻറ് ചെയ്യുന്നതൊക്കെ ശരിയാണെന്ന് നമുക്കും വിചാരിക്കാൻ നിവൃത്തിയില്ലല്ലോ.

MR. PONNARA G. SREEDHAR : വിചാരിക്കണമെന്ന ഞാൻ പറഞ്ഞില്ല. പക്ഷേ നാം ഇതു സംബന്ധിച്ചു ചെയ്യുന്ന തീരുമാനങ്ങളും ഫലവത്തായി നടപ്പിൽ വരുത്തുവാൻ ചിലപ്പോൾ നമുക്ക് സാധിക്കാതെ വന്നേക്കുമെന്നാണ് ഞാൻ പറഞ്ഞത്. മാത്രമല്ല, ഇക്കാര്യത്തെപ്പറ്റി ഇൻഡ്യൻ യൂണിയൻ ചെയ്യുന്ന തീരുമാനങ്ങൾക്ക് അപ്പുറമായി നമുക്ക് വിശേഷാൽ ഒന്നും തീരുമാനിക്കേണ്ടതായില്ലെന്നും ഞാൻ വിചാരിക്കുന്നു.

MR. P. S. NATARAJA PILLAI (*Trivandrum V—General*) : Sir, with your permission I would like to talk in English.

The rule contemplates the setting up of an Advisory Committee to report on the fundamental rights and provides that the reports shall be incorporated in the appropriate part of the constitution. It is true that in the Indian Constituent Assembly Rules, we have such a provision. But the Advisory Committee as contemplated under the Rules of the Indian Constituent Assembly was set up as required in paragraphs 19 and 20 of the Cabinet Mission's statement. The Indian Constituent Assembly itself came into existence as a result of the Cabinet Mission's statement. Paragraph 6 of that statement contemplates a committee on fundamental rights and minorities as a condition precedent. Therefore the Indian Constituent Assembly has no go but to set up a committee on fundamental rights and the rights of minorities. There the transfer of power was effected by a foreign country to the people of India and therefore they made it a condition precedent. But that condition does not exist in Travancore today. Here it is a devolution of powers to the people. We

LIBRARY ARCHIVES Kerala Legislative Assembly

are here under the proclamation of His Highness the Maharaja and entitled to frame a constitution for our State, which is to form an integral part of the Indian Union. So the main work of this body will be to include fundamental rights as part of the constitution.

Then, Sir, there is another difficulty also. The Proclamation of His Highness setting up this Body was issued after the State had joined the Indian Union. We have become an unit of the Indian Union. According to the draft of the constitution published by the Indian Constituent Assembly, we find in Sec. 9 (a) that no unit shall have power to make laws with respect to any matter in that part or which have to be provided for by legislation by Parliament.

MR. A. NESAMONY: What does the member understand by the word "State" there?

MR. P. S. NATARAJA PILLAI: 'State' means an acceding State. The definition of that term is given in the first schedule, Part III, page 160 where the honourable member will find Travancore is given as the fifth State. Article 17, page 11 also refers to it. I hope that will make the matter quite clear to my friend. It provides that no State shall have power to make laws in respect of the subjects contemplated therein. So being a unit we shall not have any power to make any law as contemplated in those rules. We are precluded from legislating on those subjects. It has been pointed out by the Chair that after all it is a draft constitution. True, Sir, it is a draft constitution. It has to be passed by the Constituent Assembly and as an acceding State we will have to participate in their proceedings. I would just request permission to read a portion of the Fundamental Committee's report. In paragraph 4 of that Report, we find:

> "We are of the opinion that the fundamental rights of the citizens of the union would have no value if they differed from group to group or from unit to unit or are not uniformally enforceable. We recommend that the rights set out in the Annexure to this report be incorporated in the constitution so as to be binding upon all authorities whether of the union or the units."

MR. R. V. THOMAS: May I ask whether we will ask not to have the right to add supplementary fundamental rights?

MR. P. S. NATARAJA PILLAI: Sir, we have the right to include anything which will not be repugnant or derogatory or inconsistent with the provisions of the fundamental rights adopted there. It is not a question of supplementing. Any provision which is not repugnant to the provisions of the Indian Constitution can be included here. But it is the definite opinion of the Advisory Committee of which Sardar Patel was the Chairman, that the Fundamental Rights should not vary from unit to unit or from unit to Union.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW: Suppose we drop the whole thing. Has the member any objection?

MR. P. S. NATARAJA PILLAI: That is what we cannot do; we have to adopt it as it is.

MR. K. A. GANGADHARA MENON: Do we require a Committee for the simple process of adopting these rules?

MR. MANNATHU PADMANABHA PILLAI: ഒരു മെംബർ ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ മറൊരു മെംബർ ഇംഗ്ലീഷിൽതന്നെ ചോദ്യംചോദിക്കണമെന്നു നിർബന്ധമുണ്ടോ?

MR. P. S. NATARAJA PILLAI: I am sorry, Sir. With due deference to Mr. Mannathu Padmanabha Pillai, I may say that I asked the indulgence of the House to talk in English.

MR. PRESIDENT: അപ്പുറത്ത് തോന്നുന്ന ഭാഷയിൽ സംസാരിക്കാം.

MR. P. S. NATARAJA PILLAI: My friend Mr. Kunjithommen is one of the oldest members here and has, I believe, the longest record as a legislator. I do not know how he was carrying on his duties in those meetings where English was the official language. My own impression is that the majority of the members here will be able to follow the discussions in English. I may be right or wrong in that.

As I said, the fundamental rights now drafted and included in the draft constitution will have to be adopted in toto in our constitution when we finalise it. These provisions embodied in the Report of the Advisory Committee of India, was drafted by the very best brains of India.

MR. THARIATHU KUNJITHOMMAN: ഇംഗ്ലീഷിൽ സംസാരിക്കുകയും ഇംഗ്ലീഷിൽതന്നെ ചോദ്യം ചോദിക്കുകയും ചെയ്യയാണെങ്കിൽ ഞങ്ങളം ഇവിടെ ഇരിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നാണ് തോന്നുന്നത്.

MR. P. S. NATARAJA PILLAI: I am sorry. My friend was not either following me or I did not make myself more clear. I have made it perfectly clear that we can add to what the draft Indian Constitution Act contains, provided it is not repugnant to those provisions. We will be compelled by the force of circumstances to include in the constitution we will be drafting for Travancore, the fundamental rights that are being drafted by the Indian Constituent Assembly. There is no necessity to do the work over here again; let us wait. If they do not include anything that we want, then it will be time for us to consider them. Now we are going to send our representatives to take part in the deliberations of the Indian Constitutent Assembly. The fundamental rights clauses as drafted will come up for discussion. When our members participate in the deliberations of the Indian Union Constituent Assembly, they can bring forward any amendment they may consider necessary. Further there may be a clause in the final Act which will provide that the fundamental rights adopted by them shall be adopted by the units as well. That may be a mandatory provision. Let us wait to know that.

LIBRARY ARCHIVES Kerala Legislative Assembly

Further, Sir, under Rule 41, we have the right of setting up committees for any purpose. Suppose after some time we feel the necessity for a committee to frame supplementary provisions on fundamental rights, then we can set up a committee under rule 41. We will have the benefit of discussions in the Indian Constituent Assembly. We will have then the advice of the expert constitutional adviser we have provided for. In these circumstances I think it is not in the interests of this House to make a commitment beforehand and to constitute an advisory committee on fundamental rights at present. Therefore I would request the House to accept my amendment to omit the clause.

MR. MANNATHU PADMANABHA PILLAI : മി. നടരാജപിള്ളയുടെ വാദമുഖങ്ങളുടെ ഒരു സംഗ്രഹമെങ്കിലും മലയാളത്തിൽ തയാറാക്കി ഞങ്ങൾക്ക് തന്നാൽ അതിനോടനുകൂലിച്ചോ പ്രതികൂലിച്ചോ വോട്ട ചെയ്യാമായിരുന്നു. നിയമം പാസ്സാക്കിപോയാൽ പിന്നെ യാതൊരു നിലയും കൈക്കൊള്ളുന്നതിനു ഗത്യന്തരമില്ല. അദ്ദേഹം ഇവിടെ സംസാരിച്ചതു ഭാഷയെ സംബന്ധിച്ചിടത്തോളം ന്യായമപ്രകാരമാണെങ്കിലും ഞങ്ങളുടെ നിസ്സഹായാവസ്ഥയെ ഉദ്ദേശിച്ചുകിലും അങ്ങനെ ചെയ്യുന്നതു ന്യായയുക്തമായിരിക്കുമെന്നു തോന്നുന്നു. വാദഗതി എന്താണെന്നു മനസ്സിലാക്കിയാൽ കൈപൊക്കുകയോ പൊക്കാതിരിക്കുകയോ ചെയ്യാം.

MR. THARIATHU KUNJITHOMMAN : ഇംഗ്ലീഷിൽ പറഞ്ഞതിന്റെ ഒരു സംഗ്രഹം മലയാളത്തിൽ തയാറാക്കിയാൽ കൊള്ളാമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു.

MR. P. S. NATARAJA PILLAI : തെറ്ററായ മലയാളത്തിലേ എനിക്കു പറയുവാൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ടാണു ഞാൻ ഇംഗ്ലീഷിൽ സംസാരിച്ചതു്. അതിന്റെ ഒരു മലയാളസംഗ്രഹം ഞാൻ ഇപ്പോൾതന്നെ തരാം.

ഇൻഡ്യൻകാണസംബ്ളിയിൽ ചട്ടങ്ങൾ ഉണ്ടാക്കിയതിൽ മെയ്‌ലികാവകാശങ്ങളേയും ന്യൂനപക്ഷാവകാശങ്ങളേയും സംരക്ഷിക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അവർ സ്വീകരിച്ചിരിക്കുന്ന തത്വങ്ങൾ അതേപടി നാം സ്വീകരിക്കുകയല്ലാതെ അതിനു വിപരീതമായ മെയ്‌ലികാവകാശസംരക്ഷണവ്യവസ്ഥകൾ സൃഷ്ടിക്കുന്നതിനു നമുക്കു അധികാരമില്ലെന്നാണു് ഞാൻ പറഞ്ഞതു്. അതുകൊണ്ടു് ഇവിടെ പ്രത്യേകമായ സംരക്ഷണവ്യവസ്ഥകളൊന്നും ആവശ്യമില്ലെന്നാണു എന്റെ വാദം. ഡെൽഹിയിൽ നടന്ന വാദപ്രതിവാദങ്ങളുടെ ഗതി അറിഞ്ഞതിൽനിന്നും ഇവിടെ ഇങ്ങനെ ഒരു കമ്മിറ്റി ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARA NATHA NADAR: മേൽ സൊന്ന വിഷയത്തൈക് കുറിത്തു തമിഴിലും സൊൽപൊഴിവാറ്റിനുൽ നൻറുകയിരുക്കുമെൻറു എൺണുകിറേൻ.

PRESIDENT : ഇതു പ്രത്യേകമായ ഒരു അഡ്വാൻറേജ് ആയി എടുക്കുവാൻ പാടില്ല. ഒന്നുകിൽ മലയാളത്തിൽ അല്ലെങ്കിൽ തമിഴിൽ സംസാരിക്കണം. ഇപ്പോൾ ഇതിനു പ്രത്യേകമായ അനുമതി കൊടുത്തിരിക്കുന്നു.

MR. P. S. NATARAJA PILLAI : Sir, എനതു നൺപർ കേട്ടപടി, തലിവർ അവർകളുടൈയ അനുമതിയിൻ പേരിൽ നാൻ തമിഴിൽ പേചുകിറേൻ. ഇന്തിയ അരചിയൽ നിർണയചപൈയിൽ വകുക്കപ്പട്ടിരുക്കും മക്കളിൻ തനി ഉരിമൈച് ചട്ടങ്കൾ Fundamental Rights നമക്കു എറ്റവൈകളായിരുക്കിൻറന. ഇന്തിയ അരചിയൽ നിർണയചപൈയിൽ ഇയറ്റപ്പടുമ് ചട്ടങ്കൾ ഇന്തിയ യൂണിയനിലുള്ളവർകളുക്കു മാത്തിരമല്ല, യൂണിയണിലുട്പട്ടിരുക്കിറ എണൈയ സുതേച സമസ്താന മക്കളൈയും കട്ടുപ്പടുത്തുമ്. അതനാൽ അടിപ്പടൈയാന ഉരിമൈകളൈയും, ചിറു പാൻമൈയോരിൻ ഉരിമൈകളൈയും പാതുകാക്കത്തനി വകുപ്പുക്കൾ ഇങ്കു സേർക്കപ്പടവേണ്ടുമ്. യൂണിയനിൽ പിരജാ ഉരിമൈയൈപ്പറ്റി ചട്ടങ്കൾ ഇയറ്റപ്പട്ടപിൻ നമക്കു അവ്വിയമാനാൽ ഒരു കമ്മിറ്റിയൈ നിച്ചയിത്തുക് കൊൾളലാമ്. ഇപ്പോതു കമ്മിറ്റി അമൈക്കവേണ്ടുമ് അതനാൽ 34-ം വിതിയൈത്തള്ളി വിടവേൺടുമെൻറുക് കേട്ടുക് കൊൾകിറേൻ. പിരജാ ഉരിമൈകളൈപ്പറ്റിയ വാതങ്കൾ ഇന്തിയ യൂണിയൻ അസംപ്ളിയിൽ സമീപത്തിൽ നടൈപെറുമ്. അപ്പോതു ചിറുപാൻമൈയോരിൻ പാതുകാപ്പു വിതികളൈ നിർണയിത്തപിറകു, നമക്കു അനുപ്പപ്പറ്റി ഇന്ത ആലോചനൈക്കു എടുത്തുക് കൊൾളലാമ്.

MR. A. P. UDAYABHANU : സർ, ഇവിടെ കഴിഞ്ഞ വാദപ്രതിവാദങ്ങൾക്കു ശേഷം വളരെ അധികമൊന്നും എനിക്ക് പറയുവാനില്ല. തിരുവിതാംകൂറിലെ പ്രതിനിധിസഭ നിയമങ്ങൾ ഉണ്ടാക്കിയപ്പോൾ ഇവിടെയും ഒരു ഉപദേശകസമിതി വേണമെന്നു എഴുതി ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറ് അസംബ്ളി കൂടുന്നതു ക്യാബിനറ്റുമിഷന്റെ നിർദ്ദേശങ്ങൾക്കും പരിമിതികൾക്കും മറ്റും വിധേയമായിട്ടല്ലായിരുന്നു. മല്ലടിച്ചുകൊണ്ടിരുന്ന രാഷ്ട്രീയകക്ഷികളുടെ രഞ്ജിപ്പിനു വേണ്ടിയുള്ള ഒരു മദ്ധ്യസ്ഥതീരുമാനമായിരുന്നു ക്യാബിനറ്റുമിഷൻ നൽകിയതു്. അതിന്റെ ഒരു ഉപദേശകസമിതി വേണമെന്നുള്ളതു് നിർബന്ധമായി അവിടത്തെ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു് ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറ് അസംബ്ളിക്ക് ആ നിർദ്ദേശം സ്വീകരിക്കാതിരിപ്പാൻ നിവൃത്തിയില്ലാതെ വന്നു. ആ റൂൾസ് ഇവിടെ ന.ഭ-ാംവകുപ്പായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതു. ന.ഭ-ാംവകുപ്പിൽ പറയുന്നതു് ക്യാബിനറ്റുമിഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശപ്രകാരമുള്ള അഡൈ്വസറിക്കമ്മിറ്റി അല്ല ക്യാബിനറ്റ് പറഞ്ഞിരിക്കുന്ന അഡൈ്വസറിക്കമ്മിറ്റിയുടെ റിപ്പോർട്ടുകൾ കാൺസ്റ്റിട്ടുവൻറ് അസംബ്ളി ചർച്ച ചെയ്യണമെന്നാണ്. അതുകൊണ്ട് കാൺസ്റ്റിട്ടുവൻറ് അസംബ്ളിയുടെ കാലുകളിൽ ഉണ്ടാക്കിവച്ച ശൃംഖലകളാണ് ഇത് അതിൻറെ അർത്ഥം മനസ്സിലാക്കാതെ, നമ്മുടെ റൂൾസ് മേക്കിംഗ് കമ്മിറ്റി വളരെ ശൃംഖലകളെ ഉണ്ടാക്കിവച്ചിരിക്കുകയാണ്. ക്യാബിനറ്റുമിഷനിൽ പറഞ്ഞിരിക്കുന്ന ഉപദേശക സമിതിയോട് ആവശ്യപ്പെട്ടിരിക്കുന്നത് ന്യൂനപക്ഷസംരക്ഷണം മൗലികാവകാശം ഇവയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ കൊടുക്കുവാനാണ്. മൗലികാവകാശങ്ങളെ സംബന്ധിച്ചാണെങ്കിൽ തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നിരിക്കുന്നതുകൊണ്ട് നമ്മുടെ കാൺസ്റ്റിട്ടുവൻറ് അസംബ്ളിയുടെ അകത്തു പ്രത്യേകം മൗലികാവകാശത്തിൻറെ ആവശ്യമില്ല. മദിരാശിയിലോ, ബോംബെയിലോ ഉണ്ടാക്കുന്നതുപോലെയുള്ള ഒരു ഭരണഘടനയാണ് ഇവിടെ ഉണ്ടാക്കുവാൻ പോകുന്നത്. അതുകൊണ്ട് നമുക്കു പ്രത്യേകമായ മൗലികാവകാശപ്രഖ്യാപനം ഉണ്ടാക്കേണ്ടയാവശ്യമില്ല. അങ്ങനെ ഒരു മൗലികാവകാശപ്രഖ്യാപനം ഉണ്ടാക്കുന്നതു് അബദ്ധമായിയിരിക്കും. കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളി കൂടിയ അവസരത്തിൽ അവർ പറഞ്ഞതു് ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളി നിർദ്ദേശിച്ചിരിക്കുന്ന മൗലികാവകാശങ്ങളെയും മറും അംഗീകരിച്ചുകൊണ്ട് രാജ്യവാഴ്ച ഉൾക്കൊള്ളുന്ന ഒരു ഭരണഘടന ഉണ്ടാക്കണമെന്നുള്ളതാണ്. അഡൈ്വസറിക്കമ്മിറ്റിയെക്കുറിച്ചു് പറയുകയാണെങ്കിൽ ക്യാബിനറ്റ് മിഷൻ പറഞ്ഞിരിക്കുന്ന അഡൈ്വസറിക്കമ്മിറ്റിയാണെങ്കിൽതന്നെയും പ്രസിഡൻറിനു് ആരുപേരെ നാമനിർദ്ദേശം ചെയ്യാനുള്ള അവകാശങ്ങളൊന്നും അവിടെ വിട്ടുകൊടുത്തിട്ടില്ല. ന്യൂനപക്ഷങ്ങൾക്ക് അവരുടെ താൽപര്യങ്ങളെക്കുറിച്ചുള്ള സംരക്ഷണം ഉണ്ടായിരിക്കണം എന്നുള്ളതല്ലാതെ പ്രസിഡൻറിനു യഥേഷ്ടം നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അവകാശമൊന്നുമില്ല.

MR. K. A. MUHAMMED (*Quilon IV—Muslim Reserved*) : ആ കമ്മിറ്റിയുടെ പ്രസിഡൻറിനു നാമനിർദ്ദേശം ചെയ്യാനുള്ള അവകാശം ഇല്ലെന്നാണോ മെംബർ പറയുന്നത് ?

MR. A. P. UDAYABHANU : അതിൽ പ്രസിഡൻറിനു് നാമനിർദ്ദേശംചെയ്യാനുള്ള അവകാശം കൊടുത്തിട്ടില്ല.

MR. PRESIDENT : The expression used is "the President shall nominate....." that is according to rule 20 (c).

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU: I said what is appearing in Cabinet Mission proposals.

ക്യാബിനറ്റ് മിഷൻ പ്രപ്പോസൽ എന്നേ പറഞ്ഞിട്ടുള്ളൂ. ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയുടെ ഡ്രാഫ്റ്റിങ് കാൺസ്റ്റിറ്റ്യൂഷനിൽ അതിൻെറ ഫ്രെയിം പ്രകാരമുള്ള ന്യൂനപക്ഷങ്ങൾക്കുള്ള സംരക്ഷണത്തിനായി ഇന്നതൊക്കെ ചെയ്യണമെന്ന് അവിടെ പറഞ്ഞിട്ടുണ്ട്. അതു നമ്മൾ സ്വീകരിക്കണമെന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ന്യൂനപക്ഷസംരക്ഷണത്തെ സംബന്ധിച്ച് ഇൻഡ്യൻ യൂണിയനുമായി ഒരു നിലയിൽ എത്തിച്ചേരാൻ ന്യൂനപക്ഷസംരക്ഷണവ്യവസ്ഥകൾ നാംക്രോടി അംഗീകരിക്കേണ്ടതായി വരും. ഇതിലേക്കായി ഇവിടെ പത്തോ ഇരുപത്തിഒന്നോ ആളുകൾ അടങ്ങിയ ഒരു കമ്മിറ്റിയെ ഉണ്ടാക്കേണ്ട ആവശ്യമില്ല. അതുപോലെ തന്നെ ന്യൂനപക്ഷം എന്നു പറയുമ്പോൾ ഏതിനെയെല്ലാമാണ് സ്വീകരിക്കുന്നതെന്ന് അറിഞ്ഞുകൂടാ. മൗലികാവകാശങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനിക്കാനുണ്ടെങ്കിൽ അത് ഡ്രാഫ്റ്റിങ് കാൺസ്റ്റിറ്റ്യൂഷനിൽമാത്രമാണ്.

MR. CHERIYAN J. KAPPAN: ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളി ഒരു സോവറിൻബോഡിയല്ലേ?

MR. A. P. UDAYABHANU: ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളി കൂടുന്ന അവസരത്തിൽ ക്യാബിനറ്റ് മിഷൻെറ നിർദ്ദേശങ്ങൾക്കും മാറും വിധേയമായ തീരുമാനം ചെയ്യുകയെ ഒരു പരിതഃസ്ഥിതിയാണുണ്ടായിരുന്നുള്ളൂ.

MR. K. A. MATHEW: അപ്പോൾ ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയിൽ ഒരു സോവറിൻബോഡിയെന്ന് എങ്ങനെ പറയാൻകഴിയും? ക്യാബിനറ്റ് മിഷൻെറ നിർബന്ധംകൊണ്ടായിരുന്ന അവർ അഡൈസറിക്കമ്മിറ്റി ഏർപ്പെടുത്തിയതെന്നാണ് മെംബർ പറയുന്നത്.

MR. A. P. UDAYABHANU: റൂൾസ് ഉണ്ടാകുന്ന അവസരത്തിൽ സോവറിൻബോഡിയായിരുന്നില്ല. മൗലികാവകാശപ്രഖ്യാപനം കരട് രേഖാഘടനയിലാണ്. അതു മാറാം എന്നൊരാക്ഷേപം ഉണ്ട്. എന്തായാലും ഇൻഡ്യയ്ക്ക് ഒരു ഭരണഘടനയുണ്ടാകും. ഈ അടുത്ത ജൂൺ മാസത്തിൽ ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളി അതു അംഗീ

LIBRARY ARCHIVES Kerala Legislative Assembly

കരിക്കുമെന്ന് ഡാക്ടർ രാജേന്ദ്രപ്രസാദ് പറഞ്ഞതു് ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. മതലികാവകാശപ്രഖ്യാപനം ഇല്ലാതെ ഇൻഡ്യക്ക് ഭരണഘടന ഉണ്ടാകുവാൻപോകുന്നില്ല. മൈസൂർ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ളി ചെയ്തതുപോലെ ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയിലുള്ള ലക്ഷ്യപ്രഖ്യാപനങ്ങളും അംഗീകരിച്ചുകൊണ്ടു് രാജ്യാഭിവൃദ്ധിക്ക് ഇടം കൊടുക്കത്തക്ക ഒരു തീരുമാനം ഉണ്ടാക്കുകയാണ് വേണ്ടതു്. ഇവിടെയുള്ള അഡൈ്വസറിക്കമ്മറ്റിയെ അവിടെയുള്ളതുപോലെ രൂപീകരിക്കേണ്ടയാവശ്യമില്ല. അങ്ങനെ ഒരു ശൃംഖല നമ്മുടെ കാലുകൾക്ക് ഉണ്ടാക്കേണ്ട ആവശ്യമില്ല.

MR. T. V. DEVAN (*Kottayam IV—Pulaya Reserved*) : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. രൂപം ന.ര ഇതാണ്,

ന.ര. മതലികാവകാശങ്ങളും ന്യൂനപക്ഷങ്ങളുടെ രക്ഷയുടെ രക്ഷാവ്യവസ്ഥകളും സംബന്ധിച്ചുള്ള നിശ്ചയങ്ങൾ അവതരിപ്പിക്കുകയും പരിഗണിക്കുകയും ചെയ്ത പ്രതിനിധിസമിതിക്കു റിപ്പോർട്ടു സമർപ്പിക്കാനായി ഒരു ഉപദേശകക്കമ്മറ്റി ഉണ്ടാക്കേണ്ടതും, ആ റിപ്പോർട്ടിന്മേൽ പ്രതിനിധിസമിതി ചെയ്യുന്ന തീരുമാനം, ഭരണഘടനയിൽ ഉചിതമായ ഭാഗത്തു സംയോജിപ്പിക്കേണ്ടതുമാണു.

ഈ വകുപ്പിനും ഇവിടെ ചില മെമ്പറന്മാർ ഭേദഗതികൾ അയച്ചിട്ടുണ്ടു്. അത്യാവശ്യമായ കാര്യങ്ങളിൽ ഭേദഗതിആവശ്യമാണു്. തിരുവിതാംകൂറിൽ ന്യൂനപക്ഷം എന്നു പറയുന്ന വിഭാഗത്തിൽ അധികം ആളുകൾ ഉണ്ടു്. അവരുടെ സംരക്ഷണത്തിനു സാരമായ എന്തെങ്കിലും വ്യവസ്ഥകൾ ചെയ്യേണ്ടതാണു്. അങ്ങനെയുള്ള ന്യൂനപക്ഷങ്ങളിൽനിന്നുമാണു് ഏതാനും ചില മെമ്പറന്മാർ ഇവിടെ വന്നിട്ടുള്ളതു്. ഇങ്ങനെ ഒരു കമ്മറ്റിയുണ്ടെങ്കിൽ ആ കമ്മറ്റിമുഖേന ഒരു റിപ്പോർട്ടു അവർക്കുവേണ്ടി ഉണ്ടാക്കുന്നതു ഏറ്റവും നന്നായിരിക്കും. ഇൻഡ്യൻ പ്രതിനിധിസഭയിൽ ഇങ്ങനെ ഒരു കമ്മറ്റിയുണ്ടു് എന്നു, ബഹുമാനപ്പെട്ട മെമ്പർ മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. എന്നാൽ ഇവിടെ അങ്ങനെ ഒരു കമ്മറ്റി ആവശ്യമില്ല എന്നു പറയുന്നതു ഏറ്റവും സങ്കടകരമാണു്. ഇതു് ഒരു നാട്ടുരാജ്യമാണെന്നും ഇതു് ഇവിടത്തെ ജനപ്രതിനിധികൾ ഉൾക്കൊണ്ട ഒരു സഭയാണെന്നുമുള്ളതു ശരിതന്നെ. ഇൻഡ്യൻ ജനപ്രതിനിധിസഭ ഉണ്ടാകുമുമ്പു് അവിടെയുള്ള നാട്ടുരാജ്യങ്ങളിൽ ര ൦ വർഷത്തോളം കാലം മഹാത്മാഗാന്ധി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. V. Devan]

യുടെ നേതൃത്വത്തിൽ കുടിയാക്കം പ്രൊപ്പർണവോ നടത്തുകയും, അവിടത്തെ ഹരിജനസേവാസംഘം മുഖേന കുറേയായ പല പ്രവർത്തനങ്ങളും അവരുടെ അവശതകളും പരിഹരിക്കാൻ ചെയ്തിട്ടുണ്ടെന്നുള്ളതും അറിയാമായിരുന്നിട്ടും, ഇവിടെ ഒരു കമ്മിറ്റി ന്യൂനപക്ഷങ്ങളുടെ താൽപര്യ സംരക്ഷണത്തിനു അവശ്യമായ ഒരു കമ്മിറ്റി, ഉണ്ടാക്കണമെന്നതിനു ബഹുമാനപ്പെട്ട മെമ്പർ എതിർക്കുന്നതു ശരിയല്ല. ഇവിടെയും ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി ഇങ്ങനെ ഒരു കമ്മറ്റി ആവശ്യമുണ്ട്. ധാരാളം അവശസമുദായക്കാർ നമ്മുടെ രാജ്യത്തുണ്ട്. ധനംകൊണ്ടും ഉദ്യോഗകാര്യങ്ങളിലും അവർക്കു വളരെ അവശതകളുണ്ട്. മേൽസമുദായങ്ങളെ അപേക്ഷിച്ചു അവരുടെ നില ഇനിയും വളരെ വളരെ മാറേണ്ടതായിരിക്കുന്നു. സമ്പന്നന്മാരുടെ സുഖസൗകര്യങ്ങൾക്കു വേണ്ടി പകലും രാത്രിയും കഷ്ടപ്പെട്ടു വേലചെയ്യുകയും മുന്നാഴ്ച നെല്ലോ, രാച്ചക്രമോ കൂലി കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെട്ടു ജീവിക്കുകയും ചെയ്യുന്ന അവരുടെ നില ഒന്നു മാറാതെ രാജ്യം നന്നാകുകയില്ല. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഏർപ്പെടുത്തിയിരിക്കുന്ന ഇക്കാലത്തും, വിദ്യാഭ്യാസത്തിനുവേണ്ടിയാണു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്നറിയാൻ പാടില്ലാത്തവരും ഉണ്ടു. അതിനാൽ ഇങ്ങനെയുള്ള കമ്മറ്റികൊണ്ടു ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങൾക്കു പ്രയോജനമുണ്ടാകുമെന്നും, ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിരാകരിച്ചു ഈ രൂപം പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. THARIATHU KUNJITHOMMAN: സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. മരുമികാവകാശസ്ഥാപനത്തിനുവേണ്ടി ഇങ്ങനെയുള്ള കമ്മറിക്കും ആവശ്യമാണ്. ഇൻഡ്യൻ കാൺസ്റ്റാസംബ്ലിയിൽ വേണ്ട നിയമങ്ങളും ഉണ്ടാക്കാൻ അവർ പരിശ്രമിക്കുന്നുണ്ട്. മരുമികാവകാശസംരക്ഷണം, ന്യൂനപക്ഷതാൽപര്യം, മുതലായവ എല്ലാം, അവിടെയുള്ള കമ്മിറ്റി എഴുതി ഉണ്ടാക്കുന്നതു അതേപടി ഇവിടെ സ്വീകരിക്കുന്നാണു ഭാവമെങ്കിൽ, നമ്മുടെ കാൺ അസംബ്ലിതന്നെ വേണ്ടെന്നു വയ്ക്കുകയാണു നല്ലതു. ഇവിടത്തെ സാഹചര്യങ്ങളും അടിസ്ഥാനപ്പെടുത്തിയാണു നാം ഭരണഘടന രൂപീകരിക്കേണ്ടതു. മരുമികാവകാശത്തെയും, ന്യൂനപക്ഷ താൽപര്യത്തെയും പരിഗണിച്ചു ചർച്ചചെയ്തു റിപ്പോർട്ടു സമർപ്പിക്കാൻ ഒരു സെലക്ട്കമ്മറിയും, സബ് കമ്മറിയും ഇവിടെ ആവശ്യമാണ്. സമുദായസൗഹാർദ്ദം നമുക്കു സമാധാനത്തിനും, രാജ്യക്ഷേമത്തിനും അത്യാവശ്യമായിരിക്കുമ്പോൾ മരുമികാവ

LIBRARY ARCHIVES Kerala Legislative Assembly

കാശവും, ന്യൂനപക്ഷ താൽപര്യവും സംരക്ഷിക്കാൻ വേണ്ടി ഈ സബ് കമ്മിറ്റി ആവശ്യമാണെന്നും, ഈ വകുപ്പു എടുത്തുകളയുന്നതു് രാജ്യ താൽപര്യത്തിനു ഹാനികരമാണെന്നുമാണ് എന്റെ അഭിപ്രായം. ഇൻഡ്യൻ കാൺ അസംബ്ലിയിലെ തിരുമാനങ്ങൾക്കു വിധേയമായി മാത്രം ഇവിടത്തെ എല്ലാ കാര്യങ്ങളും തുടർന്നു കൊണ്ടുപോകുക ചില സംഗതികളിൽ തടസ്സവും കുഴപ്പവുമുണ്ടാക്കും, അതിനാൽ ഇങ്ങനെയുള്ള നമ്മുടെ പരിതഃസ്ഥിതികൾ അനുസരിച്ചു പ്രത്യേക നിയമങ്ങൾ നടപ്പിൽ വരുത്താൻ, അവ അംഗീകരിക്കപ്പെടാൻ ഇൻഡ്യൻ കാൺസിൽ അസംബ്ലിയിൽ പോകുന്ന നമ്മുടെ പ്രതിനിധികൾ വേണ്ട നിർദ്ദേശങ്ങൾ നൽകികൊള്ളുമെന്നു നമുക്കു സമാധാനിക്കാം. ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. കമ്മിറ്റി ആവശ്യമാണെന്നു വീണ്ടും അഭിപ്രായപ്പെടുന്നു.

MR. P. K. KRISHNAN SASTRI *(Minachel II--Pulaya Reserved)* :

ബഹുമാനപ്പെട്ട മെംബർ, മി. കെ. പി നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു. ദീർഘകാലമായി നാം ആഗ്രഹിച്ചിരുന്ന ജനകീയ ഭരണം നമുക്കു ലഭിച്ചിരിക്കുന്നു. ഇന്നു് ഈ രാജ്യം ജനങ്ങളുടേതാണു്. ഗവണ്മെൻറിന്റെ വിജയം ജനങ്ങളുടെ വിജയമാണു്. ഗവണ്മെൻറിന്റെ ധർമ്മം ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയാണു്. ഒരു മതക്കാരനും അവശതകൾ ഉണ്ടായിരിക്കാൻ പാടില്ല. എല്ലാ സമുദായങ്ങളുടേയും കാര്യങ്ങൾ സംരക്ഷിക്കേണ്ടതു ഗവണ്മെൻറിന്റെ കടമയാണു്. അങ്ങനെയാണു് ഈ ജനകീയ ഗവണ്മെൻറു ഭാരതത്തിനു മാതൃകയാകേണ്ടതു്. സാമുദായിക വാദത്തിനല്ല ഞാൻ നിലകൊള്ളുന്നതു് എന്നാൽ സാമുദായിക വാദം എങ്ങനെ ഉണ്ടായി എന്നു നാം ചിന്തിക്കണം. ഒരു സമുദായവും അവശതകളുള്ളതായി കാണാതെയിരിക്കുവാൻ ഒരു നിലയുണ്ടായാൽ ഈ വിധത്തിലുള്ള വാദഗതികൾ സ്വയം അവസാനിച്ചുകൊള്ളും ഇന്നു് അവശത പരിഹരിക്കപ്പെട്ട ഒരു സമുദായമെങ്കിലും ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. പല സമുദായങ്ങൾക്കും അവശതകൾ പലതാണു്. അവ പരിഹരിക്കാനാണു ഇൻഡ്യൻ കാൺ അസംബ്ലിയിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നതു്. ഇൻഡ്യൻ ഭരണഘടനാസമിതി അംഗീകരിച്ചിരുന്ന സൗത്ത്ബറോ കമ്മറ്റി സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ ഇൻഡ്യയിലുള്ള വിവിധസമുദായങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ട വ്യവസ്ഥകളുണ്ടു്. അതുപോലെ ഈ രാജ്യത്തു അവശതകൾ അനുഭവിക്കുന്ന സമുദായങ്ങളുടെ സ്ഥിതിഗതികൾ മനസ്സിലാക്കി, പഠിച്ചു അതിനെപ്പറ്റി ചർച്ചചെയ്തു തീരുമാനം ഉണ്ടാക്കേണ്ടതു് ജനങ്ങളുടെ അഭിവൃദ്ധിക്കു് അത്യന്താപേക്ഷിതാണു്. ഈ പ്രതിനിധിസഭതന്നെ ആ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം പര്യാലോചിച്ചു തീരുമാനിക്കുന്നതിനേക്കാൾ, ഏതാണ്ടം പേക്കു ണ്ടു മുമ്പതല കൊടുക്കുന്നതായിരിക്കും സുഗമമായ മാർഗ്ഗം എന്നാണ് എനിക്കു തോന്നുന്നതു. അഡൈവസറിക്കമ്മറി ആവശ്യമാണെന്നുള്ള ഈ നിയമഞ്ഞിന് യാതൊരു ഭേദഗതിയുടേയും ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം ഇന്നലെ ഇവിടെ ഇൻഡ്യൻ കാൺഅസംബ്ലിയിലെ അഡൈവസറികമ്മറിയെപ്പറ്റി പറഞ്ഞു. അതു ഇൻഡ്യയിലെ ൪൦ കോടി ജനങ്ങളുടെ ന്യൂനതകളം പരിഹരിക്കാൻ വേണ്ടിയുള്ളതാണു അതു പോലെതന്നെ തിരുവിതാംകൂറിലെ ൨൫ ലക്ഷം ജനങ്ങളെയും സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമുള്ളതാണ് തിരുവിതാംകൂറിലെ കാൺഅസംബ്ലിയും അതിലെ കമ്മറിക്കളും. ജനകീയ ഭരണം വന്നിരിക്കുന്ന ഈ അവസരത്തിൽ ഏതെങ്കിലും സമുദായം അവശത അനുഭവിക്കുന്നതായി ഉണ്ടെന്നും കഷ്ടപ്പെടുന്നുണ്ടെന്നും വരാതിരിക്കുവാനുള്ള ഒരു ഭരണഘടനയാണു നമുക്കു സൃഷ്ടിക്കേണ്ടതു്. അതിനു ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കുവാൻ നമ്മുടെ വിലയേറിയ സമയം വിനിയോഗിക്കേണ്ടതാണ്. മൈസൂർ കാൺഅസംബ്ലിക്കു രാജൻബാബു അയച്ച സന്ദേശത്തിൽ "എല്ലാ സമുദായങ്ങളുടേയും വർഗ്ഗങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു മാതൃകാ ഭരണഘടന മൈസൂർ കാൺഅസംബ്ലി നിർമ്മിക്കപ്പെടുമെന്നു വിശ്വസിക്കുന്നു" എന്നു പറഞ്ഞതു കാണുന്നു. അങ്ങനെ നോക്കുമ്പോൾ ഇൻഡ്യൻ ഭരണഘടനാനേതാക്കന്മാർ തന്നെ നാട്ടുരാജാക്കന്മാരോടും, ജനങ്ങളോടും, ഉപദേശിക്കുന്നതു വിവിധവർഗ്ഗങ്ങളുടെ അവശതാപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ കണ്ടുപിടിച്ചു പരിഹരിക്കണം എന്നു വ്യക്തമാണല്ലോ. അതിനാൽ ഇവിടെ അവശത അനുഭവിക്കുന്ന സമുദായങ്ങളുടെ താൽപര്യത്തിനുവേണ്ടി ഒരു അഡൈവസറിക്കമ്മറി ഉണ്ടാക്കേണ്ടതു ഏറ്റവും ആവശ്യമായ കാര്യമാണ്. ന്യൂനപക്ഷങ്ങളുടെ അവശതാപരിഹാരത്തെ പരിഗണിച്ചു ബഹുമാനപ്പെട്ട മെംബറന്മാർ എല്ലാം സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി ഭേദഗതിയെ എതിർക്കുകയും അഡൈവസറിക്കമ്മറി വേണമെന്നുള്ള നിയമം പാസ്സാക്കാൻ അനുക്രമിക്കുകയും ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. PRESIDENT : ഭേദഗതിയെപ്പറ്റിയുള്ള അഭിപ്രായം നിരുത്തിവച്ചിട്ടു് വേറൊരു കാര്യം പറയണമെന്നു വിചാരിക്കുന്നു. കഴിഞ്ഞതി

LIBRARY ARCHIVES Kerala Legislative Assembly

മാർച്ച് ൨൪-ാംനു- ഈ സഭയിൽ പാസ്സാക്കിയ പ്രമേയത്തിൽ, ഈ സഭയിലെ അംഗങ്ങളുടെ അലവൻസു, തുടങ്ങിയവ നിശ്ചയിക്കാൻ പ്രസിഡൻറിനെ അധികാരപ്പെടുത്തിയതനുസരിച്ചു തൽക്കാലം ഈ സഭ സ്ഥിരമായ ഒരു തീരുമാനം ചെയ്യുന്നതുവരെ, മെംബറന്മാർക്കു യാത്ര ചെയ്യുന്നതിനു തീവണ്ടിയില്ലാത്ത സ്ഥലങ്ങളിൽ മൈലൊന്നിനു ൟ൪ ചക്രവും, തീവണ്ടിയുള്ള സ്ഥലത്തു ഡബിൾ ഫസ്റ്റ്ക്ലാസും, ദിവസമൊന്നിനു വ്യാപാവീതം അലവൻസും കിട്ടുന്നതാണ്.

ഈ സഭ ഇപ്പോൾ പിരിയുന്നതും, ഏപ്രിൽ ൟ൨-ാംനു- ബുധനാഴ്ച രാവിലെ ൧൦ മണിക്കു വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5 p. m.

V. KRISHNAMOORTHI AYIAR,

Secretary to the Representative Body.

LIBRARY ARCHIVES Kerala Legislative Assembly